# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 28, വെള്ളി

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്
**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

425/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**നിയമനിർമ്മാണകാര്യം**

2019-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ..1

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

*2019 ജൂൺ 28, വെള്ളി*

വാല്യം 176] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 2019 ജൂൺ മാസം 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ധനകാര്യം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പീരുമേട് ജയിലിൽ റിമാന്റിലിരിക്കെ മരിച്ച രാജ്കുമാർ പോലീസ് കസ്റ്റഡിയിൽ ക്രൂരമായ മർദ്ദനത്തിനിടയായിയെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട് വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനുള്ള നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. വളരെ ഗുരുതരമായ പരുക്കുകളോടെ വാരിയെല്ല് തകർന്നാണ് മരിച്ചതെന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ടിലുള്ളത്. ഇന്ന് കുറ്റപത്രം കൊടുക്കുമെന്നാണ് പറഞ്ഞത്. മരണത്തിന് ഉത്തരവാദികളായ പോലീസുകാരുടെ പേരിൽ കൊലക്കുറ്റത്തിന് കേസ്സെടുക്കണം. എല്ലാ മാധ്യമങ്ങളിലും ഈ വാർത്ത വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആരെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അവർ രക്ഷപ്പെടുന്ന നിലപാട് ഉണ്ടാകില്ലെന്നും ഗൗരവമായ നടപടികളുണ്ടാകുമെന്നും ഞാൻ നേരത്തെതന്നെ വ്യക്തമാക്കിയതാണ്.

## നിയമനിർമ്മാണകാര്യം

### 2019-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെയും ആഭ്യന്തരകാര്യങ്ങൾ

സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, 2019-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-7-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങേയ്ക്ക് 2019-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2019-ലെ കേരള ധനകാര്യ ബിൽ 21-12-2019 വരെ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്. ചർച്ച വളരെ കൃത്യമായി പോയാൽ മാത്രമേ 12.30-ന് അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ. പതിനാല് അംഗങ്ങളാണ് സംസാരിക്കാനുള്ളത്. ആരും സമയം അധികമെടുക്കാതെ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ പുനഃസൃഷ്ടിയിലൂടെ ഒരു നവകേരളം; അതാണ് ഈ ഗവൺമെന്റ് പ്രധാനമായും ലക്ഷ്യമിടുന്നത്. ധനകാര്യ വകുപ്പുമന്ത്രിയുടെ വാക്കുകൾ കടമെടുക്കുകയാണെങ്കിൽ, ബഡ്ജറ്റിൽ ലഭിക്കുന്ന പണം ശമ്പളത്തിനും നിത്യനിദാനച്ചെലവുകൾക്കുമാണ് സാധാരണരീതിയിൽ ചെലവിടുന്നത്. പിന്നീട് നമുക്ക് അധിക വരുമാനം ലഭിക്കുന്നില്ല. എന്നാൽ നല്ല വ്യവസായം, തൊഴിൽ, നല്ല റോഡുകൾ, പാലങ്ങൾ എന്നിവയും പൊതുവായി ഉണ്ടാകണം. അങ്ങനെ ബഡ്ജറ്റിന് പുറത്തുള്ള ആവശ്യങ്ങൾ നിറവേറ്റുകയെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കിഫ്ബി എന്ന മഹാപ്രസ്ഥാനത്തിന് സർക്കാർ രൂപം കൊടുത്തത്. ആദ്യമൊക്കെ കിഫ്ബിയെ സംബന്ധിച്ച് വലിയ വിമർശനങ്ങൾ സഭയിൽ പ്രതിപക്ഷം കൊണ്ടുവന്നു. പക്ഷെ, ഇന്ന് കേരളത്തിലെ മുഴുവൻ ജനങ്ങളും കിഫ്ബിയിലൂടെ കടന്നുവരുന്ന വികസന പ്രവർത്തനങ്ങളെ രണ്ട് കയ്യും നീട്ടി സ്വീകരിക്കുകയാണ് ചെയ്യുന്നത്. അതൊരു വലിയ മാറ്റമാണ്. മൂന്ന് വർഷക്കാലംകൊണ്ട് 43,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ

കേരളത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞുവെന്നുള്ളത് ചെറിയ കാര്യമല്ല. ബഡ്ജറ്റിനുപുറമേ 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചത്. ആ 50,000 കോടി രൂപ എങ്ങനെ കണ്ടെത്തും? ഇത് ഞങ്ങളുടെ ബാധ്യതയാണെന്നും നമ്മുടെ തലയിൽ വരുമെന്നുമെല്ലാം ആദ്യഘട്ടങ്ങളിൽ പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ സംസാരിച്ചെങ്കിലും ഇപ്പോൾ ഇതിന്റെ തിരിച്ചടവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് കിഫ്ബി മുന്നോട്ട് പോകുമ്പോൾ ആ സംശയങ്ങളും പ്രതിപക്ഷത്തിന് മാറുകയാണ്. മസാല ബോണ്ടിനെപ്പറ്റി പറഞ്ഞപ്പോൾ, അത് മസാല ചലച്ചിത്രം എന്നതുപോലെയാണ് ചില ആളുകൾ കണ്ടത്. പക്ഷെ, മസാല ബോണ്ട് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട രാജ്യങ്ങളുൾപ്പെടെ സ്വീകരിക്കുന്ന ധനസ്രോതസ്സാണെന്ന തിരിച്ചറിവ് പിന്നീടാണുണ്ടായത്. ഒരു നവകേരള സൃഷ്ടിക്കുവേണ്ടി നമ്മൾ മുന്നോട്ടു പോകുമ്പോഴാണ് മഹാപ്രളയം നമ്മളെ ഗ്രസിച്ചത്. പക്ഷെ നമ്മൾ അതെല്ലാം അതിജീവിക്കുകയാണ്. 31,000 കോടി രൂപയുടെ നഷ്ടമുണ്ടെന്ന് ഐക്യരാഷ്ട്രസഭതന്നെ കണ്ടെത്തിയ ഈ മഹാപ്രളയത്തിൽ ഏതാണ്ട് 15,000 കോടി രൂപയുടെ വരുമാനനഷ്ടം കേരളത്തിനുണ്ടായി. പക്ഷേ നമ്മൾ പകച്ചുനിന്നില്ല. ആദ്യഘട്ടങ്ങളിലൊക്കെ പ്രതിപക്ഷം നല്ല പിന്തുണ നൽകി. പക്ഷേ, രണ്ടാംഘട്ടത്തിൽ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ പ്രളയക്കെടുതികളെ അതിജീവിക്കുന്ന എന്ന ഘട്ടംവന്നു. ലോകത്താകമാനമുള്ള മലയാളികൾ നമ്മളെ സഹായിക്കാൻ മുന്നോട്ടുവന്നു. അങ്ങനെ സഹായിക്കാൻ മുന്നോട്ടുവന്ന ഘട്ടത്തിലാണ് പ്രളയത്തെക്കുറിച്ചുള്ള വിവാദങ്ങളുണ്ടാക്കിയത്. ശാസ്ത്രജ്ഞന്മാരുടെ സമിതിയാണ് ജലകമ്മീഷൻ. മെറ്ററോളജിക്കൽ രംഗത്ത് ഏറ്റവും വലിയ സംഭാവനകൾ നൽകിയ ചെന്നൈ ഐ.ഐ.റ്റി.-യിലെ ശാസ്ത്രജ്ഞന്മാർ പ്രളയത്തിന്റെ കാരണങ്ങൾ സംബന്ധിച്ച് കണ്ടെത്തിയ നിഗമനത്തെ അംഗീകരിക്കാതെ രാഷ്ട്രീയക്കാരും ചില മാധ്യമ സുഹൃത്തുക്കളും ചേർന്ന് Man-Made Disaster ആണെന്ന തരത്തിൽ പറഞ്ഞ് വലിയൊരു വിവാദത്തിലേയ്ക്ക് കേരളത്തെ കൊണ്ടുപോകാനാണ് ശ്രമിച്ചത്. എന്തിനായിരുന്നു വിവാദം? മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിലേയ്ക്കുള്ള ധനശേഖരണം പരാജയപ്പെടണം. സാലറി ചലഞ്ചിന്റെ ആദ്യഘട്ടത്തിൽ ജീവനക്കാരെല്ലാം അതിൽ പങ്കെടുക്കാനും സാലറി കൊടുക്കാനും സന്നദ്ധരായിരുന്നു. പക്ഷെ, ജീവനക്കാരുടെയിടയിൽ ആശങ്കയുണ്ടാക്കി സാലറി ചലഞ്ചിനെ വലിയൊരു ദുർഭൂതം വരുന്നുവെന്ന രൂപത്തിലാണ് അവതരിപ്പിച്ചത്. അതുകൊണ്ട് പണത്തിന്റെ കാര്യത്തിൽ കുറച്ച് കുറവുണ്ടായി. വിവാദങ്ങൾക്കിടയിൽ ലോകമെങ്ങുമുള്ള മലയാളികൾ സഹകരിച്ചെങ്കിലും കുറെപ്പേർ വിട്ടുനിന്നു. കേന്ദ്രം

ഭരിക്കുന്ന ബി.ജെ.പി. സർക്കാരും അതിനോടൊപ്പം ചേരുകയായിരുന്നു. വിദേശ രാജ്യങ്ങളിലുള്ള മലയാളികളെ കണ്ട് ധനസഹായം അഭ്യർത്ഥിക്കുന്നതിനായി പോകാൻ നമ്മുടെ മന്ത്രിമാർക്ക് കേന്ദ്ര ഗവൺമെന്റ് അനുമതി നിഷേധിക്കുകയാണ് ചെയ്തത്. നമ്മുടെ വായ്പാപരിധി കൂട്ടിയില്ലെന്ന് മാത്രമല്ല, ട്രഷറി സേവിംഗ്സിലേയ്ക്ക് വരുന്ന പണമെല്ലാം കണക്കുകൂട്ടണമെന്ന് വാശിപിടിക്കുകയും ചെയ്തു. നമുക്ക് മിനിമം 5,000 കോടി രൂപ തരേണ്ടതാണ്. അതുപോലും തരാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായില്ല. അങ്ങനെയുള്ള കേന്ദ്ര ഗവൺമെന്റിനോടൊപ്പം പ്രതിപക്ഷം നിൽക്കുകയാണുണ്ടായത്. പ്രളയം ബാധിച്ചത് കമ്മ്യൂണിസ്റ്റുകാരെയോ കോൺഗ്രസുകാരെയോ ബി.ജെ.പി.-ക്കാരെയോ ആണോ? പ്രളയം നമ്മുടെ സഹോദരീ-സഹോദരന്മാരെയും കുടുംബങ്ങളേയുമാണ് ബാധിച്ചത്. അണക്കെട്ടുള്ള നദികളിലും അണക്കെട്ടില്ലാത്ത നദികളിലും ഒരുപോലെയാണ് വെള്ളമുയർന്നത്. കാരണം, 1924-നുശേഷം കേരളം കണ്ട ഏറ്റവും തീവ്രമായ മഴയാണ് ഇവിടെയുണ്ടായത്. കണക്കുകൾ വ്യക്തമല്ലെങ്കിലും അമ്പതിനായിരത്തിലധികം ആളുകൾ ഒഴുകിപ്പോയെന്നാണ് കരുതപ്പെടുന്നത്. ഈ പ്രളയത്തിൽ 453 പേർ മരിച്ചെങ്കിലും അവരിൽ കൂടുതൽപ്പേരും മരിച്ചത് മലയിടിച്ചിലും ഉരുൾപൊട്ടലുംമൂലമാണ്. ഏതാണ്ട് മൂന്ന് ലക്ഷത്തോളം വീടുകൾക്ക് ഭാഗികമായി നഷ്ടപരിഹാരം കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. 15,000-ത്തോളം വീടുകളിൽ 467 വീടുകളൊഴികെ ബാക്കി എല്ലാ വീടുകളും പുനർസൃഷ്ടിക്കാനുള്ള ആദ്യഗഡുവും രണ്ടാം ഗഡുവും നൽകി. അതിൽ 4000-ത്തോളം വീടുകൾ പൂർത്തിയായിരിക്കുന്നു. മിന്നൽവേഗത്തിലാണ് എല്ലാം നടന്നത്. സുനാമി വന്നപ്പോൾ കേരളം ഭരിച്ചിരുന്നത് ഇന്നത്തെ പ്രതിപക്ഷമായിരുന്നു. അന്ന് സുനാമിയിൽ തകർന്നുവീണ വീടുകൾ പുനർനിർമ്മിക്കാൻ രണ്ട് വർഷക്കാലമെടുത്തു. ആ സ്ഥാനത്ത് 'ഓഖി' ദുരന്തമുണ്ടായപ്പോൾ നമുക്ക് ചെയ്യാൻ കഴിയുന്ന എല്ലാ സഹായങ്ങളും ഉടനടി അവർക്ക് നൽകുകയാണുണ്ടായത്. മഹാപ്രളയത്തിൽ തകർന്ന കേരളത്തെ പുനരുദ്ധരിക്കാൻ വേണ്ടിയുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് നീങ്ങുമ്പോൾ ഉത്തരവാദപ്പെട്ട പ്രതിപക്ഷത്തിന്റെ റോൾ എന്താണ്? റീബിൽഡ് കേരളയുടെ ഓഫീസിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് വാടക നൽകുന്നുവെന്നുള്ള പ്രചരണം നടത്തിയത് എന്ത് ദുരുദ്ദേശ്യത്തോടുകൂടിയാണ്? ദൗർഭാഗ്യവശാൽ, ചില മാധ്യമങ്ങളും അതേറ്റെടുത്തു. ഞാനുൾപ്പെടെ പങ്കെടുത്ത ഒരു ചർച്ചയിൽ എത്ര രൂക്ഷമായ വിമർശനമാണുണ്ടായത്; മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും നയാപൈസപോലും എടുക്കാനുദ്ദേശിക്കുന്നില്ലെന്ന് മുഖ്യമന്ത്രിതന്നെ പറഞ്ഞു; അതാണ് ഈ ഗവൺമെന്റ്. നവകേരളം എന്നുപറയുമ്പോൾ പ്രളയ ദുരിതാശ്വാസം മാത്രമല്ല. പക്ഷെ മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസ ഫണ്ടിൽനിന്നും പണമെടുക്കുന്നുവെന്ന് എന്തിനുവേണ്ടിയാണ് നിങ്ങൾ മുഴുവൻ മലയാളികളെയും ഇൻഡ്യാരാജ്യത്തെയും തെറ്റിദ്ധരിപ്പിച്ചത്? നിങ്ങൾ ആദ്യഘട്ടത്തിൽ സഹകരിക്കുകയും എം.പി.-മാരും എം.എൽ.എ.-മാരും പണം നൽകുകയും ചെയ്തിട്ട് പിന്നീട് നിങ്ങൾ കുതികാൽ വെട്ടുകയായിരുന്നില്ലേ; ഈ കേരളം നിങ്ങൾക്ക് മാപ്പു തരുമോ? എല്ലാ കാലഘട്ടങ്ങളിലും നിങ്ങൾ കുതികാൽവെട്ടിന്റെയും ചതിയുടെയും നേതാക്കന്മാരാണ്. വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ച്, ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് പ്രോജക്ട് സമർപ്പിച്ചപ്പോൾ നിങ്ങളെന്താണ് ചെയ്തത്; അത് ചൈനീസ് ബന്ധമുള്ള കമ്പനിയായതുകൊണ്ട് അംഗീകാരം നൽകരുതെന്ന് കേന്ദ്രത്തെ അറിയിച്ചു. പിന്നീട് ശ്രീ. ഉമ്മൻ ചാണ്ടി അധികാരത്തിൽ വന്നപ്പോൾ നിങ്ങളുടെ കേന്ദ്രബന്ധത്തെ ഉപയോഗിച്ചുകൊണ്ട് അംഗീകാരം വാങ്ങിയിട്ട് വിഴിഞ്ഞം ഞങ്ങളുടെ സന്തതിയാണെന്ന് പറയുകയാണ്. എങ്ങനെയാണ് നിങ്ങളുടെ സന്തതിയാകുന്നത്? ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ മെട്രോയ്ക്ക് രണ്ട് തവണ ബഡ്ജറ്റിൽ പണം നീക്കിവച്ചില്ലേ; കേന്ദ്ര അംഗീകാരം വരുന്നതിനുമുമ്പ് മെട്രോയ്ക്കുവേണ്ടി അവിടത്തെ നോർത്ത് മേൽപ്പാലം പൊളിച്ചുപണിതു. 150 കോടി രൂപയല്ലേ ബഡ്ജറ്റിൽ മാറ്റിവച്ചത്? ആ മെട്രോയുടെ അംഗീകാരത്തിന് കേന്ദ്രത്തിന് സമർപ്പിച്ചപ്പോൾ നിങ്ങളെന്താണ് ചെയ്തത്; കേരളത്തിലെ ഒരു എം.പി.-യെയും ഏഴെട്ട് മന്ത്രിമാരെയും ഉപയോഗിച്ച് നിങ്ങൾ മെട്രോയുടെ ഫയൽ മാറ്റിവച്ച് കേരളത്തിന്റെ വികസനത്തെ അട്ടിമറിച്ചു. എന്നിട്ട് നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ മെട്രോയ്ക്ക് അംഗീകാരം നൽകിയിട്ട് പറയുകയാണ് 'ഞങ്ങളുടെ സന്തതിയാണെന്ന്'. കേരളത്തിന്റെ വികസനത്തിൽ നിങ്ങൾക്കെന്താണ് റോൾ; കേരളം രൂപപ്പെട്ടതിനുശേഷം പ്രതിപക്ഷത്തിന് കേരളത്തിന്റെ വികസന പന്ഥാവിൽ റോളുകളില്ല. ഇപ്പോൾ കണ്ണൂർ എയർപോർട്ട് 'നിങ്ങളുടെ സന്തതിയാണെന്ന്' പറയുന്നു. 1996-ൽ സഖാവ് ഇ. കെ. നായനാർ അതിന്റെ സ്ഥലമെടുപ്പിനുവേണ്ടി കേന്ദ്രത്തിൽ എന്തുമാത്രം സമ്മർദ്ദമാണ് നടത്തിയിട്ടുള്ളത്. നിങ്ങൾ ഏറ്റവുമൊടുവിൽ തെരഞ്ഞെടുപ്പ് വന്നപ്പോൾ 200 മീറ്റർ റൺവേ ഉണ്ടാക്കി അവിടെയൊരു കളിപ്പാട്ടമിറക്കിയിട്ട് കണ്ണൂർ എയർപോർട്ട് ഉദ്ഘാടനം ചെയ്തുവെന്ന് പറഞ്ഞു. എത്രയോ ട്രോളുകളാണ് കേരളത്തിൽ വന്നത്; കേരളത്തിന്റെ വികസനത്തെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് എന്ത് റോളാണുള്ളത്? ടെക്നോപാർക്കിൽ നിങ്ങൾക്ക് റോളില്ല; ടെക്നോപാർക്ക് അന്ന് ഇ.കെ നായനാരും ശ്രീമതി കെ. ആർ. ഗൗരിയമ്മയും ചേർന്ന് നേതൃത്വം കൊടുത്ത ഇടതുപക്ഷമുന്നണി ഗവൺമെന്റ് കൊണ്ടുവന്നതല്ലേ? അതുപോലെ ഇൻഫോ പാർക്ക്, കൊച്ചിൻ എക്സ്പോർട്ട് പ്രോസെസ്സിംഗ് സോൺ എന്നിവയൊക്കെ

സ്ഥാപിച്ചതിൽ എവിടെയാണ് നിങ്ങളുടെ റോൾ? കേരളത്തെ സംബന്ധിച്ചിടത്തോളം 50,000 ചതുരശ്രഅടിയിൽ പ്രവർത്തിച്ചിരുന്ന ഐ.ടി. മേഖല ഇന്ന് ഒരു കോടി ചതുരശ്രഅടിയിലേയ്ക്ക് മാറുമ്പോൾ 52,000 ചെറുകിട വ്യവസായങ്ങൾ ഈ മൂന്ന് വർഷത്തിനകം കേരളത്തിൽ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. കേരളം മാറുകയാണ്. ഒരു പുതിയ വ്യവസായ അന്തരീക്ഷം കേരളത്തിലുണ്ടായിരിക്കുന്നു. അതൊരു ചെറിയ കാര്യമല്ല. അത് നമ്മൾ അംഗീകരിക്കേണ്ട കാര്യമാണ്. നല്ലതിനെ നല്ലതെന്ന് പറയുമെന്ന് നിങ്ങൾ ആദ്യം പറഞ്ഞുവെങ്കിലും പിന്നീട് നിങ്ങൾ മാറി. ഇതൊക്കെ പോസിറ്റീവായി കാണാൻ നിങ്ങൾക്ക് കഴിയുമോ? യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് കോച്ച് ഫാക്ടറി ആരംഭിക്കാൻ നമ്മൾ സ്ഥലമെടുത്ത് നൽകിയിട്ടും അനുവദിക്കാതെ റായ്ബറേലിയിൽ അനുവദിക്കുകയാണുണ്ടായത്. കേരളത്തോട് നീതി പുലർത്തുന്ന ഒരു പ്രതിപക്ഷമാണെങ്കിൽ, കേരളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി, ഏതാണ്ട് 50 വർഷക്കാലത്തേയ്ക്കുള്ള ദീർഘവീക്ഷണത്തോടുകൂടി ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന കർമ്മ പദ്ധതികളെ നിങ്ങൾ രണ്ടുകൈകളും ഉയർത്തി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എങ്കിൽമാത്രമേ കേരളം നിങ്ങളെ അംഗീകരിക്കുകയുള്ളൂ, അല്ലെങ്കിൽ കേരളം നിങ്ങൾക്ക് മാപ്പുതരില്ലെന്ന് പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, 2019-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. എന്തായാലും സന്തോഷമുണ്ട്, പ്രളയകാലത്ത് ചാനലിലൊക്കെ 'എനിക്കൊരു സഹായവും ലഭിക്കുന്നില്ലേ' എന്നുപറഞ്ഞ് കരഞ്ഞ ഒരംഗത്തെ, പ്രളയത്തെക്കുറിച്ചുള്ള ചർച്ചയിൽ സംസാരിക്കാൻ അവസരം നൽകാത്ത അംഗത്തെക്കൊണ്ട് 2019-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെക്കുറിച്ച് സംസാരിക്കാൻ അനുവദിച്ച സന്മനസ്സിന് ഞാൻ സർക്കാരിനോട് നന്ദി പറയുകയാണ്. ഈ സർക്കാർ പ്രവർത്തനമാരംഭിച്ചിട്ട് ഏകദേശം മൂന്ന് വർഷം കഴിഞ്ഞിരിക്കുന്നു. ഈ സർക്കാർ ചെയ്ത പ്രവർത്തനങ്ങളുടെയൊക്കെ ഒരു അടിസ്ഥാനരേഖയായി നമ്മൾ കാണേണ്ടത് 2016 ജൂൺ മാസത്തിൽ സർക്കാർതന്നെ പുറത്തിറക്കിയ ധവളപത്രമാണ്. ആ ധവളപത്രത്തിന്റെ ആമുഖത്തിൽ ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി പറയുന്നുണ്ട്, 'ഏതൊരു ഗുരുതരമായ പ്രതിസന്ധിയും അത് ബാധിക്കപ്പെടുന്നവരിൽ തീവ്രമായ ആഘാതമേൽപ്പിക്കും. ദുരിതഫലങ്ങൾ ദീർഘകാലം അനുഭവപ്പെടും. ഫലങ്ങൾ പ്രത്യക്ഷവും വേദനാജന കവുമാണെങ്കിലും

മിക്ക പ്രതിസന്ധികളും എളുപ്പത്തിൽ പ്രവചിക്കാവുന്നതല്ല. പ്രതിസന്ധികൾ പലപ്പോഴും ലളിതമായ പരിഹാരമാർഗ്ഗങ്ങളോട് പ്രതികരിച്ചു കാണുന്നുമില്ല'. ഇങ്ങനെ ആമുഖമെഴുതി മൂന്ന് വർഷം കഴിഞ്ഞപ്പോൾ, ഏറ്റവും വലിയ ധനകാര്യ പ്രതിസന്ധിയിൽ കേരളമെത്തിയിരിക്കുന്നത് 2019-ലാണെന്നുള്ള കാര്യം ഞാൻ അടിവരയിട്ട് പറയുകയാണ്. ഇവിടെ എനിക്കുമുമ്പ് പ്രസംഗിച്ച ബഹുമാനപ്പെട്ട അംഗം കിഫ്ബിയെക്കുറിച്ചും മസാല ബോണ്ടിനെക്കുറിച്ചും ധനകാര്യത്തെക്കുറിച്ചും പല കാര്യങ്ങളും പഠിക്കാതെയാണ് പറഞ്ഞത്. ഒരു സർക്കാരിന്റെ ബഡ്ജറ്റിനകത്തുള്ള പ്രവർത്തനങ്ങളുടെ അളവുകോലായി നമ്മൾ കാണുന്നത് ആ സർക്കാരിന്റെ ധനകമ്മിയും റവന്യൂ കമ്മിയും ആകെയുള്ള ഡെബ്റ്റും ആണ്. യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ 2016-ൽ കേരളത്തിന്റെ റവന്യൂ കമ്മി 9657 കോടി രൂപയായിരുന്നു. എഫ്.ആർ.ബി.എം. (ഫിസ്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റ്) ആക്ടനുസരിച്ചുള്ള മൂന്ന് ശതമാനത്തിൽ താഴെയുള്ള, അതായത് 1.73 ശതമാനത്തിലുള്ള റവന്യൂകമ്മി ഉണ്ടായിരുന്നപ്പോഴാണ് 2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിഞ്ഞത്. 2016-17 ആയപ്പോൾ 1.73 ശതമാനമെന്നുള്ളത് ഏകദേശം 50 ശതമാനം വർദ്ധിച്ച് 2.51 ശതമാനമായിരിക്കുകയാണ്. 2017-18-ന്റെ അവസാന കണക്കുകൾ നോക്കുമ്പോൾ 2.46 ശതമാനം, അതായത് ഏകദേശം 16,928 കോടി രൂപയാണ് കേരളത്തിന്റെ റവന്യൂ കമ്മി. 2020 ആകുമ്പോൾ റവന്യൂ കമ്മി ഒരു ശതമാനത്തിലേയ്ക്ക് എത്തിക്കുമെന്ന് നിങ്ങൾ പറയുന്നത് ഒരിക്കലും നടക്കാത്തൊരു കാര്യമാണെന്ന് ഓരോ ആളുകളും മനസ്സിലാക്കണം. അതുപോലെതന്നെ ഫിസ്കൽ ഡെഫിസിറ്റ് നോക്കുമ്പോൾ യു.ഡി.എഫ്. സർക്കാരിന്റെ അവസാനവർഷം 17818 കോടി രൂപ, അതായത് 3.19 ശതമാനമായിരുന്ന ഫിസ്കൽ ഡെഫിസിറ്റ് ഒരൊറ്റ വർഷംകൊണ്ട് 135 ശതമാനം വർദ്ധിച്ച് 4.29 ശതമാനം എന്നുള്ള ഭീകരമായ കണക്കിലാണ് എത്തിയിരിക്കുന്നത്. നിങ്ങൾ പറയുന്നത് 2020 ആകുമ്പോൾ ഫിസ്കൽ ഡെഫിസിറ്റ് മൂന്ന് ശതമാനമാക്കുമെന്നാണ്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കേരളം കണ്ടിട്ടുള്ള ഏറ്റവും വലിയ ധനകമ്മിയാണ്, ഏറ്റവും ഗുരുതരമായ ധനകാര്യ അവസ്ഥയാണ് 2020 ആകുമ്പോൾ കേരളത്തിൽ സംജാതമാകാൻ പോകുന്നത്. കടബാധ്യതയുടെ കാര്യം പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി എപ്പോഴും പറയുന്ന ഒരു കാര്യമുണ്ട്. കടമെടുക്കുന്നത് നല്ലതാണ്; കേരളംപോലുള്ള ഒരു സംസ്ഥാനത്തിന് പൊതുകടം വർദ്ധിക്കുന്നതിൽ തെറ്റില്ല എന്നുള്ള അദ്ദേഹത്തിന്റെ വാദം ഞാനും അംഗീകരിക്കുന്നു. പക്ഷെ, ഇന്ന് നമ്മുടെ നാടിന്റെ കടം കഴിഞ്ഞ മൂന്ന് വർഷമായി വർദ്ധിച്ചത് ഒരിക്കലും പ്രവചിക്കാൻ സാധിക്കാത്ത രീതിയിലാണ്. യു.ഡി.എഫ്. സർക്കാരിന്റെ 2015-16 കാലഘട്ടത്തിൽ കേരളത്തിന്റെ കടം 1,57,000 കോടി

രൂപയായിരുന്നെങ്കിൽ 2019 ആകുമ്പോൾ പ്രൊവിഷണൽ കണക്കുപ്രകാരം അതിൽനിന്ന് ഏകദേശം 75,000 കോടി രൂപ വർദ്ധിച്ച് 2,30,000 കോടി രൂപയായി മാറിയിരിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ 1.50 ലക്ഷം കോടി രൂപയിലാക്കിയ കടം 2021 ആകുമ്പോൾ 3 ലക്ഷം കോടി രൂപയുടെ കടം എന്ന കണക്കിൽ അതായത് 150 ശതമാനം വർദ്ധനവാണ് വരാൻ പോകുന്നത്. കടത്തെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് കേരളത്തിൽ ബഡ്ജറ്റിന് പുറത്തുള്ള വലിയൊരു വിഭവ സമാഹരണത്തിനുള്ള ഒരു പദ്ധതിയായിട്ടാണ് കിഫ്ബി കൊണ്ടുവന്നതെന്നാണ്. കിഫ്ബിക്കെതിരെ ധാരാളം സംസാരിക്കുന്നൊരാളാണ്, അതിനെക്കുറിച്ച് ധാരാളം ട്രോളുകൾ കേൾക്കുന്ന ഒരാളുമാണ്. പക്ഷെ ഞാനൊരു കാര്യം പറയുകയാണ്, നിങ്ങൾ പറയുന്ന 50,000 കോടി രൂപയുടെ വികസന പദ്ധതികൾ കിഫ്ബിയിൽ വരുമ്പോൾ കേരളത്തിന്റെ റവന്യൂ ഡെഫിസിറ്റും ഫിസ്കൽ ഡെഫിസിറ്റും പൊതുകടവും ഇത്തരത്തിൽ വർദ്ധിക്കാൻ പാടുള്ളതല്ല. 2020-ൽ നമ്മുടെ പൊതുകടം ഏകദേശം 3 ലക്ഷം കോടി രൂപയായി വർദ്ധിക്കുന്നതിന് പുറമെ കിഫ്ബിയിലുള്ള കടമായ ഏകദേശം 50,000 കോടി രൂപയുംകൂടിയാകുമ്പോൾ അത് മാറിവരുന്ന യു.ഡി.എഫ്. സർക്കാരിന് അധിക ബാധ്യതയാകുമെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. ഏകദേശം 3.50 ലക്ഷം കോടി രൂപയുടെ കടമാണ് 2021-ൽ ഉണ്ടാകാൻ പോകുന്നത്. ചുരം ഇറങ്ങിപ്പോകുന്ന ബെല്ലും ബ്രേക്കുമില്ലാത്തൊരു കെ.എസ്.ആർ.ടി.സി. ബസ്സുപോലെയാണ് ഇന്ന് കേരളത്തിന്റെ ധനകാര്യാവസ്ഥ. ആ തരത്തിൽ താഴോട്ട് പോകുന്ന ധനകാര്യാവസ്ഥയിൽ നമ്മൾ മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട ചില കാര്യങ്ങളുണ്ട്. ഇത്രയും നേരം പറഞ്ഞത് ചെലവുകളെക്കുറിച്ചാണ്. വരവിന്റെ കാര്യം നോക്കിയാൽ നികുതി ചോരുന്നു, ജി.എസ്.ടി.-യിൽ പ്രതീക്ഷിച്ച വരുമാനം കിട്ടുന്നില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. സംസ്ഥാനത്തിന്റെ നികുതി വരുമാനം വൻതോതിൽ ചോരുകയാണെന്ന് മന്ത്രിതന്നെ നിയമസഭയിൽ പറയുകയാണ്. പിരിക്കാൻ കഴിയുന്നില്ല. ഓരോ വർഷവും 25 ശതമാനം നികുതി പിരിവ് കൂട്ടുമെന്ന് പറഞ്ഞിട്ട് കഴിഞ്ഞ മൂന്നുവർഷംകൊണ്ട് 15 ശതമാനംപോലും നികുതി വർദ്ധനവ് കൊണ്ടുവരാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. പഴയ വാറ്റും ജി.എസ്.ടി.-യും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ പുകയില ഉത്പന്നങ്ങളിൽ മാത്രം 879 കോടി രൂപയുടെ ലാഭം 'വാറ്റ്' മുഖേന കിട്ടിയിരുന്ന സ്ഥാനത്ത് ഇന്ന് അതിനെക്കാളും 567 കോടി രൂപ കുറവാണ് കേരളത്തിന് കിട്ടുന്നത്. ജി.എസ്.ടി.-ക്കുവേണ്ടി ഏറ്റവും കൂടുതൽ വാദിച്ച ഒരാളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. പുകയില ഉത്പന്നങ്ങൾ, സ്വർണ്ണം, ടൈൽസ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവയിൽനിന്നും ലഭിക്കേണ്ട നികുതിയിൽ ഏകദേശം 1300 കോടി രൂപയുടെ കുറവാണ് ജി.എസ്.ടി. കാരണം

കേരളത്തിനുണ്ടാകുന്നത്. അപ്പോൾ ജി.എസ്.ടി.-യും ടാക്സ് കളക്ഷനുമൊന്നും ഇവിടെ നടക്കുന്നില്ല. പിന്നെ കിഫ്ബിയെക്കുറിച്ച് വാതോരാതെ സംസാരിച്ചതുകൊണ്ട് ഒരു കണക്ക് ഞാൻ പറയാം. കിഫ്ബിയിലേയ്ക്ക് പണം വരാൻ പോകുന്നത് പെട്രോളിയം സെസ്സിൽനിന്നും മോട്ടോർ വെഹിക്കിൾ നികുതിയിൽ നിന്നുമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആദ്യത്തെ വർഷം 10 ശതമാനം മോട്ടോർ വാഹന നികുതി, 2020 ആകുമ്പോൾ മോട്ടോർ വാഹന നികുതിയുടെ 50 ശതമാനം കിഫ്ബിയിലേയ്ക്ക് പോകുമെന്ന് പറഞ്ഞു. 2017-18-ൽ മോട്ടോർ വെഹിക്കിൾ ടാക്സ് 778 കോടി രൂപയും 2018-19-ൽ 1354 കോടി രൂപയും 2019-20-ൽ 2094 കോടി രൂപയും കിട്ടുമെന്നാണ് അദ്ദേഹം നിയമസഭയിൽ പറഞ്ഞ കണക്ക്. ശരിയായ കണക്കുകൾ നോക്കുകയാണെങ്കിൽ 2017-18-ൽ മോട്ടോർ വെഹിക്കിൾ ടാക്സ് 778 കോടി രൂപ കിട്ടുമെന്ന് പറഞ്ഞിട്ട് അതിൽനിന്ന് ഏകദേശം 50 കോടി രൂപ കുറവാണ് ആദ്യത്തെ വർഷം കിട്ടിയിരിക്കുന്നത്. 2018-19-ൽ 1354 കോടി രൂപ കിഫ്ബിക്ക് മോട്ടോർ വെഹിക്കിൾ ടാക്സ് വിഹിതം കിട്ടുമെന്ന് പറഞ്ഞിട്ട് അതിൽനിന്ന് ഏകദേശം 250 കോടി രൂപ കുറവാണ് വിഹിതം ലഭിച്ചിരിക്കുന്നത്. 2019-20-ൽ 2000 കോടി രൂപ വിഹിതം കിട്ടുമെന്ന് പറയുമ്പോൾ 1600 കോടി രൂപപോലും കിട്ടാനുള്ള സാധ്യതയില്ല. കിഫ്ബി തുടങ്ങിയ ആദ്യ മൂന്ന് വർഷങ്ങളിൽത്തന്നെ മോട്ടോർ വെഹിക്കിൾ ടാക്സിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്കിൽനിന്ന് ഏകദേശം 500 കോടി രൂപ കുറയുകയാണെന്നുള്ള ഏറ്റവും ഗുരുതരമായിട്ടുള്ള ധനകാര്യാവസ്ഥ നമ്മളെല്ലാവരും മനസ്സിലാക്കണം. അപ്പോൾ ബഡ്ജറ്റിൽ മാത്രമല്ല, കിഫ്ബിയിലും തിരിച്ചടവ് നടക്കുന്നില്ല. എനിക്ക് പറയാനുള്ള മറ്റൊരു കാര്യം, പ്രളയ സെസ്സ് ജൂൺ 1-ന് തുടങ്ങുമെന്ന് അങ്ങ് പറഞ്ഞു. പിന്നെ ജൂലൈ ഒന്നിലേയ്ക്ക് മാറ്റുകയാണെന്ന് പറഞ്ഞു. സാധാരണക്കാരായ മലയാളികളുടെമേൽ പ്രളയ സെസ്സ് അടിച്ചേൽപ്പിക്കരുത്. ഒരു ശതമാനമെന്ന് പറയുമ്പോൾ 600 കോടി രൂപ കിട്ടുമെന്ന് അങ്ങുതന്നെ നിയമസഭയിൽ പറഞ്ഞതാണ്. കേരളത്തിലെ പ്രളയം ബാധിച്ച 60 ശതമാനത്തിലധികം ആളുകളിലാണ് പ്രളയ സെസ്സിന്റെ പ്രഹരമേൽക്കാൻ പോകുന്നത്. നിങ്ങൾ റീബിൽഡ് കേരളയിലും മറ്റും ആളുകളോട് വീട് വയ്ക്കാൻ പറയുമ്പോൾ അവർക്കുള്ള അവശ്യസാധനങ്ങളുടെ വിലകൂടി ഇതുകാരണം കൂടാൻ പോകുകയാണ്. റീബിൽഡ് കേരളയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽനിന്നും മറ്റ് രാജ്യങ്ങളിൽനിന്നും ഏകദേശം 2500 കോടി രൂപ കിട്ടുമെന്ന് പറയുന്ന സാഹചര്യത്തിൽ പ്രളയ സെസ്സ് എന്ന ഡ്രാക്കോണിയനായിട്ടുള്ള തീരുമാനം ഈ മന്ത്രിസഭ പിൻവലിക്കണമെന്ന് ഞാൻ പറയുകയാണ്.

ഒരുകാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. 2019-ലെ ലോക്സഭാ ഇലക്ഷന് നിങ്ങൾക്ക് ലഭിച്ച പ്രഹരത്തിൽനിന്നുള്ള പാഠങ്ങൾ നിങ്ങൾ പഠിക്കുന്നില്ല. ഈ ലോക്സഭാ ഇലക്ഷനിൽ നിങ്ങൾ പല കാര്യങ്ങളും പറഞ്ഞെങ്കിലും കേരളത്തിലെ 126 നിയമസഭാ മണ്ഡലങ്ങളിലും ലീഡ് ചെയ്തത് യു.ഡി.എഫ്. ആണ്. ബഹുമാനപ്പെട്ട മന്ത്രി കിഫ്ബിയെക്കുറിച്ച് പറഞ്ഞപ്പോൾ ഏറ്റവും കൂടുതൽ പറഞ്ഞത് കിഫ്ബിക്ക് പണം വരാൻ പോകുന്നത് പ്രവാസി ചിട്ടിയിൽനിന്നാണെന്നാണ്. എല്ലാ സംസ്ഥാനങ്ങളിലും പോയി പ്രവാസി ചിട്ടിക്കുവേണ്ടി വിദേശീയരോടും മലയാളികളോടുമൊക്കെ സംസാരിച്ച് പതിനായിരം കോടി രൂപ സമാഹരിക്കണമെന്നാണ് തീരുമാനമെടുത്തത്. സാധാരണക്കാരായ പ്രവാസികൾക്ക് കേരളത്തിന്റെ വികസനത്തിൽ പങ്കാളിയാകാൻ, അവരുടെ പണം കേരളത്തിൽ നിക്ഷേപിക്കുകയാണെങ്കിൽ അവരുടെ നാട്ടിലും വീട്ടിലുമൊക്കെ പുതിയ സംരംഭങ്ങൾ വരുമെന്നുള്ള വലിയ ഉറപ്പുകളും വാഗ്ദാനങ്ങളും കൊടുത്താണ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി തുടങ്ങിയത്. ആയിരം കോടി രൂപ ലക്ഷ്യം വച്ചെങ്കിലും ഏകദേശം 10 കോടി രൂപ മാത്രമാണ് നാല് മാസം മുമ്പുവരെ പ്രവാസി ചിട്ടിയിൽ ലഭിച്ചത്. ഏകദേശം 26000 മലയാളികളാണ് പ്രവാസി ചിട്ടിയിൽ ചേർന്നിട്ടുള്ളത്. കേരളത്തിലെ 25 ലക്ഷത്തോളം വരുന്ന പ്രവാസികളിൽ വെറും 25000 പേർ മാത്രമാണ് പ്രവാസി ചിട്ടിയിൽ പങ്കെടുത്തിട്ടുള്ളത്. ഞാൻ അതിന്റെ ലിസ്റ്റ് നോക്കിയതിൽ 25000 പ്രവാസികളുടെ പേരിന്റെ കൂട്ടത്തിൽ കണ്ണൂരുള്ള സാജൻ എന്ന പേരും കാണാനിടയായി. നിങ്ങളുടെയൊക്കെ പാർട്ടിയുടെ ധാർഷ്ട്യവും നിങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ കാരണവും ആന്തൂർ നഗരസഭ ഇല്ലാതാക്കിയ ഒരു സാധാരണക്കാരനായ, ആത്മഹത്യ ചെയ്ത സാജൻ, കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയിലെ അംഗമാണെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. പ്രവാസി ചിട്ടിയുടെ പേപ്പർ സാജന്റെ വീട്ടിലെ ഏതെങ്കിലുമൊരു അലമാരയിൽ ഇരിക്കുകയായിരിക്കും. നിങ്ങളുടെ അഹങ്കാരത്തിനും അഹന്തയ്ക്കുമെതിരെയുള്ള ഏറ്റവും വലിയൊരു പ്രതീകമായിരിക്കും സാജന്റെ വീട്ടിലെ അലമാരയിലുള്ള പ്രവാസി ചിട്ടിയുടെ ആ പേപ്പർ എന്ന കാര്യം പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ ശക്തമായി എതിർക്കുന്നു.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ബഹുമാന്യനായ അംഗം ശ്രീ. കെ. എസ്. ശബരീനാഥൻ, അദ്ദേഹത്തിന്റെ സംസാരത്തിൽ റവന്യൂ കമ്മിയെയും ധനകമ്മിയെയും കേരളത്തിന്റെ സാമ്പത്തിക സ്ഥിതി എങ്ങനെ മെച്ചപ്പെട്ട നിലയിലേയ്ക്ക് കൊണ്ടുപോകാമെന്നതിനെക്കുറിച്ചുമൊക്കെ ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. ഇതൊന്നും ഒരു ദിവസംകൊണ്ടോ അല്ലെങ്കിൽ കഴിഞ്ഞ

മൂന്ന് വർഷംകൊണ്ടോ ഡോ. ടി. എം. തോമസ് ഐസക്കിന്റെ കയ്യിൽനിന്നും വന്ന പിഴവുകൊണ്ടോ ഉണ്ടായ സംഭവങ്ങളല്ല. വർഷങ്ങളായി ഭരണകൂടങ്ങൾ സ്വീകരിക്കുന്ന നിലപാടുകളുടെ പിന്തുടർച്ച എന്ന നിലയിൽ മാത്രമേ ഇത്തരം കാര്യങ്ങളെ കണക്കാക്കാൻ കഴിയൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയോടുകൂടിയല്ല ചുമതലയേറ്റത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച തെറ്റായ നയങ്ങളും തെറ്റായ സാമ്പത്തിക ഇടപാടുകളും റവന്യൂ കമ്മിയും ധനകമ്മിയുമൊക്കെ ഉണ്ടാകുന്നതിന്റെ പ്രധാന ഘടകങ്ങളാണ്. ലക്ഷക്കണക്കിന് കോടി രൂപ നമ്മുടെ ഖജനാവിന് ബാധ്യതയുണ്ടാക്കുമ്പോൾ, ആ ബാധ്യത യഥാർത്ഥത്തിൽ തങ്ങളുടെ ഉത്തരവാദിത്തമില്ലായ്മയും പിടിപ്പുകേടുംകൊണ്ടാണെന്നുകൂടി അംഗീകരിച്ചു കൊണ്ടാകണമായിരുന്നു റവന്യൂ കമ്മിയെക്കുറിച്ചും ധനകമ്മിയെക്കുറിച്ചും അദ്ദേഹം പ്രസംഗിക്കേണ്ടിയിരുന്നത്. ഇവിടെ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ധവളപത്രമുണ്ട്. ഇതുമായി ബന്ധപ്പെട്ട് നല്ല ഡിബേറ്റുകൾ നടന്നിട്ടുണ്ട്. എങ്ങനെയാണ് ഈ സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കുകയെന്നതിനെ സംബന്ധിച്ച് നിയമസഭയ്ക്കുള്ളിലും പുറത്തും നിരവധി തവണ, നിരവധി സന്ദർഭങ്ങളിൽ മെച്ചപ്പെട്ട ഡിബേറ്റുകൾ നടന്നിട്ടുണ്ട്. എന്നാൽ ഈ പറയുന്ന ഏതെങ്കിലുമൊരു കാരണത്തിന്റെ പേരിൽ നമ്മുടെ നാടിന്റെ വളർച്ചയെ നമുക്ക് പിടിച്ചുനിർത്താൻ കഴിയില്ല. നമുക്ക് മുന്നോട്ടുപോയേ തീരൂ. ഒരു വലിയ പ്രതിസന്ധിയിലാണ് നമ്മൾ നിൽക്കുന്നത്. നമുക്ക് സാമ്പത്തിക പ്രതിസന്ധിയുണ്ട്. ദിവസങ്ങളോളം ട്രഷറി പൂട്ടിയിട്ട അനുഭവം നമ്മുടെ മുമ്പിലുണ്ട്. കോൺട്രാക്ടർമാർ ബില്ല് മാറാൻ വേണ്ടി കയറിയിറങ്ങിയ സന്ദർഭങ്ങളുണ്ട്. കോടതിയെ സമീപിച്ച സന്ദർഭങ്ങളുണ്ട്. ഇതിൽനിന്നൊക്കെ വ്യത്യസ്തമായി ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു ദിവസം പോലും ട്രഷറി പൂട്ടിയിട്ടില്ല. ഇവിടെ ജി.എസ്.ടി.-യുടെ കാര്യം പറഞ്ഞു. ജി.എസ്.ടി.- യെ ഡോ. ടി. എം. തോമസ് ഐസക് അനുകൂലിച്ചത് എന്തോ മാരകമായ തെറ്റായിപ്പോയി എന്ന രൂപത്തിലാണ് ശ്രീ. കെ. എസ്. ശബരീനാഥൻ പ്രസംഗിച്ചത്. ജി.എസ്.ടി.-യെ പ്രതിരോധിച്ചിട്ട് കാര്യമില്ല. ജി.എസ്.ടി. വന്നപ്പോൾ അതുമായി ബന്ധപ്പെട്ടുണ്ടായ അനോമലീസ് നിയമസഭയ്ക്കുള്ളിൽ ചർച്ച ചെയ്തതാണ്. ഡോ. ടി. എം. തോമസ് ഐസക് തന്നെ നിരവധി സന്ദർഭങ്ങളിൽ പ്രമേയം അടക്കം കൊണ്ടു വന്നിട്ടുള്ളതുമാണ്. ലോട്ടറിയുമായി ബന്ധപ്പെട്ട നിയമം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നാൽ അത് നമുക്ക് ബാധകമല്ലെന്ന് പറഞ്ഞ് അതിൽനിന്ന് മാറിനിൽക്കാൻ കഴിയില്ല. ഇതൊരു ഫെഡറൽ രാജ്യമാണ്. ഈ രാജ്യത്ത് കേന്ദ്രഗവൺമെന്റ് പാസ്സാക്കുന്ന ഏത് നിയമത്തെയും അനുകൂലിക്കാനും അതിനോടൊപ്പം നിൽക്കാനും സംസ്ഥാനമെന്ന നിലയിൽ നമ്മൾ

ബാധ്യസ്ഥരാണ്. നോട്ട് നിരോധനം വന്നപ്പോൾ നമ്മൾ ഇവിടെ പ്രമേയം പാസ്സാക്കിയതാണ്. നോട്ട് നിരോധനത്തിനെതിരെ പ്രമേയം പാസ്സാക്കിയതു കൊണ്ടുമാത്രം നമുക്ക് അതിൽനിന്ന് വ്യത്യസ്തരായി നിൽക്കാൻ കഴിയില്ല. രാജ്യം സ്വീകരിക്കുന്ന ചില നിലപാടുകളെ അനുകൂലിക്കുകയോ അല്ലെങ്കിൽ അതിനോടൊപ്പം നിൽക്കുകയോ തെറ്റായിട്ടുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയോ മാത്രമാണ് ഒരു സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്. നമുക്ക് ലഭ്യമാകേണ്ട ടാക്സ് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ജി.എസ്.ടി. നിയമം നടപ്പിലാക്കുമ്പോൾ അവശ്യംവേണ്ട ഉദ്യോഗസ്ഥരുടെ പുനഃക്രമീകരണത്തിനും വേണ്ടത്ര തയ്യാറെടുപ്പുകൾ നടത്താനായിട്ടില്ലെന്ന് നോട്ട് നിരോധനത്തിന്റെ കാര്യത്തിലായാലും മോദി ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഏത് കാര്യങ്ങളെടുത്ത് പരിശോധിച്ചാലും നമുക്ക് കാണാൻ കഴിയും. ഈ പ്രതിസന്ധികൾക്കിടയിൽ നിന്നുകൊണ്ടാണ് കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ നോക്കിക്കാണേണ്ടത്. ഈയൊരു സംവിധാനത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിന് കേരളമെടുക്കുന്ന സമീപനം എന്താണെന്നതിനെ കുറിച്ച് സാമ്പത്തിക വിദഗ്ദ്ധർപോലും നോക്കിക്കാണാനും പഠിക്കാനുമാണ് ആഗ്രഹിക്കുന്നത്. പൊതുവിതരണം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ തുടങ്ങിയ രംഗങ്ങളിൽ കേരളം എന്ത് മാനേജ്മെന്റാണ് നടത്തുന്നതെന്നുള്ളതിനെ സംബന്ധിച്ച് വിദേശ രാജ്യങ്ങളിൽനിന്നുള്ള സാമ്പത്തിക വിദഗ്ദ്ധർപോലും ഗൗരവപൂർവ്വം വീക്ഷിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഒന്നുരണ്ട് കാര്യങ്ങളുണ്ട്. വാഹന വായ്പ, ഭവന വായ്പ, കൃഷി വായ്പ, വിദ്യാഭ്യാസ വായ്പ എന്നിങ്ങനെ വ്യത്യസ്തങ്ങളായ വായ്പകളുണ്ട്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ചേർന്ന് ഒട്ടനവധി മാനദണ്ഡങ്ങൾ നൽകുന്നുണ്ടെങ്കിലും ഈ കമ്മിറ്റിയെടുക്കുന്ന തീരുമാനങ്ങൾ തങ്ങൾക്ക് ബാധകമല്ലെന്ന നിലപാടാണ് ബാങ്കുകൾ സ്വീകരിക്കുന്നത്. സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചപ്പോൾപോലും അത് തങ്ങൾക്ക് ബാധകമല്ലെന്നുപറഞ്ഞ് വായ്പയെടുത്തിട്ടുള്ള എല്ലാ ആളുകളുടെയും വീടുകളിലേയ്ക്ക് നോട്ടീസുമായി ബാങ്കുകൾ പോകുമ്പോൾ ജനങ്ങളുടെ ഇടയിലുണ്ടാകുന്ന അസ്വസ്ഥത ചെറുതല്ല. റിസർവ് ബാങ്ക് നൽകുന്ന നിബന്ധനകൾക്ക് വിധേയമായാണ് ബാങ്കുകൾ പ്രവർത്തിക്കുന്നതെന്ന് പറഞ്ഞാൽപ്പോലും അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നത് സംസ്ഥാന ഗവൺമെന്റാണെന്നുള്ളതു കൊണ്ടുതന്നെ അവരുടെ മേൽ ആവശ്യമുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയണം. കിഫ്ബിയുമായി ബന്ധപ്പെട്ടാണെങ്കിലും മറ്റ് വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണെങ്കിലും ബാങ്കുകൾ നൽകുന്ന സംഭാവനകളെ ചെറുതായി കാണുന്നില്ല. പക്ഷെ, കൃഷിക്കാർക്ക് ബാങ്കുകൾ ഏൽപ്പിക്കുന്ന ദ്രോഹം ചെറുതല്ല. കാർഷിക കടാശ്വാസ

കമ്മീഷൻ എഴുതിത്തള്ളിയ ബാങ്ക് വായ്പാത്തുക ഗവൺമെന്റിൽ നിന്നും സമയപരിധിക്കുള്ളിൽ ലഭിച്ചില്ലെന്ന കാരണത്താൽ ആ തുകയുംപോലും പലിശ ഈടാക്കി വീണ്ടും കൃഷിക്കാരെയും വ്യാപാരികളെയും ദ്രോഹിക്കുന്ന സാഹചര്യം ബാങ്കുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. വിദ്യാഭ്യാസ വായ്പയ്ക്ക് സംസ്ഥാന സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചാലും തുക ലഭിച്ചില്ലെന്ന കാരണത്താൽ വിദ്യാർത്ഥികൾക്ക് ബാങ്കുകൾ ജപ്തി നോട്ടീസ് അയയ്ക്കുന്ന സാഹചര്യമുണ്ട്. വാഹന വായ്പയ്ക്കും ഭവന വായ്പയ്ക്കും ചെറിയ പലിശ ഈടാക്കുന്ന ഇവർ വിദ്യാഭ്യാസ വായ്പയ്ക്ക് പിഴപ്പലിശയടക്കം വലിയ തുകയാണ് ഈടാക്കുന്നതെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. മദ്യം, ലോട്ടറി, റോഡ് ടാക്സ്, വെഹിക്കിൾ ടാക്സ് എന്നിവയിൽനിന്നും ലഭിക്കുന്ന ടാക്സുകളാണ് നമ്മുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. എന്നാൽ അതിനപ്പുറത്ത് നമ്മുടെ സാധ്യതകളെ സംബന്ധിച്ച് ആലോചിക്കണം. പാറക്കല്ല്, പാറപ്പൊടി എന്നിവയില്ലാതെ കൺസ്ട്രക്ഷൻ സാധ്യമല്ല. കൺസ്ട്രക്ഷൻ രംഗത്തുണ്ടായിരിക്കുന്ന പ്രതിസന്ധി ഗൗരവകരമാണ്. ഈ രംഗത്ത് നയപരമായിട്ടുള്ള തീരുമാനമുണ്ടാകണം. ഇതിനായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യമുണ്ടാകുന്നു. വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുകയെന്നത് എത്രത്തോളം പ്രായോഗികമാണെന്നുള്ളതിനെ സംബന്ധിച്ച് സംശയമുണ്ട്. സംസ്ഥാനത്തെ ടൂറിസം സാധ്യതകൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ലെന്ന് കഴിഞ്ഞ ഡിമാന്റ് ഡിസ്കഷന്റെ ഭാഗമായി സൂചിപ്പിച്ചതാണെങ്കിലും ഒരിക്കൽക്കൂടി ചൂണ്ടിക്കാണിക്കുകയാണ്. ലക്ഷ്വറി ടാക്സിനത്തിൽ ഖജനാവിലേയ്ക്ക് എത്തിച്ചേരേണ്ട കോടിക്കണക്കിന് രൂപ നമ്മുടെ പിടിപ്പുകേടുകൊണ്ടും ശ്രദ്ധക്കുറവുകൊണ്ടും നഷ്ടപ്പെടുന്നുവെങ്കിൽ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അത്തരം കാര്യങ്ങളിൽക്കൂടി അങ്ങയുടെ ശ്രദ്ധയുണ്ടാകണം. ഒരു കാലഘട്ടത്തിൽ നമ്മുടെ ഖജനാവിലേയ്ക്ക് കോടിക്കണക്കിന് രൂപ എത്തിച്ചുകൊണ്ടിരുന്ന തോട്ടം മേഖല ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. ഇന്നലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ഡിമാന്റ് ഡിസ്കഷനിൽ ഇതുമായി ബന്ധപ്പെട്ട് ഒരു നയം കൊണ്ടുവരാൻ സാധിക്കുമോയെന്ന് ചോദിച്ചിരുന്നു. നാലോ അഞ്ചോ തോട്ടങ്ങൾ പൂട്ടിക്കിടക്കുകയാണ്. ഇതുകൂടാതെ നിരവധി തോട്ടങ്ങൾ പൂട്ടാൻ പോകുന്ന സാഹചര്യത്തിലാണ്. അടിയന്തരമായ ഇടപെടലുകൾ ഈ മേഖലയുമായി ബന്ധപ്പെട്ടുണ്ടാകുന്നില്ലെങ്കിൽ സംസ്ഥാന ഖജനാവിന്റെ വരുമാനം നിലയ്ക്കുമെന്ന് മാത്രമല്ല പുതിയൊരു പ്രതിസന്ധിയിലേയ്ക്ക് പ്ലാന്റേഷൻ മേഖല പോകുമെന്ന സാഹചര്യംകൂടിയുണ്ടാകുമെന്ന വിഷയം അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. പ്രളയത്തെ അതിജീവിച്ച കേരള ജനതയുടെ ഇച്ഛാശക്തിയെന്നുള്ള നിലയിൽത്തന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലണ്ടൻ

സ്റ്റോക്ക് എക്സ്ചേഞ്ചിൽ നടത്തിയ ശ്രദ്ധേയമായ ഇടപെടലുകളെ രാജ്യവും ലോകരാഷ്ട്രങ്ങളും നോക്കിക്കാണുന്നത്. മസാല ബോണ്ടടക്കം ഫണ്ട് സ്വരൂപിക്കുന്നതിലേയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തുന്ന ഇടപെടലുകളെ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെ ചില നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട്, പ്രത്യേകിച്ച് കോൺട്രാക്ടർമാർക്ക് നൽകാനുള്ള ബില്ലുകൾ കുടിശ്ശികയായതുമൂലം പല നിർമ്മാണങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വരികയാണെന്നുള്ള വിഷയം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. അതിനാൽ പെന്റിംഗ് ബില്ലുകൾ സമയബന്ധിതമായി പാസ്സാക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുണ്ടാകണം. നിർമ്മാണ പ്രവർത്തന മേഖലയിൽ സമയബന്ധിതമായി ഫണ്ട് അനുവദിക്കുന്നില്ലെങ്കിൽ അതുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകളുണ്ടാകും. സാമ്പത്തിക പ്രതിസന്ധിയുൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ നമുക്കുണ്ടെങ്കിൽപ്പോലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെപ്പോലൊരു സാമ്പത്തിക വിദഗ്ദ്ധന് ഇക്കാര്യങ്ങളെ അതിജീവിക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസമാണുള്ളത്. എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ ഫണ്ടുകൾ സമയബന്ധിതമായി നൽകാൻ കഴിഞ്ഞില്ലെങ്കിൽ നിർമ്മാണ മേഖലയിൽ ബുദ്ധിമുട്ടുണ്ടാകും. ഇനി പത്തിരുപത് മാസക്കാലമാണ് ഈ സർക്കാരിന്റെ മുന്നിലുള്ളത്. ഫയൽ നീക്കുപോക്കിന് തന്നെ ധാരാളം സമയം ആവശ്യമായി വരുന്നുണ്ട്. ഈ കാര്യങ്ങൾകൂടി അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. പഞ്ചായത്തുകളുടെ സ്പിൽ ഓവർ പ്രവൃത്തികൾ 20% വെട്ടിക്കുറച്ച് സ്പിൽ ഓവറിലേക്ക് കൊണ്ടുവരികയാണ്. ബില്ലിന്റെ പേമെന്റുകൾകൂടി ഇതിന്റെ ഭാഗമാക്കാൻ തീരുമാനിച്ചാൽ നല്ലതായിരുന്നു. അത് അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ഇതിനോടകംതന്നെ പഞ്ചായത്ത് അസോസിയേഷനും മറ്റ് ബന്ധപ്പെട്ട വ്യക്തികളുമൊക്കെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം പഞ്ചായത്ത് ഇലക്ഷൻ വരുന്ന സാഹചര്യത്തിൽ പഞ്ചായത്തുകൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ആവശ്യമായ ഇടപെടൽ നടത്തണമെന്നുള്ള വിഷയംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സ്വർണ്ണ വ്യാപാര മേഖലയിലെ കള്ളക്കടത്തടക്കമുള്ള വിഷയങ്ങളിൽ ഗവൺമെന്റിനുണ്ടാകുന്ന നികുതി ചോർച്ച പരിഹരിക്കുന്നതിനുവേണ്ടി നടത്താൻ കഴിയുന്ന ഇടപെടലുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി ചിന്തിക്കണം. ആംനെസ്റ്റി പദ്ധതി ഗവൺമെന്റ് പ്രഖ്യാപിച്ചു. അതിന്റെ ഗുണം ധാരാളമാളുകൾക്ക് ലഭിക്കുന്നുണ്ട്. എന്നാൽ ചെറുകിട വ്യാപാരികൾ ധാരാളമായി ചൂഷണത്തിന് ഇടയാകുന്ന സാഹചര്യം നമ്മുടെ മുന്നിലുണ്ട്. ഇടനിലക്കാരായി

നിൽക്കുന്ന ആളുകളാണ് ആംനെസ്റ്റി പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളെ പലപ്പോഴും തെറ്റായ വഴിക്ക് കൊണ്ടുപോകുന്നത്. ഇതുസംബന്ധിച്ച് ധാരാളം അനൗൺസ്മെന്റുകൾ ഉണ്ടാകുന്നുണ്ടെങ്കിലും ഈ രംഗത്ത് കുറച്ചുകൂടി ബോധവൽക്കരണമുണ്ടെങ്കിൽ മാത്രമേ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ഇതിന്റെ ഗുണം ലഭിക്കുകയുള്ളൂ. ഗവൺമെന്റിന്റെ ഇടപെടൽ ഇക്കാര്യത്തിലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റ് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. കാരണം ഈ സർക്കാരിന്റെ നയങ്ങൾ ഒരു ഫുൾജാർ സോഡപോലെയാണ്. കിഫ്ബി, ദുരിതാശ്വാസ പ്രവർത്തനം, പ്രളയാനന്തര പ്രവർത്തനം, പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞം എന്നൊക്കെ പ്രസംഗിക്കുന്നതുകേട്ടാൽ എന്തൊക്കെയോ മലമറിഞ്ഞു പോകുന്നു, അല്ലെങ്കിൽ ഈ ഗവൺമെന്റ് മലമറിക്കാൻ പോകുന്നു എന്ന രീതിയിലുള്ള പ്രചണ്ഡപ്രചാരണമാണ് നടക്കുന്നത്. സത്യത്തിൽ, ഫുൾജാർ സോഡപോലെയാണ് ഈ സർക്കാരിന്റെ നയങ്ങളെന്നു പറയുന്നത്. കണ്ടാലും കേട്ടാലും തോന്നും നിറഞ്ഞു തുളുമ്പുകയാണെന്ന്. എന്നാൽ, കാര്യത്തോടടുത്താൽ ചെറിയ കാര്യമേ കാണുകയുള്ളൂ. ഫുൾജാർ സോഡയിൽ തുളുമ്പി പോകുന്നത് പതയായിരിക്കും, ഗ്ലാസ്സിനടിയിൽ കുറച്ചുമാത്രമേ കുടിക്കാൻ കാണുകയുള്ളൂ. അഞ്ചുകൊല്ലംകൊണ്ട് ഫുൾജാർ സോഡയില്ലെങ്കിലും ഒരു കുലുക്കി സർബത്തെങ്കിലും തരണമെന്നാണ് ഞങ്ങൾക്ക് അപേക്ഷിക്കാനുള്ളത്. ഞാനിത് വെറുതെ പറയുന്നതല്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2011-2016 കാലഘട്ടത്തിൽ നടത്തിയ പ്രസംഗം മുഴുവൻ ഞാൻ ഇന്നലെ വായിച്ചു. അതുപോലെ 2001-2006 കാലഘട്ടത്തിലെ അദ്ദേഹത്തിന്റെ ധനബില്ലുമായി ബന്ധപ്പെട്ട ചർച്ചയിലെ പ്രസംഗവും ഞാൻ ശ്രദ്ധിച്ചു. അന്നത്തെ പ്രസംഗവും ഇന്നത്തെ പ്രസംഗവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നുള്ളതാണ് ധനകാര്യ മാനേജ്മെന്റുമായി ബന്ധപ്പെട്ട് മനസ്സിലാക്കിയപ്പോൾ എനിക്ക് ബോദ്ധ്യമായത്. 2018-2019-ലെ പദ്ധതി ചെലവിന്റെ മൊത്തം അടങ്കൽ തുക 37247.99 കോടി രൂപയാണ്. ഈ പദ്ധതിയിൽ മാർച്ച് 31 വരെ ആകെ ചെലവഴിച്ചത് 25761.53 കോടി രൂപയാണ്. 69.16 % മാത്രമാണ് കഴിഞ്ഞ കാലഘട്ടത്തിൽ ചെലവഴിക്കാൻ സാധിച്ചത്. കഴിഞ്ഞ വർഷത്തെ പദ്ധതി വിഹിതത്തിന്റെ 30% ചെലവഴിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. സാമ്പത്തിക മാനേജ്മെന്റ് പരാജയമാണെന്ന് പറയുന്നത് ഇതുകൊണ്ടാണ്.

ഉദാഹരണത്തിന് ശ്രീ. സണ്ണി ജോസഫിന് 21-6-19-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനം 1,00,006.58 കോടി രൂപയാണെന്നും എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 91387.69 കോടി രൂപ മാത്രമാണ് വന്നിട്ടുള്ളതെന്നും പറയുന്നു. അതുപോലെ ജി.എസ്.ടി. വരുമാനത്തിൽനിന്ന് ആകെ പ്രതീക്ഷിച്ചിരുന്നത് 22,821.6 കോടി രൂപ, എന്നാൽ പുതിയ കണക്ക് പ്രകാരം 21,014.71 കോടി രൂപയാണ് വന്നിട്ടുള്ളത്. പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിൽ 8,000 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. അതുപോലെ ജി.എസ്.ടി. വരുമാനത്തിൽ 1800 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. ഇത് സാമ്പത്തിക മാനേജ്മെന്റിന്റെ പിഴവുകൊണ്ടാണെന്നാണ് പറയുന്നത്. കഴിഞ്ഞ വർഷം 2018-19 വർഷത്തെ പ്ലാൻ നോക്കിയാൽ ജനറൽ അഡ്മിനിസ്ട്രേഷന് 50.17 കോടി രൂപ നീക്കിയിരിപ്പുണ്ടെങ്കിലും ചെലവഴിച്ചത് 3.73 കോടി രൂപ മാത്രമാണ്. അതായത് 6.13% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതുപോലെ പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സിന്റെ കാര്യത്തിൽ 153.86 കോടി രൂപ നീക്കിയിരിപ്പുണ്ടെങ്കിലും ചെലവഴിച്ചത് 485.8 കോടി രൂപയാണ്. അതായത് 31% ആണ് ചെലവഴിച്ചത്. അതുപോലെ എൻവയോൺമെന്റ് 711.67 കോടി രൂപ നീക്കിയിരിപ്പുണ്ടെങ്കിൽ ചെലവഴിച്ചത് 202.67 കോടി രൂപ, അതായത് 28% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷനുവേണ്ടിയുള്ള ആകെ നീക്കിയിരിപ്പ് 935.9 കോടി രൂപയാണെങ്കിൽ ചെലവഴിച്ചത് 156.73 കോടി രൂപയാണ്. 16% മാത്രമാണ് ചെലവഴിച്ചത്. കൾച്ചറൽ അഫയേഴ്സിനുവേണ്ടി നീക്കിവച്ച 115.5 കോടി രൂപയിൽ ചെലവഴിച്ചത് 4.64 കോടി രൂപ; അതായത് 39%. ഇങ്ങനെയുള്ള മാനേജ്മെന്റ് തീർത്തും പരാജയമാണ്. അതുകൊണ്ടാണ് ഞങ്ങൾ ഈ പ്രമേയത്തെ എതിർക്കുന്നത്. ഇതുസംബന്ധിച്ച നിരവധി പത്രവാർത്തകൾ വന്നിട്ടുണ്ട്. 'പണമില്ലാത്ത ഖജനാവ്, നികുതി വകുപ്പ് പ്രതിക്കൂട്ടിൽ, ഭരണപരിഷ്കാര കമ്മീഷൻ എന്തിനെന്ന് ചോദ്യമുയരുന്നു, നോക്കുകുത്തി കമ്മീഷന് ചെലവിടുന്നത് കോടികൾ, സാമ്പത്തിക പ്രതിസന്ധിക്ക് പിന്നാലെ സെക്രട്ടേറിയറ്റിൽ നവീകരണ ധൂർത്ത്, ഇല്ലാത്ത തസ്തികകളിൽ ശമ്പളം നൽകി ധനവകുപ്പിന്റെ ധൂർത്ത്, മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ പ്രവർത്തനത്തിനുള്ള ഫണ്ട് ശേഖരിക്കാനുള്ള യാത്രയ്ക്ക് 4.24 ലക്ഷം രൂപ ചെലവ്, എന്നാൽ വരവ് ഒന്നുമില്ല, കേരളത്തിന്റെ പുനർ നിർമ്മാണത്തിനുള്ള ഓഫീസ് ഒരുക്കാൻ 88.53 ലക്ഷം രൂപ' ഇങ്ങനെ ആവശ്യമില്ലാത്തതിന് പണം ധൂർത്തടിക്കുകയും ആവശ്യമുള്ളതിന് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്ന ധനകാര്യ മാനേജ്മെന്റാണ് ഇവിടെയുള്ളത്. ഇവയെല്ലാം ധനകാര്യ മാനേജ്മെന്റ് പരാജയപ്പെട്ടുവെന്നുള്ളതിന്റെ

കണക്കുകൾ മാത്രമാണ്. പട്ടികജാതി വികസന വകുപ്പ് കഴിഞ്ഞ മൂന്ന് വർഷമായി ആകെ 1694.7 കോടി രൂപ പാഴാക്കിയിട്ടുണ്ടെന്നാണ് പുതിയ കണക്ക്. 2016-17-ൽ 1315.5 കോടി രൂപ സംസ്ഥാനത്ത് പദ്ധതി വിഹിതമുണ്ട്. എന്നാൽ 189.31 കോടി രൂപ പാഴാക്കിയിട്ടുണ്ട്. അതുപോലെ എൽ.എസ്.ജി.ഡി.-യിൽനിന്നും അനുവദിച്ച 1038.9 കോടി രൂപയിൽ 329.49 കോടി രൂപ ചെലവഴിച്ചിട്ടില്ല. കേന്ദ്രത്തിൽ നിന്നുള്ള 406.92 കോടി രൂപയിൽ പാഴാക്കിയത് 75.48 കോടി രൂപയാണ്. ഈ മൂന്ന് വർഷക്കാലം പട്ടികജാതി വികസന വകുപ്പ് പാഴാക്കിയത് 1694.7 കോടി രൂപയാണ്. ഇത് 2017-18 മുതൽ 2019 വരെയുള്ള മൂന്ന് വർഷത്തെ കണക്കാണ്. കരാറുകാർക്ക് ബില്ലുകൾ മാറിനൽകുന്നില്ലെന്ന് ശ്രീമതി ഇ. എസ്. ബിജിമോൾ ഇവിടെ സൂചിപ്പിച്ചു. ട്രഷറിയിൽ പണമില്ലാത്തതാണ് ഇതിന് കാരണമെന്നാണ് പറയുന്നത്. എം.എൽ.എ.-മാരുടെ ADF/SDF ബില്ലുകൾ പോലും മാറിക്കിട്ടുന്നില്ല. എന്റെ മണ്ഡലത്തിലെ പദ്ധതിയിലുൾപ്പെട്ട ബില്ലുകൾ പത്ത് മാസമായി മാറിക്കിട്ടിയിട്ടില്ല. അതുപോലെ 449.63 കോടി രൂപ ഇപ്പോൾ കരാറുകാർക്ക് കുടിശ്ശിക കൊടുക്കാനുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട ഇനത്തിൽ 185.57 കോടി രൂപയും ജലവിഭവ വകുപ്പ് 109.22 കോടി രൂപയും കൊടുക്കാനുണ്ട്. ഇത് ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച 29.5.2019-ലെ ചോദ്യത്തിന് നൽകിയ മറുപടിയാണ്. 744 കോടി രൂപ ഇപ്പോഴും പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് കൊടുക്കാനുണ്ട്. ഇവിടെ ശ്രീമതി ഇ. എസ്. ബിജിമോൾ പറഞ്ഞു, കടം സ്വാഭാവികമാണ്, ഓരോ ഗവൺമെന്റും വരുമ്പോൾ കടം കൂടിക്കൊണ്ടേയിരിക്കുമെന്ന്. എന്നാൽ ഈ ഗവൺമെന്റ് വന്നശേഷം കടം നേരെ ഇരട്ടിയാവുകയാണ്. 1957 മുതൽ 2016 വരെയുള്ള കാലഘട്ടവും അതിനുശേഷം വരുന്ന 5 വർഷവും കൊണ്ട് കേരളത്തിന്റെ പൊതുകടം ഇരട്ടിയാകാൻ പോകുകയാണ്. സ്വാഭാവികമായ കടം വർദ്ധിക്കലല്ല ഇവിടെയുണ്ടാകുന്നത്. ഒരോ വ്യക്തിയുടെയും ആളോഹരി കടം 31-3-2016-ലെ കണക്കുപ്രകാരം 47,116.87 രൂപയായിരുന്നു. എന്നാൽ 1-3-2019-ലെ ആളോഹരി കടം 69,690.38 രൂപ ആയിരിക്കുന്നു. ഈ ഗവൺമെന്റിന്റെ കാലഘട്ടം രണ്ട് കൊല്ലം കൂടിയുണ്ടെങ്കിൽ കടം നേരെ ഇരട്ടിയാകുമെന്നതിൽ ഒരു തർക്കവുമില്ല. സ്വാഭാവികമായ കടം വർദ്ധനവ് മാത്രമല്ല ഉണ്ടായിട്ടുള്ളത്. കേരളത്തിലെ കടത്തിന്റെ തോത് എങ്ങനെ കണക്കാക്കിയാലും Debt-to-GDP ratio ആയാലും interest revenue ratio കണക്കാക്കിയാലും fiscal stabilization കേരളം നേടുന്നില്ലെന്നതാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അതുപോലെതന്നെ വികസന പ്രവർത്തനങ്ങളിൽ ഈ ഗവൺമെന്റ് രാഷ്ട്രീയമായ വിവേചനം കാണിക്കുന്നു.

മലപ്പുറം ജില്ലയിൽ ആകെ മൂന്ന് മണ്ഡലങ്ങളിൽ മാത്രമാണ് Rural Infrastructure Development Fund (RIDF) വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലിന്റെ മണ്ഡലമായ തവനൂരിൽ റോഡ് വിഭാഗത്തിന് 340 ലക്ഷം രൂപയും ബിൽഡിംഗ് വിഭാഗത്തിന് 290 ലക്ഷം രൂപയും ചേർത്ത് മൊത്തം 630 ലക്ഷം രൂപ നൽകി. അതുപോലെ ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലമായ പൊന്നാനിയിൽ റോഡ് വിഭാഗത്തിന് 171.7 ലക്ഷം രൂപയും ബിൽഡിംഗ് വിഭാഗത്തിന് 200 ലക്ഷം രൂപയും ചേർത്ത് മൊത്തം 371.7 ലക്ഷം രൂപ കൊടുക്കുന്നു. നിലമ്പൂർ മണ്ഡലത്തിൽ റോഡ് വിഭാഗത്തിന് 1 കോടി രൂപ കൊടുക്കുന്നു. മലപ്പുറം ജില്ലയിലെ മറ്റ് മണ്ഡലങ്ങളിലൊന്നും RIDF-ന്റെ ഫണ്ട് കൊടുക്കുന്നില്ല. ഇത് രാഷ്ട്രീയ വിവേചനമാണ്. ഈ വിവേചനം ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് വികസനത്തിൽപ്പോലും രാഷ്ട്രീയം കലർത്തിക്കൊണ്ടാണ് നിങ്ങൾ മുന്നോട്ടുപോകുന്നതെന്ന്.

മി. സ്പീക്കർ: സ്പീക്കറുടെ മണ്ഡലത്തിൽ രാഷ്ട്രീയ വിവേചനമുണ്ടെന്ന് പറയരുത്. അങ്ങ് പഴയ കണക്കുകളുംകൂടി ഒന്ന് നോക്കിയാൽ മതി. കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൂടി അങ്ങ് പരിശോധിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഇപ്പോഴത്തെ കണക്കാണ് പറയുന്നത്. ഈ സഭയിലെ അംഗമാണ് ഞാൻ. 'ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ പതിതരെ നിങ്ങൾ തൻ പിന്മുറക്കാർ' എന്ന കവിതാ ശകലവുമായി നടക്കുകയാണെങ്കിൽ കുഴപ്പമൊന്നുമില്ല. അന്ന് അങ്ങനെയുണ്ടായിരുന്നോ എന്ന് എനിക്കറിയില്ല. ഞാൻ ഇപ്പോഴത്തെ കാര്യമാണ് പറയുന്നത്.

നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കാൻതന്നെ 11,000 കോടി രൂപ വേണമെന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പറഞ്ഞു. 3,000 കോടി രൂപ ജലവിതരണത്തിന് മാത്രം മാറ്റിവയ്ക്കണം. എന്റെ മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിയിൽ 5 ടാങ്കുകളിൽ വെള്ളം നിറഞ്ഞു നിൽക്കുകയാണ്. അതിന്റെ ഡിസ്ട്രിബ്യൂഷനുവേണ്ടിയുള്ള ഫണ്ട് കണ്ടെത്തുന്നതിനുവേണ്ടി ഞാൻ മൂന്ന് വർഷമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും മറ്റും മുന്നിൽ യാചിക്കുകയാണ്, അങ്ങനെതന്നെ പറയണം. കഴിഞ്ഞ മാസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ചേംബറിൽതന്നെ യോഗം വിളിച്ചുകൂട്ടി Rebuild Kerala Initiative (RKI)-ൽ നിന്ന് ഫണ്ട് അനുവദിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ആ വാക്ക് പാലിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അതുപോലെ കിഫ്ബി റോഡിന്റെ കാര്യം, ഇവിടെ ബഹുമാനപ്പെട്ട ശ്രീ. രാജു എബ്രഹാമും ശ്രീമതി ഇ. എസ്. ബിജിമോളും സംസാരിച്ചു. കിഫ്ബി എന്നുകേൾക്കുമ്പോൾ എന്തൊക്കെയോ മലമറിഞ്ഞുവരുന്നുവെന്ന് തോന്നും. പക്ഷെ

ഒരു റോഡുപോലും അതിന്റെ ഉദ്ഘാടന സ്റ്റേജിൽ എത്തിയിട്ടില്ല. മുമ്പ് നിശ്ചയിച്ചിരുന്ന പ്രൊസീഡ്യുവറിനെ കൂടുതൽ സങ്കീർണ്ണമാക്കുന്ന തരത്തിലാണ് കിഫ്ബിയിലെ എല്ലാ പ്രവൃത്തികളും നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം; കിഫ്ബി പദ്ധതിയിൽ മിനിമം 8 മീറ്റർ വീതിയുള്ള പൊതുമരാമത്ത് റോഡുകളും മറ്റ് റോഡുകളും കൊടുക്കാമെന്നാണ് പറഞ്ഞിരുന്നത്. ഞങ്ങൾ പ്രൊപ്പോസൽ കൊടുത്തു. എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം തയ്യാറാക്കി കിഫ്ബിയിലെത്തുമ്പോൾ റോഡിന്റെ വീതി 10 മീറ്ററോ, 12.5 മീറ്ററോ വേണം, അല്ലെങ്കിൽ കിഫ്ബിയിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്നാണ് പറയുന്നത്. ഇത് എല്ലാ എം.എൽ.എ.-മാരുടെയും പൊതുവിഷയമായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അത്തരം റോഡുകൾക്ക് കിഫ്ബി ഫണ്ട് ലഭിക്കുമെന്നുള്ളതു കൊണ്ട് ഓരോ മണ്ഡലത്തിലേയ്ക്കും നീക്കിവയ്ക്കുന്ന ഫണ്ടിൽനിന്നുമുള്ള തുക ആ റോഡുകൾക്കുവേണ്ടി നീക്കിവച്ചില്ല. എന്നാൽ ആ റോഡുകൾ അതുപോലെ നിലനിൽക്കുന്നു. ആദ്യം പറയാത്ത മാനദണ്ഡം പിന്നീട് പറയുന്നത് ഏറെ വേദനാജനകമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. ഇങ്ങനെയുള്ള അപാകത കിഫ്ബി പദ്ധതിയിൽ റോഡടക്കമുള്ള കാര്യങ്ങളിലുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അതുപോലെ ഹജ്ജ് ക്യാമ്പിനെപ്പറ്റി ഡോ. കെ. ടി. ജലീൽ മിനിഞ്ഞാന്ന് വലിയ അഭിമാനത്തോടുകൂടി സംസാരിച്ചു. നാല് വർഷങ്ങൾക്കുശേഷം ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേയ്ക്ക് വീണ്ടും തിരിച്ചുവന്നുവെന്ന് സംസാരിക്കുകയുണ്ടായി. എന്നാൽ 2001 മുതൽ കോഴിക്കോട് എയർപോർട്ടിനെ കേന്ദ്രീകരിച്ചുകൊണ്ട് ഹജ്ജ് ക്യാമ്പ് നിലവിൽ വരികയും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് അവിടെയുണ്ടാകുകയും ചെയ്തിട്ടുണ്ട്. ആ കാലഘട്ടത്തിലൊക്കെ കോഴിക്കോട് ഹജ്ജ് ക്യാമ്പിലേയ്ക്കുള്ള എല്ലാ റോഡുകളും നന്നാക്കിയിരുന്നു. യു.ഡി.എഫ്.-ന്റെ ഭരണമാണെങ്കിലും ശരി, എന്റെ ഓർമ്മ ശരിയാണെങ്കിൽ കഴിഞ്ഞ എൽ.ഡി.എഫ് -ന്റെ ഭരണത്തിലും ഹജ്ജ് എംബാർക്കേഷൻ പോയിന്റിലേയ്ക്ക് വരുന്ന എല്ലാ റോഡുകളും നന്നാക്കിയിരുന്നു. എന്നാൽ ഈ പ്രാവശ്യം ആ റോഡുകൾ മെയിന്റനൻസ് ചെയ്യാൻ വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും കത്ത് നൽകിയിരുന്നു. 15 എം.എൽ.എ.-മാർ ഒപ്പിട്ട കത്ത് കൊടുത്തിട്ടും ഹജ്ജ് എംബാർക്കേഷൻ പോയിന്റിലേയ്ക്കുള്ള റോഡ് നന്നാക്കാൻവേണ്ടി ഒരു പൈസപോലും അനുവദിച്ചിട്ടില്ല. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി റോഡുകളുടെയൊക്കെ എസ്റ്റിമേറ്റ് എത്തിക്കാൻ

പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് ഞങ്ങൾ എസ്റ്റിമേറ്റ് കൊടുത്തിട്ടുണ്ട്. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട ഹജ്ജ് വകുപ്പുമന്ത്രിയോട് ഞാൻ പറഞ്ഞിട്ടുണ്ട്. തീർത്ഥാടകർക്ക് വരുന്നതിനുവേണ്ടിയുള്ള ഒരു റോഡും ഇതുവരെ നന്നാക്കിയിട്ടില്ല എന്നുള്ളത് ഏറെ വേദനാജനകമാണ്. ഈ റോഡുകളൊക്കെ മോശമായി കിടക്കുകയാണ്. അതോടൊപ്പം ഹജ്ജുമായി ബന്ധപ്പെട്ട് ഒരു കാര്യം കൂടി പറയട്ടെ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ മികച്ച പ്രവർത്തനമാണ് 'നിപാ' വൈറസ് പോലെയുള്ള കാര്യങ്ങളിലൊക്കെ കണ്ടത്. ഈ സമയത്ത് ഹജ്ജിന്റെ കാര്യത്തിൽക്കൂടി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയുണ്ടാകേണ്ടിയിരിക്കുന്നു. ഹജ്ജ് ക്യാമ്പ് ജൂലൈ 6-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോട് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. ജൂലൈ 7-ാം തീയതി മുതൽ ഹജ്ജ് യാത്രികർ പുറപ്പെടും. ഹജ്ജ് യാത്രികർക്ക് പത്ത് ദിവസം മുമ്പ് കുത്തിവയ്പ്പ് എടുക്കണമെന്നുള്ളതാണ് നിബന്ധന. എന്നാൽ ആ കുത്തിവയ്പ്പ് ഇന്നേവരെ എടുത്തിട്ടില്ലെന്നുമാത്രമല്ല 1-ാം തീയതിയാണ് കുത്തിവയ്പ്പിനുള്ള മരുന്നുകൊണ്ടുവരാൻ ചെന്നൈയിലേയ്ക്ക് പോകുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത് . പത്ത് ദിവസം മുമ്പ് കുത്തിവയ്പ്പ് എടുക്കേണ്ടതാണ്, ജൂലൈ 7-ാം തീയതി യാത്രക്കാർ പോകുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഒരു ക്ലാരിഫിക്കേഷന് വേണ്ടിയാണ് പറയുന്നത്. അതായത് രണ്ട് കുത്തിവയ്പ്പാണ് എടുക്കുന്നത് . അതിൽ ഒരു കുത്തിവയ്പ്പിനുള്ള മരുന്നിന്റെ ഉല്പാദനം കമ്പനി തൽക്കാലം നിർത്തിവച്ചിട്ടുണ്ടെന്ന പ്രശ്നമുണ്ട്. രണ്ടുംകൂടി ഒരുമിച്ചുകിട്ടിയിട്ട് എടുക്കാമെന്നാണ് തീരുമാനിച്ചത്. രണ്ടുദിവസത്തിനുള്ളിൽ തന്നെ ആ മെഡിസിൻ എത്തും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടി പറഞ്ഞുവെന്നേയുള്ളൂ. മറ്റൊരു കാര്യം, കുട്ടികളുടെ പൊതുവിദ്യാഭ്യാസ ശാക്തീകരണയജ്ഞത്തെപ്പറ്റി പറയുമ്പോൾ എസ്.എസ്.എൽ.സി. ബുക്ക് ഇപ്പോൾ എല്ലാവർക്കും കിട്ടിയിട്ടില്ല. പാഠപുസ്തകങ്ങൾ എത്തിച്ചുവെന്ന് പറയുന്നു. എസ്.എസ്.എൽ.സി. ബുക്കില്ലെങ്കിലും കേരളത്തിൽ കുട്ടികൾക്ക് സർട്ടിഫിക്കറ്റ് മതി. പക്ഷെ പുറത്തേയ്ക്ക് പോകണമെങ്കിൽ ഒറിജിനൽ സർട്ടിഫിക്കറ്റ് വേണം. ഇന്നേവരെ എസ്.എസ്.എൽ.സി. ബുക്ക് ഇഷ്യൂ ചെയ്തിട്ടില്ല. കുട്ടികളുടെ യൂണിഫോമിന് കൊടുക്കുന്നത് 50 സെന്റീമീറ്റർ തുണിയാണ്. ട്രൗസർ സംസ്കാരം പ്രത്യേകിച്ച് മലബാറിലെ മദ്രസയിലൊക്കെ പോകുന്ന കുട്ടികൾക്ക് വലിയ

ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് ട്രൗസറിനുപകരം പാന്റ് തയ്ക്കാൻ പാകത്തിലുള്ള രണ്ട് യൂണിഫോമിനുള്ള തുണി കൊടുക്കണം. ഇക്കാര്യം ആവശ്യപ്പെട്ട് ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കത്ത് കൊടുത്തതാണ്. അതുപോലെ ബി.എസ്‌സി. ഫിസിക്സുമായി ബന്ധപ്പെട്ട പ്രശ്നം; എച്ച്.എസ്.എസ്.ടി. ഫിസിക്സ് അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അതിന്റെ യോഗ്യതയ്ക്ക് പുതിയ മാനദണ്ഡം നിശ്ചയിച്ചിരിക്കുകയാണ് . കെമിസ്ട്രി സബ്സിഡിയറി എടുക്കണമെന്നുള്ളതാണ് പറഞ്ഞിട്ടുള്ളത് . എന്നാൽ പല കോളേജുകളിലും ഇന്ന് ബി.എസ്‌സി. ഫിസിക്സിന് സബ്സിഡിയറി ആയി മാത്തമാറ്റിക്സ്, ഫുഡ് ടെക്നോളജി, കമ്പ്യൂട്ടർ സയൻസ് എന്നിവ എടുക്കുന്നുണ്ട് . ഈ കാര്യത്തിൽ ഗവൺമെന്റ് ഇടപെടണമെന്നുകൂടി അറിയിക്കുകയാണ്. എം.എൽ.എ.-മാരുടെ എസ്.ഡി.എഫ്.-ന്റെയും എ.ഡി.എഫ്.-ന്റെയും തുക 75 ലക്ഷം രൂപയായിരുന്നത് 2011-ൽ കെ.എം. മാണിയാണ് ഒരു കോടി രൂപയാക്കി വർദ്ധിപ്പിച്ചത്. 2011-ൽ ഒരു കോടി രൂപയ്ക്ക് എടുക്കേണ്ട വർക്കുകൾ ഇന്ന് എടുക്കണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് മൂന്നുകോടി രൂപയെങ്കിലും വേണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. രാഷ്ട്രീയ വിവേചനമില്ലാതെ എല്ലാ സ്ഥലത്തേയ്ക്കും ഒരുപോലെ എത്തുന്നതാണ് എം.എൽ.എ.-മാരുടെ ഫണ്ട്.

ബഹുമാനപ്പെട്ട എം. സ്വരാജ് ഇന്നലെ ഇവിടെ നടത്തിയ പ്രസംഗത്തിൽ മുസ്ലീം ലീഗ് ആകെ തകർന്നുപോയി എന്നാണ് പറഞ്ഞത്. പശ്ചിമബംഗാളിൽ 3 മന്ത്രിമാരും 8 എം.എൽ.എ.-മാരുമുണ്ടായിരുന്നു, ഒരുപാട് കോർപ്പറേഷനുകളിൽ ലീഗിന് കൗൺസിലർമാരുണ്ടായിരുന്നു എന്നൊക്കെയാണ് ശ്രീ. എം. സ്വരാജ് കഴിഞ്ഞ ദിവസം പ്രസംഗിച്ചത്. എവിടെനിന്ന് കിട്ടിയ വിവരമാണെന്ന് ഞങ്ങൾക്കറിയില്ല. അതുമാത്രമല്ല ബോംബെയിൽ ശിവസേനയുമായി കൂടിച്ചേർന്നു കൊണ്ടാണ് മുസ്ലീം ലീഗ് മത്സരിച്ചതെന്നുപോലും പറയുകയുണ്ടായി. കേരളത്തിലെ കാര്യം തന്നെ നോക്കാം. 1977-ൽ ഇവിടെ പരസ്യമായി ജനസംഘവുമായി സഖ്യം ചേർന്ന് മത്സരിച്ചിട്ടുള്ളത് സി.പി.ഐ. (എം) ആണെന്ന് നമുക്ക് കാണാൻ കഴിയും. 1977-ൽ ഒരു മുന്നണിയായി മത്സരിച്ചപ്പോൾ ഉദുമയിൽ പ്രതിപക്ഷത്തിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ചത് കെ. ജി. മാരാർ എന്നു പറയുന്ന അന്നത്തെ ജനസംഘത്തിന്റെ സ്ഥാനാർത്ഥിയാണ്. അതേ മുന്നണിയിൽ ബഹുമാനപ്പെട്ട പിണറായി വിജയൻ കൂത്തുപറമ്പിൽനിന്നും മത്സരിച്ചു, അദ്ദേഹത്തിനെതിരെ മത്സരിച്ചത് ആർ.എസ്.പി.-യുടെ അബ്ദുറഹിമാൻ എന്ന സ്ഥാനാർത്ഥിയാണ്. അതുപോലെതന്നെ ആലത്തൂരിൽനിന്ന് മത്സരിച്ചത്

ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടായിരുന്നു. കെ. ജി.-മാരാരും ഇ. എം. എസ്.-ഉം ശ്രീ. പിണറായി വിജയനും ഒരു മുന്നണിയുടെ സ്ഥാനാർത്ഥികളായാണ് 1977-ൽ മത്സരിച്ചത് . ആർക്കാണ് നിഷേധിക്കാൻ കഴിയുക? മാത്രമല്ല പാലക്കാട് ലോക്സഭയിലേയ്ക്ക് മത്സരിച്ച സുന്നാ സാഹിബ് എന്ന കോൺഗ്രസ് സ്ഥാനാർത്ഥിയെ നേരിട്ടത് ടി. ശിവദാസ മേനോനാണ്. ടി. ശിവദാസ മേനോന്റെ തെരഞ്ഞെടുപ്പ് കൺവെൻഷൻ ഉദ്ഘാടനം ചെയ്യുന്നത് ശ്രീ. എൽ. കെ. അദ്വാനിയാണ്. നിഷേധിക്കാൻ കഴിയുമോ? ശ്രീ. എൽ. കെ. അദ്വാനിയുടെ പ്രസംഗം അന്ന് പരിഭാഷപ്പെടുത്തിയത് ശ്രീ. ഒ. രാജഗോപാലാണ്. അതുപോലെ കെ.ജി. മാരാരുടെ തെരഞ്ഞെടുപ്പ് പ്രചരണം ഉദ്ഘാടനം ചെയ്യുന്നത് ഇ. കെ. നായനാർ ആണ്. ഇതൊക്കെ കേരളത്തിലുണ്ടായ സംഭവമാണ്. ഞങ്ങൾക്ക് ബോംബെയിലേയ്ക്കും മറ്റുള്ളിടത്തേയ്ക്കും പോകേണ്ട കാര്യമില്ല. അങ്ങനെ പരസ്യമായി ബി.ജെ.പി.-യുമായി സഖ്യത്തിൽ ഏർപ്പെട്ടിരിക്കുന്ന സി.പി.ഐ.-(എം)-ന് അതിന്റെ പേരിൽ ഞങ്ങളെ വിമർശിക്കാൻ യാതൊരു അർഹതയുമില്ല എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽക്കൂടി എതിർ<u>ത്തു</u>കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. സ്വരാജ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാന്യനായ ലീഗ് അംഗം അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഭാഗമായി അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറഞ്ഞ് ചരിത്രത്തെ തെറ്റായി വളച്ചൊടിച്ച് ഈ സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. അദ്ദേഹം പറഞ്ഞത് മുഴുവൻ ചരിത്രവിരുദ്ധമായ കാര്യങ്ങളാണ്. 1977-ലെ അടിയന്തരാവസ്ഥാനന്തര തെരഞ്ഞെടുപ്പിൽ നടന്ന ആ കാര്യം വസ്തുതകളുടെ പിൻബലത്തോടെ ഞാൻ ഇവിടെ വിശദീകരിക്കുകയാണ്. അതാണ് പോയിന്റ്. അതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാം. 1977-ലെ അടിയന്തരാവസ്ഥാനന്തര തെരഞ്ഞെടുപ്പിൽ നമ്മുടെ രാജ്യത്ത് ജനാധിപത്യം പുനഃസ്ഥാപിക്കാൻ വേണ്ടി ജനാധിപത്യ കക്ഷികളുടെ ഒരു കൂട്ടായ്മയുണ്ടായി. ആ സമയത്ത്...(ബഹളം).....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പോയിന്റ് പറയൂ...

<u>ശ്രീ. എം. സ്വരാജ്</u>: സർ, ചട്ടം 307 പ്രകാരം അദ്ദേഹം ഈ സഭയെ തെറ്റിദ്ധരിപ്പിച്ച വിഷയം എന്താണെന്ന് ഞാൻ വിശദീകരിക്കുകയാണ് ചെയ്യുന്നത്. അതിന് എനിക്ക് അവകാശമില്ലേ? അതിന് നിങ്ങൾ എന്തിനാണ് അസ്വസ്ഥരാകുന്നത്? ഞാൻ അത് വിശദീകരിക്കുകയാണ്. ആ തെരഞ്ഞെടുപ്പിൽ എന്തായിരുന്നു സംഭവിച്ചതെന്നാണ് പറയുന്നത്......(ബഹളം).....ശ്രീ. എം. വിൻസെന്റ് എന്തിനാണ് അസ്വസ്ഥനാകുന്നത്? ബഹുമാനപ്പെട്ട ചെയർ, അദ്ദേഹം

ഇവിടെ പറഞ്ഞത് തെറ്റായ വസ്തുതയാണ്. വാസ്തവമെന്താണെന്നുള്ളതാണ് ഞാൻ പറയുന്നത്. ആ തെരഞ്ഞെടുപ്പിൽ....(ബഹളം).....ഞാൻ ചെയർ അനുവദിച്ചിട്ടല്ലേ പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് മാത്രം പറയൂ.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് പറയാൻ സമ്മതിക്കണ്ടേ. അദ്ദേഹം പറഞ്ഞത് തെറ്റാണ്. ഞാൻ പറയുന്ന കാര്യങ്ങളെ ഖണ്ഡിക്കാനാവില്ല എന്നതുകൊണ്ടാണ് ബഹളമുണ്ടാക്കുന്നത്. ബഹളമുണ്ടാക്കണ്ട. കൃത്യമായി തന്നെയാണ് പറയുന്നത്. 1980-ൽ .......(ബഹളം)..... എന്തിനാണ് നിങ്ങൾ ബഹളമുണ്ടാക്കുന്നത്. ഞാൻ സംസാരിക്കുകയല്ലേ. ബഹുമാനപ്പെട്ട ചെയർ എന്നെ സംസാരിക്കാൻ അനുവദിക്കണം. ഞാൻ ഇവിടെ പോയിന്റ് ഓഫ് ഓർഡർ പറഞ്ഞത് ഈ സഭയിൽ പറഞ്ഞ XXXXX* 1980-ൽ കോൺഗ്രസ് മുന്നണിയുടെ സ്ഥാനാർത്ഥിയായിട്ടാണ് കാസർഗോഡ് ബഹുമാന്യനായ ഒ. രാജഗോപാൽ മത്സരിക്കുന്നത്. അന്ന് ലോക്സഭ തെരഞ്ഞെടുപ്പിനോടൊപ്പം നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ പെരിങ്ങളത്ത് ആ മുന്നണിയുടെ സ്ഥാനാർത്ഥിയായി കെ. ജി. മാരാരാണ് മത്സരിച്ചത്. അന്ന് മാരാരെ പരാജയപ്പെടുത്തിയ ആളാണ് ഇന്ന് കേരളത്തിലെ ഗതാഗത മന്ത്രിയായിട്ടുള്ള ശ്രീ. എ. കെ. ശശീന്ദ്രൻ, അന്ന് ഇടതുമുന്നണി സ്ഥാനാർത്ഥിയാണ്. അന്ന് പാറശ്ശാലയിൽ മത്സരിച്ചത് ആർ.എസ്.എസ്.-ന്റെ നേതാവായിട്ടുള്ള ആളാണ്. ഇതെല്ലാം ചരിത്രത്തിന്റെ ഭാഗമായിട്ടുള്ള കാര്യമാണ്. ഈ കള്ളമാണ് നിങ്ങൾ പറഞ്ഞിട്ടുള്ളത് . ശ്രീ. ഒ. രാജഗോപാൽ നിങ്ങളുടെ മുന്നണിയുടെ സ്ഥാനാർത്ഥിയായിട്ടാണ് കാസർഗോഡ് മത്സരിച്ചത്. ഈ കാര്യങ്ങളെല്ലാം തെറ്റായി നിങ്ങൾ വളച്ചൊടിക്കുകയാണ് ചെയ്തിട്ടുള്ളത്........(ബഹളം)....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ, ഇവിടെ സഭ നടക്കുന്നതിനിടയിൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് സ്വാഭാവികമാണ്. ഇവിടെ പോയിന്റ് ഓഫ് ഓർഡറിന്മേലാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ. പോയിന്റ് ഓഫ് ഓർഡർ ചോദിച്ചാൽ അതിന് വളരെ ചുരുക്കി കൃത്യമായി പറയണമെന്ന് ചട്ടത്തിൽ പറയുന്നുണ്ട്. അല്ലാതെ ഒരു മറുപടി പ്രസംഗം നടത്തുന്നത് ഈ സഭയുടെ ചരിത്രത്തിൽ ആദ്യമാണ്. ഒരാൾ പ്രസംഗിച്ചാൽ അതിന് മറുപടി പ്രസംഗം നടത്തലല്ല പോയിന്റ് ഓഫ് ഓർഡർ. അതിനപ്പുറത്ത് പിന്നീട് പ്രസംഗിക്കുന്ന ആൾക്ക് അതിനെക്കുറിച്ച് പറയാം. അതല്ലാതെ പോയിന്റ് ഓഫ് ഓർഡർ എന്നു പറഞ്ഞ് ഒരു മറുപടി പ്രസംഗമില്ല. ആ പോയിന്റ്

* സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു. (ഫയൽ നമ്പർ 3494/ ഇ.ബി/ 2019/നി.സെ. തീയതി 26-06-2019)

എന്താണെന്ന് മാത്രമേ ചൂണ്ടിക്കാണിക്കാൻ പാടുള്ളൂ എന്ന് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

10.00 A.M.]

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ശ്രീ. ടി. വി. ഇബ്രാഹിമിന്റെ പ്രസംഗത്തിനുശേഷം ശ്രീ. എം. സ്വരാജ് പറഞ്ഞ കാര്യങ്ങൾ വസ്തുതയും ശരിയുമായിരുന്നു. കൊണ്ടോട്ടി അംഗത്തിന്റെ പ്രസംഗത്തിന്റെ തീവ്രത അളക്കാനുള്ള വൈബ്രേറ്റർ വച്ചിരുന്നുവെങ്കിൽ അത് പൊട്ടിത്തെറിക്കുമായിരുന്നു. അത്രയ്ക്ക് അസത്യങ്ങളാണ് നിയമസഭയിൽ അദ്ദേഹം ചൂണ്ടിക്കാണിച്ചത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തേക്കാളും ക്ഷേമവികസന പ്രവർത്തനങ്ങൾ വലിയ നിലയിൽ മുന്നോട്ടുകൊണ്ടുപോയ സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഇവിടെ ശ്രീ. രാജു എബ്രഹാം കാര്യങ്ങൾ പഠിക്കാതെയാണ് വന്നതെന്ന് ശ്രീ. കെ. എസ്. ശബരീനാഥൻ പരാമർശിക്കുകയുണ്ടായി. ഇവിടെ ആരാണ് പഠിച്ചിട്ട് വന്ന് പ്രസംഗിച്ചത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് റവന്യൂ കമ്മി ഒരു ശതമാനത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരാൻ കഴിയുമോയെന്ന് ശ്രീ. കെ. എസ്. ശബരീനാഥൻ ചോദിക്കുകയുണ്ടായി. അതിൽ നിങ്ങൾക്ക് ഒരാശങ്കയും വേണ്ട, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ മൂന്ന് വർഷക്കാലംമുമ്പ് അധികാരത്തിലേറുമ്പോൾ പറഞ്ഞ കാര്യങ്ങളെല്ലാം നടപ്പിലാക്കിക്കൊണ്ടാണ് മുന്നോട്ട് പോയിട്ടുള്ളത്. കേരളത്തിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ചിലപ്പോൾ ചെലവ് അധികമായി വരുമെങ്കിലും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കും. രണ്ട് ഗൃഹനാഥന്മാരിൽ ഒരാൾ ജോലിക്ക് പോകാതെ തന്റെ മക്കളെ പട്ടിണിക്കിടുകയാണ്. അവിടെ വരുമാനവും ചെലവും ഉണ്ടാകുന്നില്ല, ആ കുഞ്ഞുങ്ങൾ പട്ടിണി കിടന്ന് മരിക്കുകയാണ്. മറ്റൊരു ഗൃഹനാഥൻ നന്നായി അദ്ധ്വാനിച്ച്, മക്കളെ നോക്കി, നല്ല ഭക്ഷണം കൊടുത്ത്, നന്നായി പഠിപ്പിക്കുകയും ചെയ്യും. അപ്പോൾ നല്ല ചെലവ് വരും, ചിലപ്പോൾ കടം വാങ്ങിയും പഠിപ്പിക്കും. അവർ വളർന്നുവരുമ്പോൾ ആ വീട്ടിലെ കടങ്ങൾ മാറുന്ന തരത്തിൽ പ്രാപ്തരായി വരികയാണ്. അതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

ശ്രീ. കെ. എസ്. ശബരീനാഥന്റെ അറിവിലേയ്ക്കായി ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാം. നിങ്ങളുടെ കാലത്ത് ബഡ്ജറ്റിന്റെ ചെലവ് എന്തായിരുന്നു? 2015-16-ലെ യു.ഡി.എഫ്. ഭരണത്തിന്റെ അവസാനകാലത്ത് 87,032 കോടി

രൂപയായിരുന്നു ബഡ്ജറ്റ് ചെലവ്. 2019-20-ൽ 1,41,980 കോടി രൂപയിലേയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ, ഈ ഗവൺമെന്റിന്റെ ബഡ്ജറ്റ് ചെലവ് മാറിയിരിക്കുന്നു. കഴിഞ്ഞ വർഷം മാത്രം 53.3 ശതമാനം വർദ്ധനവാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. കടം വർദ്ധിക്കുന്നുവെന്ന് പറയുന്നത് എന്തുകൊണ്ടാണ്? കടം വർദ്ധിക്കുന്നു, ആവശ്യത്തിന് വരുമാനമില്ല, റവന്യൂ കമ്മി ഒരു ശതമാനത്തിലേയ്ക്ക് എത്തിക്കാൻ കഴിയുമോയെന്ന് ശ്രീ. കെ. എസ്. ശബരീനാഥൻ ചോദിക്കുകയുണ്ടായി. നിങ്ങളുടെ കാലത്ത് ശമ്പളവും പെൻഷനും കൊടുത്തിരുന്നോ; പൊതുവിദ്യാലയങ്ങളും ആശുപത്രികളും നന്നാക്കിയിരുന്നോ; നല്ല റോഡുകൾ ഉണ്ടായിരുന്നോ; ഞാൻ കണക്കുകളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്.

നിങ്ങളുടെ കാലത്ത് 35 ലക്ഷം ആളുകൾക്കാണ് ക്ഷേമപെൻഷൻ കൊടുത്തത്. ഇപ്പോൾ മൂന്ന് വർഷക്കാലംകൊണ്ട് പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 10,00,000 ആയി വർദ്ധിച്ചിരിക്കുന്നു. പെൻഷൻ ഗുണഭോക്താക്കളുടെ ആകെ എണ്ണം 45,45,358 ആയി വർദ്ധിച്ചു. അഞ്ച് വർഷംകൊണ്ട് 9,270 കോടി രൂപയാണ് നിങ്ങൾ പെൻഷനുവേണ്ടി കൊടുത്തിട്ടുള്ളത്. യു.ഡി.എഫ്.-ന്റെ ശരാശരി കണക്കനുസരിച്ച്, 1964 കോടി രൂപയാണ് പ്രതിവർഷം ചെലവാക്കിക്കൊണ്ടിരുന്നത്. 2018-19-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ക്ഷേമപെൻഷനുവേണ്ടി 7533 കോടി രൂപയാണ് കൊടുത്തത്. നിങ്ങൾ അഞ്ച് വർഷംകൊണ്ട് 9270 കോടി രൂപ കൊടുത്തെങ്കിൽ ഞങ്ങൾ മൂന്ന് കൊല്ലം കൊണ്ട് 45,45,358 ആളുകൾക്ക് 17,510 കോടി രൂപയാണ് കൊടുത്തത്. അതാണ് ചെലവ് എന്ന് പറയുന്നത്. 1,87,000 കോടി രൂപയുടെ റവന്യൂ കമ്മി ഉണ്ടായിരിക്കുന്നുവെന്ന് ശ്രീ. കെ. എസ്. ശബരീനാഥൻ പറയുകയുണ്ടായി. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് അത്രയും ആയിരുന്നു പൊതുകടം. അത്രയും പൊതുകടം നിൽക്കുമ്പോൾ നാടിനുവേണ്ടി എന്താണ് ചെയ്തത്; നിങ്ങൾ നാട്ടിലെ ഏതെങ്കിലും നല്ല കാര്യത്തിനുവേണ്ടി പണം ചെലവഴിച്ചോ?

സാമൂഹിക സുരക്ഷാ വികസന മേഖലകളിൽ യു.ഡി.എഫ്.-ന്റെ സംഭാവന എന്തായിരുന്നു? 2015-16-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലത്ത് 35,000 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 2017-18-ൽ ഇടതുപക്ഷ സർക്കാർ വരുമ്പോൾ 44,000 കോടി രൂപയും 2018-19-ൽ 49,000 കോടി രൂപയും 2019-20-ൽ 68,728 കോടി രൂപയുമായി വർദ്ധിച്ചിരിക്കുകയാണ്.

ശമ്പളത്തിന്റെയും മറ്റ് പരിഷ്കരണങ്ങളുടെയും കുടിശ്ശികയുടെ സ്ഥിതി എന്താണ്? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശമ്പളവും പെൻഷനും കൊടുക്കാതെയും ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്താതെയുമുള്ള സ്ഥിതിയായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അങ്ങനെയാണോ? നിങ്ങൾ കൊടുക്കാതിരുന്ന ക്ഷാമബത്ത അടക്കമുള്ള മുഴുവൻ ശമ്പളവും പെൻഷനും പൂർണ്ണമായി കൊടുത്തുതീർത്ത സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വരുമാന വളർച്ച എന്തായിരുന്നു? നിങ്ങളുടെ സർക്കാർ വരുന്നതിന് മുമ്പ് ഇടതുപക്ഷ സർക്കാരിന്റെ കാലത്തെ വരുമാന വളർച്ച 20 ശതമാനം ആയിരുന്നു, സ്റ്റെബിലിറ്റി ഉണ്ടായിരുന്നു. നിങ്ങളുടെ സർക്കാർ വന്നപ്പോൾ 20 ശതമാനം ഉണ്ടായിരുന്ന സ്റ്റെബിലിറ്റി 10 ശതമാനമായി കുറയുകയാണ് ചെയ്തത്. വീണ്ടും എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ 10 ശതമാനത്തിൽനിന്നും 20 ശതമാനമായി സ്റ്റെബിലിറ്റി വർദ്ധിപ്പിക്കാനാവശ്യമായ റോഡ് മാപ്പ് തയ്യാറാക്കി, കൃത്യമായ വരുമാന വർദ്ധനവുണ്ടാക്കി, ഫലപ്രദമായാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്.

എത്രയെത്ര പ്രവർത്തനങ്ങളാണ് നടന്നത്. 42,00,000 കുടുംബങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാക്കി മാറ്റി. നമ്മുടെ നാടിന്റെ എത്രയേറെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. ജലപാതയെ സംബന്ധിച്ച് അഭിമാനകരമായ നേട്ടമല്ലേ ഉണ്ടായത്. ഈ സർക്കാരിന്റെ കാലത്ത് പ്രധാനപ്പെട്ട, പൂർത്തീകരിക്കുന്ന പദ്ധതിയായി ജലപാത മാറുന്നു. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കിയാൽ കേരളത്തിലെ പിണറായി വിജയൻ ഗവൺമെന്റിന് ഇച്ഛാശക്തിയുണ്ടെന്ന് അംഗീകരിക്കാം എന്ന് ബി.ജെ.പി.-യുടെ ചില നേതാക്കന്മാർ കേരളത്തിൽ പ്രസംഗിക്കുകയും ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്യുകയും ചെയ്തില്ലേ? ഞങ്ങൾക്ക് ഒരു ബി.ജെ.പി. നേതാവിന്റെ ഒസ്യത്തും സർട്ടിഫിക്കറ്റും വേണ്ട. ഗെയിൽ പൈപ്പ് ലൈൻ ഞങ്ങളുടെ ഹൃദയത്തിലൂടെ മാത്രമേ നടപ്പിലാക്കൂ എന്ന് പ്രഖ്യാപിച്ച പാർട്ടിയാണ് ലീഗ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മൂന്നര വർഷക്കാലം പിന്നിടുമ്പോൾ ഗെയിൽ പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കി, അത് പൂർണ്ണമാക്കുന്ന നിലയിലേയ്ക്ക് മാറിയിരിക്കുന്നു എന്നുള്ളത് ലീഗ് കാണണം.

ദേശീയപാത നടപ്പിലാക്കാതിരിക്കാൻ കേന്ദ്രവും പ്രതിപക്ഷവും ഒരുമിച്ച് നിന്നുകൊണ്ട് നടത്തുന്ന പരിശ്രമങ്ങളുടെ ഇടയിൽപ്പോലും അവ

പൂർത്തീകരിക്കാനാവശ്യമായ നടപടികളല്ലേ സ്വീകരിക്കുന്നത്. നിങ്ങൾ റവന്യൂ കമ്മിയെക്കുറിച്ചും ചെലവിനെക്കുറിച്ചും പറയുന്നു. പൊതുമരാമത്ത് മേഖലയിലെ സ്ഥിതി എന്താണ്; പൊതുമരാമത്ത് മേഖലയിൽ എന്താണ് മോഡൽ? പൊതുമരാമത്ത് മേഖലയിൽ പാലാരിവട്ടം മോഡലാണ് യു.ഡി.എഫ്.-ന്റേത്. ആ പാലാരിവട്ടം മോഡലല്ല, ഇടതുപക്ഷ സർക്കാരിന്റെ മോഡലെന്ന് പറയുന്നത്. ഞങ്ങൾ നല്ല ഡിസൈൻ റോഡ് നിർമ്മിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് 1601 കിലോമീറ്റർ ബി.എം.&ബി.സി. റോഡുകളാണ് കേരളത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്. 2516 കി.മീ. ബി.എം.&ബി.സി.അല്ലാത്ത റോഡുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ നിങ്ങളുടെ മണ്ഡലത്തിൽ രാഷ്ട്രീയ വിവേചനത്തിന്റെ ഭാഗമായി ഏതെങ്കിലും പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലത്തിൽ ബി.എം.&ബി.സി. റോഡ് നൽകാതിരുന്നിട്ടുണ്ടോ? ഞാൻ ശ്രീ. ശബരീനാഥനെ വെല്ലുവിളിക്കുകയാണ്, നിങ്ങളുടെ മണ്ഡലത്തിലേയ്ക്ക് ആവശ്യപ്പെട്ട ബി.എം.& ബി.സി. റോഡ് നൽകാതിരുന്നിട്ടുണ്ടോ; കൊണ്ടോട്ടി എം.എൽ.എ.-യ്ക്ക് നൽകാതിരുന്നിട്ടുണ്ടോ; രാഷ്ട്രീയവിവേചനം കാണിച്ചിട്ടുണ്ടോ; നിങ്ങൾ പറയണം.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഇക്കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ റോഡിന്റെയും പാലത്തിന്റെയും കെട്ടിടത്തിന്റെയും ആശുപത്രിയുടെയും കാര്യത്തിൽ ഞങ്ങളെ അവഗണിച്ചുവെന്ന് ഏതെങ്കിലും യു.ഡി.എഫ്. എം.എൽ.എ.-യ്ക്ക് ഒരു സബ്മിഷൻ ഉന്നയിക്കേണ്ട അവസ്ഥ ഇവിടെയുണ്ടായിട്ടുണ്ടോ? ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് എന്താണ് പറയാനുള്ളത്?

<u>ശ്രീ. ആർ. രാജേഷ്</u>: സർ, കേരളത്തിലെ ഗവൺമെന്റ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ഏതെങ്കിലുമൊരു പ്രതിപക്ഷാംഗത്തിനോട് നീതികേട് കാണിച്ചിട്ടുണ്ടോ? നിങ്ങൾക്ക് ഹൃദയത്തിൽതൊട്ട് ആത്മാർത്ഥമായി അത് പറയാനാകില്ല. കൊണ്ടോട്ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ രണ്ട് പാലം കൊടുത്തുവെന്ന് അദ്ദേഹം പറഞ്ഞല്ലോ. പൊതുമരാമത്ത് വകുപ്പിനുവേണ്ടി രണ്ട് വർഷംകൊണ്ട് 2770 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചത്. അത്രയും പണമാണോ ഇവിടെ ചെലവഴിച്ചത്? നിങ്ങൾ റവന്യൂ കമ്മിയെക്കുറിച്ച് പറയുമ്പോൾ, റോഡുകളും പാലങ്ങളും നന്നാക്കാനായി 2770 കോടി രൂപയാണ് മാറ്റിവച്ചതെങ്കിലും റോഡ് വികസനത്തിന്റെ കാര്യത്തിൽ 5388 കോടി രൂപയാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ ചെലവഴിച്ചിരിക്കുന്നത്. പാലാരിവട്ടം മോഡലല്ല. ബഡ്ജറ്റിന്റെ ഭാഗമായി 5388 കോടി രൂപയും കിഫ്ബിയിലൂടെ നൽകിയ 11000 കോടി രൂപയും ചേർത്ത് 16388 കോടി രൂപയാണ് ഈ നാടിന്റെ പശ്ചാത്തല വികസനത്തിനുവേണ്ടി ചെലവഴിക്കുന്നത്. ഇതിൽ ഒരു

രൂപയുടെയെങ്കിലും കറപ്ഷനുണ്ടോ എന്നാണ് ഞങ്ങൾ യു.ഡി.എഫ്. അംഗങ്ങളോട് ചോദിക്കുന്നത്. അഴിമതിയുടെ ഭാഗമായി ഏതെങ്കിലുമൊരു പാലമോ റോഡോ തെറ്റായ നിലയിൽ ചെയ്തിട്ടുണ്ടോ? ഇവിടെ സുതാര്യവും സംശുദ്ധവുമായി കാര്യങ്ങൾ ചെയ്യുകയാണ്.

വ്യവസായ മേഖലയിലെ 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 20 എണ്ണം ലാഭത്തിലേയ്ക്ക് വരികയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 123 കോടി രൂപയായിരുന്നു നഷ്ടമെങ്കിൽ മൂന്നര വർഷംകൊണ്ട് 160 കോടി രൂപയുടെ ലാഭത്തിലേയ്ക്ക് വരികയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും കൊടുക്കാത്തതിന്റെ ഭാഗമായി നടന്ന ധാരാളം സമരങ്ങളിൽ ഞങ്ങളൊക്കെ പങ്കെടുത്തിട്ടുണ്ട്. ഇപ്പോൾ ഇവിടെ സമരമുണ്ടോ? കിടന്നുറങ്ങുന്ന കട്ടിൽപോലും വിറ്റ് ജീവിക്കേണ്ട സ്ഥിതി കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻകാർക്കുണ്ടായിരുന്നു. ഇപ്പോൾ ആ സ്ഥിതിയുണ്ടോ? അഭൂതപൂർവ്വമായ വികസന പ്രവർത്തനങ്ങൾ നടത്തി കേരളത്തെ മുന്നോട്ട് കൊണ്ടുപോകുന്ന സർക്കാരാണിത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് കേരളത്തെ പുറകോട്ടടിക്കാൻ പരിശ്രമിക്കരുത്. മസാല ബോണ്ടിന്റെയും കിഫ്ബിയുടെയും സാലറി ചലഞ്ചിന്റെയും കാര്യത്തിൽ ആ സമീപനമാണ് കേരളത്തിലെ ഗവൺമെന്റ് എടുത്തത്. ശ്രീ. നരേന്ദ്ര മോദിയെപ്പോലെ പ്രതിപക്ഷനേതാവ് ആകാൻ പാടില്ല. പ്രളയകാലത്ത് ശ്രീ. നരേന്ദ്ര മോദി ഇവിടെ വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടൊപ്പം പ്രതിപക്ഷനേതാവും വന്നു. ശ്രീ. നരേന്ദ്ര മോദിയും പ്രതിപക്ഷനേതാവും പകുതി വഴിക്കുവച്ച് പോയി. ഈ ഗവൺമെന്റിന്റെ പ്രതിപക്ഷമായി നിങ്ങൾ നിൽക്കണം. പക്ഷേ നാടിന്റെ വികസന പ്രവർത്തനത്തിന്റെ പ്രതിപക്ഷനേതാവായി നിൽക്കാൻ പാടില്ലെന്ന അഭ്യർത്ഥനയാണ് ഞങ്ങൾക്കുള്ളത്. ആ സമീപനമാണ് കേരളത്തിലെ യു.ഡി.എഫ്. സ്വീകരിക്കുന്നത്. 19 സീറ്റ് നേടിയതിന്റെ അഹങ്കാരത്തിലാണ് നിങ്ങൾ നിൽക്കുന്നതെങ്കിൽ ഒന്നേമുക്കാൽ വർഷത്തിനുള്ളിൽ അതിനേക്കാൾ ഭീകരമായ തിരിച്ചടി ഈ നാട് നിങ്ങൾക്ക് നൽകുമെന്നുമാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ധനകാര്യ ബില്ലിനെ പൂർണ്ണമായും അംഗീകരിച്ചുകൊണ്ടും പിന്തുണച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, 2011-ൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഒ.എൻ.വി. കുറുപ്പിന്റെ ഒരു കവിതാ ശകലം ഉദ്ധരിച്ചുകൊണ്ടാണ് തന്റെ ആദ്യത്തെ ബഡ്ജറ്റ് അവതരിപ്പിച്ചത്. ലോക ചരിത്രത്തിലാദ്യമായി ബഡ്ജറ്റിൽ കവിത കടന്നുവരുന്നത് അന്നാണെന്നാണ് എനിക്ക് തോന്നുന്നത്.

"പാലിച്ച വാഗ്ദാനമേറെ, യെന്നാകിലും
പാലിക്കാനുണ്ടിനിയേറെ!
പിന്നിട്ടദൂരങ്ങളേറെയെന്നാകിലും
പിന്നിടാനുണ്ടിനിയേറെ!"

എന്നാണ് അദ്ദേഹം തന്റെ ആദ്യത്തെ ബഡ്ജറ്റിൽ കുറിച്ചിട്ട കവിത. കാലമേറെ കടന്നുപോയിട്ടും അദ്ദേഹത്തിന്റെ ബഡ്ജറ്റുകളെ സംബന്ധിച്ച് ഇന്നും ഈ കവിത ഏറെ പ്രസക്തമാണ്. കുറേ കാര്യങ്ങൾ നടപ്പാക്കാൻ കഴിഞ്ഞു. എന്നാൽ ഒട്ടേറെ കാര്യങ്ങൾ ഇനിയും നടപ്പാക്കാനുണ്ട്. ഏറ്റവും പ്രതിസന്ധി നിറഞ്ഞ ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ചില കാര്യങ്ങളിൽ തീർച്ചയായും അദ്ദേഹത്തിന് അഭിമാനിക്കാൻ കഴിയും. GSDP ഗ്രോത്ത് റേറ്റ് ഏതാണ്ട് 0.14 ശതമാനമാണ്. കഴിഞ്ഞ പ്രാവശ്യത്തേക്കാൾ 11.42 ശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ചെറിയൊരു മാറ്റം GSDP റേറ്റിലുണ്ടാക്കാൻ കഴിഞ്ഞു. പക്ഷേ GSDP ഗ്രോത്ത് റേറ്റിലുണ്ടായ ഈ വർദ്ധനവ് ജി.എസ്.ടി. കളക്ഷന്റെ കാര്യത്തിലുണ്ടായില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നോൺ ടാക്സ് റവന്യൂവിന്റെ കാര്യത്തിൽ ലോട്ടറി ഒഴികെയുള്ള മറ്റൊരു മേഖലകളിലും എഡ്യുക്കേഷനായാലും ഫോറസ്റ്റായാലും മറ്റ് ഇതര മേഖലകളിലെല്ലാം കളക്ഷനിൽ കാര്യമായി പ്രതിഫലിക്കുന്നില്ല. GSDP ഗ്രോത്ത് റേറ്റിന്റെ കാര്യത്തിൽ പോസിറ്റീവായ നിലപാടെടുക്കാൻ കഴിഞ്ഞ ഈ കാലഘട്ടത്തിൽ നോൺ ടാക്സ് റവന്യൂവുമായി ബന്ധപ്പെട്ട കളക്ഷന്റെ കാര്യത്തിൽ എന്തുകൊണ്ട് കുറവുണ്ടായി എന്നുള്ളത് ധനകാര്യ വകുപ്പ് വളരെ ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്.

സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽനിന്ന് പണം തിരികെ പിടിച്ച നിലപാട്, റവന്യൂ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ അത് കുറച്ചുകാണിക്കാൻ സഹായിച്ചത് വളരെ പ്രധാനപ്പെട്ട ഘടകമാണ്. പക്ഷേ അതിനുശേഷം റവന്യൂ റസീപ്റ്റും GSDP റേറ്റുമായിട്ടുള്ള റേഷ്യോ നോക്കുമ്പോൾ റവന്യൂ കളക്ഷനിലുണ്ടായിട്ടുള്ള ഈ മാറ്റം വളരെ ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണെന്ന് എനിക്ക് തോന്നുന്നു.

അതോടൊപ്പം GSDP കോമ്പൻസേഷന്റെ കാര്യത്തിൽ നമ്മൾ 14 ശതമാനത്തിലെത്തേണ്ട സാഹചര്യമാണ്. കോമ്പൻസേഷന്റെ കാര്യത്തിൽ ആ വർദ്ധനവ് എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നുള്ളത് ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. 2017-18 കാലയളവിലെ സെൻട്രൽ ഷെയറിന്റെ കാര്യത്തിൽ കുറവ് വരുന്ന അവസ്ഥയെക്കുറിച്ച് പബ്ലിക് എക്സ്പെൻഡീച്ചർ റിവ്യൂ

കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, പതിനാലാം ഫിനാൻസ് കമ്മീഷന്റെ അവാർഡിൽപ്പോലും, പ്രത്യേകിച്ച് പെർഫോമൻസ് ഗ്രാന്റിന്റെ കാര്യത്തിലൊക്കെ സെൻട്രൽ ഷെയർ കുറയുന്ന അവസ്ഥയാണ്. സെൻട്രൽ ഷെയർ കുറയുന്നുവെന്ന് മാത്രമല്ല അൺ-അലോട്ടഡ് ആയിട്ടുള്ള ജി.എസ്.ടി.-യുടെ കാര്യത്തിൽ ഇപ്പോൾ തീരുമാനമുണ്ടായി. അങ്ങനെയൊരു തീരുമാനം നേരത്തെ ജി.എസ്.ടി. കൗൺസിലിലുണ്ടായെങ്കിൽപ്പോലും സംസ്ഥാനങ്ങളുമായി ഷെയർ ചെയ്യാനുള്ള താല്പര്യക്കുറവ് ഇപ്പോഴും കേന്ദ്രത്തിന്റെ ഭാഗത്ത് നിൽക്കുന്നുവെന്നുള്ളത് വളരെ ഗൗരവമായി കാണേണ്ടതും ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് എന്ത് നിലപാടാണ് എടുത്തിട്ടുള്ളതെന്ന് അറിയാനും ഏറെ താല്പര്യമുണ്ട്. നമ്മുടെ സെറ്റിൽമെന്റ് ഡീറ്റെയിൽസ് ഒന്നുംതന്നെ ഇപ്പോൾ വെളിപ്പെടുത്തുന്നുമില്ല. കാലാകാലങ്ങളിൽ ഐ.എസ്.ടി.-യുമായും ഐ.ജി.എസ്.ടി.-യുമായും ബന്ധപ്പെട്ടുള്ള സെറ്റിൽമെന്റ് ഡീറ്റെയിൽസ് പുറത്തുവരാനും ഡിസ്ട്രിബ്യൂട്ട് ചെയ്യാത്ത അൺ-അലോക്കേറ്റഡ് ഷെയർ ലഭിക്കാനുമുള്ള നടപടികളുണ്ടാകുക എന്നുള്ളത് ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്.

ഫിസ്കൽ ഡെഫിസിറ്റിന്റെ കാര്യത്തിൽ പല ബഡ്ജറ്റുകളിലും പറഞ്ഞിട്ടുള്ള മൂന്ന് ശതമാനത്തിലേയ്ക്കെത്താൻ കഴിഞ്ഞില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. സംസ്ഥാനം ഇപ്പോഴും 3.91 ശതമാനത്തിൽ നിൽക്കുകയാണ്. ധനകാര്യ ബില്ലിനകത്ത് എക്സ്പെൻഡിച്ചറുമായി ബന്ധപ്പെട്ട ഗൗരവമായ കാര്യങ്ങൾ കടന്നുവരുന്നില്ല. ജി.എസ്.ടി. വന്നതോടുകൂടി അതിനുള്ള നമ്മുടെ അവകാശങ്ങളും അധികാരങ്ങളുമെല്ലാം ഏതാണ്ട് നഷ്ടപ്പെട്ട സാഹചര്യമാണ്. വിഷയനിർണ്ണയ സമിതികളിൽനിന്ന് വിവിധ ഡിപ്പാർട്ട്മെന്റുകളുമായി ബന്ധപ്പെട്ട് ഇവിടെ വന്നിട്ടുള്ള റിപ്പോർട്ടുകളും മേശപ്പുറത്തുവയ്ക്കുന്ന രേഖകളും എടുത്തുനോക്കിയാൽ കഴിഞ്ഞ തവണ അലോട്ട് ചെയ്ത പണം കൃത്യമായി ചെലവഴിച്ചിട്ടില്ലെന്നുള്ള പൊതുവായ സമീപനമാണ് കാണാൻ കഴിയുന്നത്. കൊടുത്ത പണം ചെലവഴിച്ചശേഷം പിന്നീട് പരിശോധിക്കാമെന്ന് പറയുന്നു. ബഡ്ജറ്റിൽ അനുവദിക്കുന്ന പണം പോലും ഡിപ്പാർട്ട്മെന്റുകൾ കൃത്യമായി ചെലവഴിക്കുന്നില്ലെന്നുള്ളത് വളരെ ഗൗരവമായ വിഷയമാണ്. എല്ലാ പ്രാവശ്യവും അലോട്ട് ചെയ്യുന്നതിന്റെ പത്ത് ശതമാനമോ അല്ലെങ്കിൽ അതിനനുസരിച്ച് ആനുപാതികമായ വർദ്ധനവുണ്ടാക്കിയോ ബഡ്ജറ്റ് സംവിധാനമുണ്ടാക്കുന്നതിന പ്പുറത്തേയ്ക്ക് പലപ്പോഴും അങ്ങ് ഉദ്ദേശിക്കുന്ന തരത്തിലുള്ള സമീപനം ബഡ്ജറ്റ് പ്രോസ്സസ്സിൽ ഉണ്ടാകുന്നില്ല. ഞാനിത് സൂചിപ്പിച്ചത്, എക്സ്പെൻഡിച്ചറിന്റെ കുറേക്കൂടി ഗ്ലോറിയസായിട്ടുള്ള ഒരു മുഖം പലപ്പോഴും നൽകാൻ കഴിയുന്നില്ല എന്നുള്ളതാണ്. ധനകാര്യ വകുപ്പ് തുക അനുവദിച്ചതുകൊണ്ടുമാത്രം കാര്യമില്ല.

അലോക്കേറ്റ് ചെയ്യുന്ന പണം ഡിപ്പാർട്ടുമെന്റുകൾ കൃത്യമായി നല്ല നിലയിൽ ചെലവഴിക്കുന്നുണ്ടോ എന്നുള്ളത് ശ്രദ്ധിക്കേണ്ട കാര്യമാണെന്നാണ് ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുന്നത്. സമയ പരിമിതികൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ബഡ്ജറ്റ് ചർച്ചകളിലൊക്കെ സജീവ സാന്നിദ്ധ്യമായിരുന്ന അന്തരിച്ച കെ. എം. മാണി സാർ. ബഡ്ജറ്റുകളെ ഗൗരവമായി കാണുകയും വളരെ ക്രിയാത്മകമായ നിർദ്ദേശം നൽകുകയും ചെയ്തിരുന്ന അദ്ദേഹത്തിന്റെ അസാന്നിദ്ധ്യമുള്ള ബഡ്ജറ്റ് ചർച്ചയിലാണ് ഞാൻ പങ്കെടുക്കുന്നതെന്നുള്ളത് ഈ സന്ദർഭത്തിൽ ഓർക്കുകയാണ്.

മറ്റൊരു വിഷയം, മണി ലെൻഡേഴ്സിനെ സംബന്ധിച്ചിടത്തോളം അവർക്ക് പരമാവധി ഈടാക്കാൻ കഴിയുന്ന പലിശ 18 ശതമാനമായി ഇപ്പോൾ നിജപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, 20000 രൂപയിൽ കുറവുള്ള ട്രാൻസാക്ഷനെല്ലാം ചെക്ക് വേണമെന്നുള്ള നിർദ്ദേശവുമുണ്ട്. പക്ഷേ ഇവിടെ നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് ഉൾപ്പെടെയുള്ളവർ പല മേഖലയിലും 36 ശതമാനത്തോളം പലിശ ഈടാക്കുന്ന സാഹചര്യം നിലവിലുണ്ട്. പ്രത്യേകിച്ച് മണി ലെൻഡിംഗ് ആക്ടിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമെന്ന നിലയിൽ അവർക്ക് 4 ശതമാനത്തിൽ കൂടുതൽ മാർജിൻ കിട്ടാനുള്ള സാദ്ധ്യതയില്ല. അക്കാര്യത്തിൽ കുറേക്കൂടി ഫ്ലക്സിബിളായ നിലപാടുണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം, ബ്രിട്ടീഷ് ഭരണകാലത്തുണ്ടായിരുന്ന സഞ്ചാരയോഗ്യമല്ലാതിരുന്ന, എലത്തൂർ പാലം നന്നാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിലെ റോഡുകൾ, സ്കൂളുകൾ, സർക്കാർ വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾ എന്നിവയ്ക്കെല്ലാം ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധം സർക്കാർ പണം ചെലവഴിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ മിക്ക വിദ്യാർത്ഥികളും എ പ്ലസ് വാങ്ങി 100 ശതമാനം റിസൾട്ട് കരസ്ഥമാക്കിയവരാണ്. ഒരു കാലത്തും ഉണ്ടായിട്ടില്ലാത്തവിധം ആവശ്യമായ സൗകര്യങ്ങളെല്ലാം ഈ ഗവൺമെന്റ് നൽകിയതുകൊണ്ടാണ് സർക്കാർ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് നല്ല റിസൽട്ട് ഉണ്ടാക്കാൻ കഴിഞ്ഞത്. ഇത്തരം സാഹചര്യങ്ങൾ ഒരുക്കിയതിന്റെ പേരിൽ ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോട് അങ്ങേയറ്റം നന്ദിയുള്ളവനാണ്.

ഒരു ചെറിയ കാര്യം ഞാൻ പറയട്ടെ, ഇവിടെ സി.പി.ഐ.(എം.) കെ.ജി. മാരാരെ സഹായിച്ചുവെന്നൊക്കെ പറഞ്ഞു. അന്ന് കെ. ജി. മാരാർ ജനതാ പാർട്ടിയിലായിരുന്നു. ചിറ്റൂരിൽ വന്ന് ബി.ജെ.പി.യുടെ ഇന്നത്തെ നേതാവ്

പ്രസംഗിച്ചത് ജനതാപാർട്ടിയുടെ സ്ഥാനാർത്ഥിക്കുവേണ്ടിയാണ്. മുസ്ലീം ലീഗിലെ സുഹൃത്തുക്കൾ അത് മനസ്സിലാക്കേണ്ടതാണ്; കാരണം കേരളത്തിൽ നിങ്ങൾ അതിന്റെ ഭാഗമായില്ല. ഇവിടെ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ഘട്ടത്തിൽ, ഡൽഹിയിലെ തുർക്കുമാൻ ഗേറ്റിലുണ്ടായ സംഭവവുമായി ബന്ധപ്പെട്ട് മുസ്ലീം സ്ത്രീകളടക്കമുള്ളവർ വീണ് മരിച്ചപ്പോൾ അവരുടെ രക്തം പുരണ്ട വസ്ത്രവുമെടുത്തുകൊണ്ട് ഇൻഡ്യയിലെ മുസ്ലീം ജനസമൂഹവും ഇവിടെയുള്ള എല്ലാവരും ഒരുമിച്ചുനിന്നു. ഇൻഡ്യൻ ജനാധിപത്യമില്ലെങ്കിൽ നമ്മുടെ നിയമസഭയും നമ്മുടെ സ്വാതന്ത്ര്യവുമൊന്നും ഉണ്ടാകില്ല. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചശേഷം നിയമവാഴ്ചയുമില്ല. അതൊന്നും ഞാൻ വിശദീകരിക്കുന്നില്ല; അതിനുള്ള സമയമില്ല. അങ്ങനെയുള്ള അടിയന്തരാവസ്ഥയുടെ ഒരു ഘട്ടത്തിൽ, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിലെ ജനാധിപത്യം തകരുന്നുവെന്ന് പറഞ്ഞപ്പോൾ, തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. ജയിലിലായ നേതാക്കളെയെല്ലാം ജയിൽ മോചിതരാക്കിയാൽ സുഖമായി ജയിക്കാമെന്ന് അന്നത്തെ പ്രധാനമന്ത്രി ധരിച്ചു. അതേത്തുടർന്ന് തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും ജയിലിലുള്ള നേതാക്കളെയെല്ലാം മോചിപ്പിക്കുകയും ചെയ്തു. അവരിൽ സംഘടനാ കോൺഗ്രസ്സ് നേതാവായ മൊറാർജി ദേശായി, സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാവ് അശോക് മേത്ത അങ്ങനെ ഓരോരുത്തരുമുണ്ടായിരുന്നു. ഞാൻ അടിവരയിട്ട് പറയുന്നു, അന്ന് കേരളം ഒഴികെയുള്ള മുസ്ലീം ജനസമൂഹം ഞങ്ങളുടെ കൂടെ നിന്നു. പുറത്തിറങ്ങിയ ആ നേതാക്കൾ ഒരു മാനിഫെസ്റ്റോ ഉണ്ടാക്കി തെരഞ്ഞെടുപ്പിനെ നേരിട്ടു. ആ തെരഞ്ഞെടുപ്പിൽ കേരളം ഒഴിച്ച് ബാക്കിയുള്ളവർ അടിയന്തരാവസ്ഥക്കാരുടെ കൂടെ നിന്നു. എന്നാൽ, ഇൻഡ്യയിലെ മുസ്ലീം ജനസമൂഹം അടിയന്തരാവസ്ഥയ്ക്കെതിരായിനിന്ന് ഇൻഡ്യൻ ജനാധിപത്യത്തെ പുനഃസ്ഥാപിച്ചു. കെ. ജി. മാരാരും ശ്രീ. ഒ. രാജഗോപാലും ജനതാ പാർട്ടിയുടെ സ്ഥാനാർത്ഥികളാണ്. അതുപോലെ മറ്റുള്ള സോഷ്യലിസ്റ്റുകാർ മത്സരിച്ചത് ജനതാപാർട്ടിയുടെ സ്ഥാനാർത്ഥികളായിട്ടാണ്; അവരാണ് ജനാധിപത്യം പുനഃസ്ഥാപിച്ചത്. ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ നടന്ന സമരത്തിലാണ് ഇപ്പോഴത്തെ മുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയനെ അടിയന്തരാവസ്ഥക്കാലത്ത് പിടിച്ചുകൊണ്ടുപോയി മർദ്ദിച്ച് അവശനാക്കി ആശുപത്രിയിലെത്തിച്ചത്. അനേകം നാളുകൾ സമരം ചെയ്തിട്ടാണ് നമുക്കെല്ലാവർക്കും ജനാധിപത്യപരമായി തെരഞ്ഞെടുപ്പിനെ നേരിടാനും സ്വതന്ത്രമായി സംസാരിക്കാനും ലോകത്തിലെ ജനാധിപത്യരാജ്യത്തിന്റെ ഭാഗമാണെന്ന് പറയാനും കഴിഞ്ഞത്. ശ്രീ. രാഹുൽ ഗാന്ധി മുമ്പ് ഇവിടെ തെരഞ്ഞെടുപ്പ് നടന്നപ്പോൾ അടിയന്തരാവസ്ഥ വേണ്ടായിരുന്നുവെന്ന് പറഞ്ഞു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ചിക്മഗലൂരിൽ ഇന്ദിരാഗാന്ധി മത്സരിച്ചതുമായി ബന്ധപ്പെട്ട് ശ്രീ. എ. കെ. ആന്റണിയും കൂട്ടരും നമ്മുടെ കൂടെ വന്നത് ഓർമ്മയുണ്ടോ?

ശ്രീ. സി. കെ. നാണു: സർ, അതൊന്നും ഞാൻ പറയുന്നില്ല. ഏത് പാർട്ടിയാണ് സി.പി.ഐ.(എം.)-ന്റെ കൂടെ പോകാത്തത്; മുസ്ലീം ലീഗും കോൺഗ്രസും കോൺഗ്രസ് (ഐ)-യും മാണിസാറിന്റെ കേരള കോൺഗ്രസ് വരെ പോയില്ലേ? ഞാൻ അതൊന്നും പറയുന്നില്ല. ഞാൻ ഇങ്ങേയറ്റത്തിരുന്ന് അതിന്റെയൊക്ക വിഷമതകൾ അനുഭവിച്ച ഒരു സാധാരണ രാഷ്ട്രീയ പ്രവർത്തകനാണ്. എന്നാൽ ഞാൻ പറയുകയാണ്, ആരും ആക്ഷേപിക്കരുത്; ഞങ്ങൾക്ക് തെറ്റുപറ്റി അതിനെ പ്രോത്സാഹിപ്പിച്ചതിന് എന്ന് നിങ്ങൾ പറഞ്ഞാൽ ഞാൻ മനസ്സിലാക്കും. കാരണം, ഈ രാജ്യത്തിന്റെ ജനാധിപത്യവും ഇവിടെ കാണുന്ന സൗധവും തത്വശാസ്ത്രം പ്രസംഗിക്കുന്നതുമെല്ലാം അടിയന്തരാവസ്ഥ കാലത്ത് കുറേ മനുഷ്യർ മർദ്ദനമേറ്റും വെടിയേറ്റും മരിച്ചതിന്റെ ഫലമായുണ്ടായതാണ്. കേരളത്തിൽ 27 ആളുകൾ അടിയന്തരാവസ്ഥക്കാലത്ത് വെടിയേറ്റ് മരിച്ചു. നമ്മൾ അവരോട് നന്ദി കാണിക്കണം. ഇവിടെ സെക്രട്ടേറിയറ്റിന്റെ മുമ്പാകെ കരയുന്ന കുറേ ആളുകളുണ്ട്. അവരുടെ കുടുംബങ്ങൾക്ക് ഒന്നും തിരിച്ചു കൊടുത്തിട്ടില്ല. കാരണം അന്ന് കേരളത്തിൽ അധികാരത്തിൽ വന്നത്....

ശ്രീ. എ. കെ. ബാലൻ: സർ, അങ്ങയുടെ സുഹൃത്തായ എടച്ചേരി കണ്ണൻ കോൺഗ്രസുകാരനായിരുന്നു. അദ്ദേഹത്തെ അടിച്ചുകൊന്നിട്ട് ശവംപോലും കൊടുത്തിട്ടില്ല.

ശ്രീ. സി. കെ. നാണു: സർ, അങ്ങനെയുള്ള ഒരു കാലമുണ്ട്; നമ്മൾ അതൊക്കെ മറക്കാതിരിക്കണം. ഇനി ഏതെങ്കിലും ഒരവസരത്തിൽ കെ. ജി. മാരാർക്കെതിരായിട്ടാണ് ഇന്നയാൾ മത്സരിച്ചതെന്നുപറയുമ്പോൾ, ആ കെ. ജി. മാരാരൊക്കെ മർദ്ദനമേറ്റവരാണ്; ജനാധിപത്യം പുനഃസ്ഥാപിക്കാൻ വേണ്ടി കഷ്ടപ്പെട്ടവരാണ്; ഞങ്ങളുടെ കൂടെനിന്നവരാണ്....

ശ്രീ. ടി. വി. ഇബ്രാഹിം: സർ, (........... മൈക്ക് ഓഫ്.......)

ശ്രീ. സി. കെ. നാണു: സർ, കെ. ജി. മാരാർ ജനതാ പാർട്ടിയിലായിരുന്നു. ജനതാപാർട്ടി എന്താണെന്ന് വച്ചാൽ, ഭാരതീയ ജനസംഘം, സോഷ്യലിസ്റ്റ് പാർട്ടി, സംഘടനാ കോൺഗ്രസ് ഈ കക്ഷികളൊക്കെ ഒരുമിച്ച് ചേർന്ന പാർട്ടിയാണ്. ഇവിടെ ജനാധിപത്യമുണ്ടാക്കാൻ അവരൊക്കെ മർദ്ദനമേറ്റ് ജയിലിൽ പോയി. നമ്മൾ ഇതിലൊന്നും പങ്കെടുക്കാത്തതുകൊണ്ട് ഇപ്പോൾ ജനാധിപത്യവും തത്വവുമൊക്കെ പ്രസംഗിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ......യെസ്..... പ്ലീസ്.....

ശ്രീ. സി. കെ. നാണു: സർ, ജനാധിപത്യത്തെ സംരക്ഷിക്കാൻ എളുപ്പമല്ല; എന്നാൽ നന്ദി കാട്ടണം. എനിക്ക് ഇന്നും ഓർമ്മയുണ്ട്. എ.കെ.ജി. അടിയന്തരാവസ്ഥയ്ക്കെതിരായി, ഞാൻ ധിക്കാരം പറയുകയല്ല....

മി. ഡെപ്യൂട്ടി സ്പീക്കർ: ... പ്ലീസ്..... സമയം കഴിഞ്ഞു.

ശ്രീ. സി. കെ. നാണു: സർ, ഒരു സെക്കൻഡ്, ചെറുപ്പകാലത്ത് ഞാൻ ഒരിടത്ത് പ്രസംഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ എ.കെ.ജി.-യെ കണ്ടപ്പോൾ 'എടോ ക്ഷീണമാണ്, നീ പ്രസംഗിക്ക്' എന്നുപറഞ്ഞു. ആ എ.കെ.ജി. രോഗം ബാധിച്ച് സംസാരിക്കാൻ സാധിക്കാതെ ആശുപത്രിയിലായിരിക്കുമ്പോൾ മൊറാർജി ഭായിയുടെ കൂടെ ഞാനും പോയിരുന്നു. സ്വന്തം മകൾ മരിച്ചിട്ട് കരയാത്ത അദ്ദേഹം എ.കെ.ജി.-യെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ കണ്ണിൽനിന്ന് കണ്ണുനീർ വന്നുവെന്നാണ് പത്രങ്ങൾ എഴുതിയത്. പഴയ ഒരു ചരിത്രമുണ്ട്. ആ ചരിത്രത്തെ നിന്ദിക്കരുത്. അതിന്റെ ഭാഗമായിട്ടാണ് നമ്മളെല്ലാവരും ഈ ജനാധിപത്യത്തിൽ ഉറച്ചുനിൽക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല; ഈ ബില്ലിനെ അംഗീകരിക്കുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, 2019-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട കൊണ്ടോട്ടി മെമ്പർ ഈ സർക്കാരിനെതിരെയും സർക്കാരിന്റെ സാമ്പത്തിക നയങ്ങളെ സംബന്ധിച്ചും വളരെ ദുർബ്ബലമായ പത്ര വാർത്തകൾ ഇവിടെ വായിക്കുന്നത് കേട്ടു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുന്നതിന് ആറേഴ് മാസം മുമ്പുള്ള രണ്ട് മാസത്തെമാത്രം പത്രങ്ങളുടെ ഏതാനും ചില കട്ടിംഗുകളാണ് എന്റെ കയ്യിൽ ഇരിക്കുന്നത്. അതിൽ ഒന്നുരണ്ടെണ്ണം ഞാൻ വായിക്കാം. '11,000 കോടി രൂപ നിർബന്ധിത പിരിവ്, ട്രഷറി പൂട്ടേണ്ട സ്ഥിതി, സാമ്പത്തിക കെടുകാര്യസ്ഥതമൂലമുണ്ടായ പ്രതിസന്ധി മറികടക്കാൻ സർക്കാർ നിർബന്ധിത പിരിവ് നടത്തുന്നു, സർക്കാർ കടം അഞ്ച് വർഷംകൊണ്ട് ഇരട്ടി വർദ്ധന, കെ.എസ്.എഫ്.ഇ.-യിലെ മറിമായം, 16 ലക്ഷം രൂപയുടെ വസ്തുവിന് 52 ലക്ഷം രൂപ, പരസ്യത്തിന് 246 കോടി രൂപ, അഞ്ച് വർഷത്തിൽ അൻപതാണ്ടിലെ കടം' എന്നിങ്ങനെയാണ്. പ്രതിപക്ഷത്തുനിന്നുള്ള ബഹുമാനപ്പെട്ട മെമ്പർമാർ സംസാരിക്കുന്നത് ശ്രദ്ധിച്ചാൽ അവർക്ക് എന്തുപറയണമെന്നറിയാത്ത ഒരു സ്ഥിതിയുണ്ടെന്ന് മനസ്സിലാകും. അപ്രതീക്ഷിതമായി ഒരു പട്ടം കയ്യിൽ വീണുകിട്ടിയ കുട്ടിയുടെ അവസ്ഥയാണ് ഇന്ന് കേരളത്തിലെ കോൺഗ്രസിനുള്ളത്. ഈ പട്ടം പറത്തണോ അതോ അതുംകൊണ്ട് ഓടണോ അല്ലെങ്കിൽ പട്ടം കിട്ടിയെന്ന് വിളിച്ചുപറയണോ എന്ന് പറയാനാകാത്ത, അറിയാത്ത സ്ഥിതിയാണ് ലോക്സഭാ

തെരഞ്ഞെടുപ്പിനുശേഷം കേരളത്തിലെ കോൺഗ്രസിനുള്ളത്. ഈ കുട്ടിയെ ശ്രദ്ധിക്കേണ്ട രക്ഷകർത്താവാകട്ടെ കുട്ടിയെയും കുടുംബത്തെയും വേണ്ടെന്ന് പറഞ്ഞ് ഓടി ഒളിച്ചിരിക്കുകയാണ്. ആര് പറഞ്ഞിട്ടും തിരിച്ചുവരുന്നില്ല ദേശീയ രാഷ്ട്രീയത്തെക്കുറിച്ചോ നമ്മുടെ രാജ്യം അകപ്പെട്ടിരിക്കുന്ന അപകടകരമായ അവസ്ഥയെക്കുറിച്ചോ സഭയിൽ പ്രതിപക്ഷാംഗങ്ങൾ ഒരക്ഷരംപോലും മിണ്ടാത്തത് നാം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. അതിനുപകരം ശ്രീ. പി. ടി. തോമസിനെപ്പോലുള്ള ബഹുമാനപ്പെട്ട മെമ്പർമാർ അന്ധമായ കമ്മ്യൂണിസ്റ്റ് വിരുദ്ധതകാരണം നടത്തുന്ന പ്രസംഗങ്ങളും ബഹുമാനപ്പെട്ട അഴീക്കോട് മെമ്പർ ബി.ജെ.പി. പ്രീണനം നടത്തുന്നതും നമ്മൾ കേട്ടു. ദേശീയ വിദ്യാഭ്യാസ നയം 2019- ന്റെ കരട് പ്രസിദ്ധീകരിച്ചു. അതുസംബന്ധിച്ച് കോൺഗ്രസിന്റെ നിലപാടും പ്രതികരണവും എന്താണെന്നാണ് ഞങ്ങൾക്ക് കോൺഗ്രസിനോട് ചോദിക്കാനുള്ളത്. ഇതുവരെ ഏതെങ്കിലും ഒരു കോൺഗ്രസ് നേതാവ് ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് ഒരക്ഷരം മിണ്ടിയിട്ടുണ്ടോ? ജൂൺ 18-ന് ജാർഖണ്ഡിൽ തബ്രീസ് അൻസാരി (24 വയസ്സ്) എന്ന യുവാവിനെ മോഷണക്കുറ്റം ആരോപിച്ച് കെട്ടിയിട്ട് മർദ്ദിച്ച് നിർബന്ധിതനായി 'ജയ് ശ്രീറാം' വിളിപ്പിച്ചു, അദ്ദേഹം കൊല്ലപ്പെട്ടു. രണ്ട് ദിവസം മുമ്പ് കൊൽക്കത്ത പാർക്ക് സർക്കസ് സ്റ്റേഷനുസമീപം 'ജയ് ശ്രീറാം' വിളിക്കാത്തതിന്റെ പേരിൽ ഒരു മദ്രസ അദ്ധ്യാപകനെ ഓടുന്ന ട്രെയിനിൽനിന്നും തള്ളിയിട്ടു. പശുവിനെ കൊന്നതിന് നാഷണൽ സെക്യൂരിറ്റി ആക്ട് പ്രകാരം കേസ്സെടുത്ത മധ്യപ്രദേശിൽ കോൺഗ്രസിന്റെ ലോക്സഭാ തെരഞ്ഞെടുപ്പിലെ സ്ഥിതിയെന്താണ്? വർഗ്ഗീയതയെ വർഗ്ഗീയത കൊണ്ട് ചെറുക്കാൻ കഴിയില്ലെന്ന് കോൺഗ്രസ് മനസ്സിലാക്കണം. നേരത്തെ സൂചിപ്പിച്ചതുപോലെ, ഈ രാജ്യം വർഗ്ഗീയതയുടെയും കോർപ്പറേറ്റുകളുടെയും പിടിയിലാണ്. അദാനിയുടെയും അംബാനിയുടെയും റിമോട്ട് കൺട്രോളിൽ ചലിക്കുന്ന ഒരു പ്രധാനമന്ത്രിയാണ് ഇന്ത്യയ്ക്കുള്ളത്. നമ്മുടെ ഭരണഘടനാ സ്ഥാപനങ്ങളും ജനാധിപത്യ സംവിധാനങ്ങളുമൊക്കെ വർഗ്ഗീയതയുടെ കൈകളിലാണ്. അത് സാധ്യമാക്കുന്നത് ഇവിടത്തെ കോർപ്പറേറ്റുകളാണ്. അവിടെയാണ് കേരളത്തിലെ ഇടതുപക്ഷ ഭരണവും രാഷ്ട്രീയ സാമ്പത്തിക കാഴ്ചപ്പാടുകളും വ്യത്യസ്തമാകുന്നത്. എല്ലാ രംഗങ്ങളും പരിശോധിക്കാം. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ഭരണപക്ഷ എം.എൽ.എ.-മാരൊക്കെ ഈ ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞു. 140 എം.എൽ.എ.- മാരുടെ നിയോജകമണ്ഡലങ്ങളിലും കിഫ്ബിയുടെ നിർമ്മാണ പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസം - 5 കോടി രൂപയുടെ മികവിന്റെ സ്കൂളുകൾ നിർമ്മാണത്തിലാണ്. 100 കണക്കിന് കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബിയിലൂടെ പ്രതിപക്ഷാംഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ മണ്ഡലങ്ങളിൽ നടക്കുന്നത്. കാർഷിക രംഗം- ലോക്സഭാ തെരഞ്ഞെടുപ്പിനുമുമ്പ്, ബഹുമാനപ്പെട്ട പ്രധാനമന്ത്രി 6000 രൂപ വീതം

ഓരോ കർഷകർക്കും നൽകുന്നുവെന്ന ഏറ്റവും വലിയ ഇലക്ഷൻ ഗിമ്മിക് നാം കണ്ടു. നമ്മുടെ നാട്ടിൽ, നമ്മുടെ തൊടിയിൽ വിളയുന്ന ഒന്നാന്തരം കുരുമുളക് വിൽക്കാൻ കർഷകർ ചെല്ലുമ്പോൾ അവർക്കതിന് സാധിക്കുന്നില്ല. കാരണം, എരിവില്ലാത്ത, ഗുണനിലവാരമില്ലാത്ത കുരുമുളക് നമ്മുടെ പ്രദേശത്തെ ലോക്കൽ മാർക്കറ്റുകളിൽപ്പോലും ലഭ്യമാണ്. ഈ കാർഷിക നയത്തിന് തുടക്കം കുറിച്ചത് കോൺഗ്രസാണ്. അത് ബി.ജെ.പി. ഏറ്റെടുത്ത് നടത്തുകയാണ് ചെയ്തത്. നമ്മുടെ നാട്ടിലൊക്കെ 'വായ്ക്കരി ഇടുക' എന്നൊരു ചൊല്ലുണ്ട്. വിദേശ രാജ്യങ്ങളിൽനിന്നും കാർഷിക ഉൽപ്പന്നങ്ങൾ ഇവിടെ ഇറക്കുമതി ചെയ്തുകൊണ്ട് നമ്മുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലയില്ലാതാക്കുന്നതിന് തുടക്കം കുറിച്ചത് കോൺഗ്രസാണെങ്കിൽ അതേറ്റ് ഫുൾ സ്റ്റിംഗിലാക്കിയ ബി.ജെ.പി. സർക്കാർ 6000 രൂപ ഒരു വർഷം ഒരു കർഷകന് നൽകുമെന്ന് പറയുന്നത് നാം ചിന്തിക്കേണ്ടതാണ്. 2000 രൂപയാണ് നൽകിയത്. ഈ മൂന്നു വർഷംകൊണ്ട് നമ്മുടെ സംസ്ഥാനത്ത് കാർഷിക മേഖലയിൽ സമൂലമായിട്ടുള്ള മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ചർച്ചകളിൽ ഇതുസംബന്ധിച്ച് പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നില്ല. നെൽകൃഷിയും പച്ചക്കറി കൃഷിയും ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളിലും ആ രീതിയിലുള്ള മാറ്റങ്ങളുണ്ടായിട്ടുണ്ട്.

വിദ്യാഭ്യാസ രംഗം- 2019-ലെ നാഷണൽ എഡ്യൂക്കേഷൻ പോളിസിയെക്കുറിച്ച് ഞാൻ പറഞ്ഞു. എന്താണ് ചർച്ച ചെയ്യേണ്ടത്; 1986-ലെ വിദ്യാഭ്യാസ നയത്തിലും കരിക്കുലം പോളിസിയിലും അതിനുമുമ്പുള്ള വിദ്യാഭ്യാസ നയങ്ങളിലും ഉണ്ടായിരുന്ന ഒരു വാക്ക്, ഇന്ത്യൻ ഭരണഘടന ഉറപ്പുവരുത്തുന്ന ഒരു കാര്യം ഈ വിദ്യാഭ്യാസ പോളിസിയിൽ ഇല്ലെന്ന കാര്യമാണ് നാം ചർച്ച ചെയ്യേണ്ടത്. ആ പദം മറ്റൊന്നുമല്ല 'മതനിരപേക്ഷത' എന്നതാണ്. മതനിരപേക്ഷതയുടെ അടിസ്ഥാനത്തിലുള്ളതോ/മതേതര വിദ്യാഭ്യാസമോ ആയിരിക്കും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൽകുകയെന്നത് ഈ education policy-യിൽ ഇല്ല. ഇത് അപകടമാണ്.

ഇന്ത്യയിൽ ആതുരസേവന രംഗത്ത്, ആരോഗ്യരംഗത്ത്, പൊതുജനാരോഗ്യ രംഗത്ത് കേരളമാണ് ഒന്നാമത് എന്ന വാർത്ത മാധ്യമങ്ങളിലൂടെ നമ്മൾ കണ്ടു. സർക്കാർ ആശുപത്രികളിലേയ്ക്ക് ജനങ്ങൾ കയറാത്തൊരു സാഹചര്യത്തിൽനിന്നും ഈ മൂന്ന് വർഷംകൊണ്ട് കേരളത്തിലെ ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും വിപ്ലവകരമായ മാറ്റമാണ് ഉണ്ടായിട്ടുള്ളത്. പത്തനംതിട്ട ജനറൽ ആശുപത്രി മൂന്ന് വർഷം മുമ്പ് പനിക്ക് മരുന്നെഴുതുന്ന ഒരു ആശുപത്രിയായിരുന്നു. ഇന്ന് അവിടെ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി തുടങ്ങി മൂന്ന് സ്പെഷ്യാലിറ്റി സർവ്വീസുകളുണ്ട്. ശബരിമലയുടെ ബേസ് ആശുപത്രിയെന്ന് അറിയപ്പെടുന്ന പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഇന്ന് കേരളത്തിലെ ഏറ്റവും മികച്ച രീതിയിൽ ഒരു കാർഡിയോളജി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. അവിടെ ഒരു കാത്ത്‌ലാബ് ഉണ്ട്. ആ കാത്ത്‌ലാബിലേയ്ക്ക് മറ്റ് സ്ഥലങ്ങളിൽ നിന്നുപോലും ആളുകൾ ശസ്ത്രക്രിയയ്ക്കായി എത്തുന്നുണ്ട്.

അതുപോലെതന്നെ സഹകരണ രംഗത്തും മറ്റ് വകുപ്പുകളിലും മികച്ച പ്രവർത്തനങ്ങളാണ് നടക്കുന്നത്. ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ മന്ത്രിയുടെ സ്പോർട്സ് വകുപ്പ്-എല്ലാ ജില്ലകളിലും ഒന്നാന്തരം സ്പോർട്സ് സ്റ്റേഡിയങ്ങൾ, രാജ്യാന്തര സ്റ്റേഡിയങ്ങൾ എന്നിവ നിർമ്മാണത്തിലാണ്. പത്തനംതിട്ടപോലുള്ള ജില്ലകളിൽ രാഷ്ട്രീയ വിരോധംമൂലം ഞങ്ങൾ ഈ സ്റ്റേഡിയം അനുവദിക്കില്ല, സ്റ്റേഡിയം കിട്ടിയില്ലെങ്കിലും സാരമില്ല ഇടതുപക്ഷം കൊണ്ടുവരുന്ന സ്റ്റേഡിയം വേണ്ടെന്ന നിലപാടെടുക്കുന്ന തദ്ദേശസ്ഥാപനങ്ങൾ ഉള്ളിടത്തല്ലാതെ മറ്റെല്ലായിടത്തും സ്പോർട്സ് സ്റ്റേഡിയങ്ങൾ നിർമ്മാണത്തിലാണ്.

ഈ സർക്കാർ നേരിടുന്ന സാമ്പത്തിക വെല്ലുവിളികൾ വളരെ വലുതാണ്. പ്രളയമേൽപ്പിച്ച ആഘാതത്തിൽനിന്നുള്ള പുനരധിവാസ പ്രവർത്തനങ്ങൾ നടക്കുകയാണ്. അതോടൊപ്പമാണ് സുസ്ഥിര വികസനത്തിനുവേണ്ടി ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. കേന്ദ്രത്തിൽ നിന്നും സംസ്ഥാന സർക്കാരിന്റെ പദ്ധതികൾക്ക് ലഭിക്കേണ്ട തുക കഴിഞ്ഞ 5 വർഷമായി കിട്ടിയിട്ടില്ല. കേന്ദ്രസർക്കാർ പദ്ധതികൾക്ക് അനുവദിക്കുന്ന തുക കൂട്ടിയില്ലെന്നുമാത്രമല്ല കുറയ്ക്കുകയാണ് ചെയ്തത്. പ്രളയവുമായി ബന്ധപ്പെട്ട് വിദേശത്തുനിന്നും നമുക്ക് ലഭിക്കേണ്ട സഹായംപോലും നിരസിച്ച സാഹചര്യമാണുണ്ടായത്.

വൈദ്യുതി-ആറന്മുള ഉൾപ്പെടെ പത്തനംതിട്ട ജില്ലയിലെ ഏതാണ്ട് എല്ലാ പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും തകർന്ന് ഉത്തെറിയപ്പെട്ട ഒരു സാഹചര്യത്തിൽ, ഒരു വർഷമെടുത്താലും ഈ വൈദ്യുതി കണക്ഷനുകളൊന്നും പുനഃസ്ഥാപിക്കില്ലെന്ന് ചിന്തിച്ച അവസരത്തിലാണ് വൈദ്യുതി വകുപ്പ് ഏതാണ്ട് 10 ദിവസംകൊണ്ട് മുഴുവൻ പോസ്റ്റുകളും ട്രാൻസ്ഫോർമറുകളുമൊക്കെ മാറ്റി അവിടെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയത്.

ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച കഴിഞ്ഞ ബഡ്ജറ്റിൽ ഏതാണ്ട് മൊത്തം പദ്ധതി അടങ്കൽ തുകയുടെ 16 ശതമാനത്തോളം സ്ത്രീകൾക്കായുള്ള പദ്ധതികൾക്കായി മാറ്റി വച്ചിരിക്കുകയാണ്. കുടുംബശ്രീയുടെ പ്രവർത്തനമാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. പ്രാദേശികമായി കുടുംബശ്രീയിലൂടെ നിരവധി ഉൽപ്പന്നങ്ങൾ (ബാഗ്, ചെരുപ്പ്, തുണിത്തരങ്ങൾ) ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇതിന് ഒരു പ്രൊഫഷണൽ സിസ്റ്റം കൊണ്ടുവരുന്നതിന്റെ ഭാഗമായി 14 ഇനങ്ങളോളം ബ്രാൻഡ് ചെയ്യാൻ പോകുകയാണ്. അങ്ങനെ കേരളത്തിൽ വലിയ സാമൂഹ്യ വിപ്ലവം സൃഷ്ടിച്ച കുടുംബശ്രീ മറ്റൊരു ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒന്നുരണ്ട് വിഷയങ്ങൾ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. VAT സംബന്ധിച്ച കാര്യം എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ഇ. എസ്. ബിജിമോൾ പരാമർശിച്ചതാണ്. VAT-ന്മേലുള്ള അപ്പീലുകളിന്മേൽ ഒരു നിശ്ചിത ശതമാനം തുക കോർട്ട് ഫീയായി ഈടാക്കുന്നുണ്ട്. ഇത് വ്യാപാരികളുടെമേൽ വലിയ രീതിയിലുള്ള ഭാരം അടിച്ചേൽപ്പിക്കുകയാണ്. ഇക്കാര്യത്തിൽ അങ്ങ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജി.എസ്.ടി. സംബന്ധിച്ച് നമ്മുടെ മുമ്പിൽ എത്തുന്ന, എല്ലാ വിഭാഗം ജനങ്ങളെയും ബാധിക്കുന്ന വിഷയങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടുന്നുമുണ്ട്, കൗൺസിലിൽ സംസാരിക്കുന്നുമുണ്ട്. ആറന്മുള കണ്ണാടി ലോകപ്രശസ്തമായ കേരളത്തിന്റെ പൈതൃകമാണ്, ഒരു സ്വത്താണ്. ആറന്മുള കണ്ണാടിക്ക് നിലവിലുള്ള ജി.എസ്.ടി. നിരക്ക് കുറയ്ക്കണമെന്ന അഭ്യർത്ഥനയുണ്ട്. അക്കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈയിടെ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ചില പ്രസ്താവനകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. അത് മറ്റൊന്നുമല്ല, യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഒരിക്കൽപ്പോലും സ്പിൽ ഓവർ പദ്ധതികൾക്ക് തുക അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷെ ഈ സർക്കാർ അത് അനുവദിക്കാമെന്ന് പറയുമ്പോൾ പത്തനംതിട്ട ജില്ലാ പഞ്ചായത്തുകൾപോലുള്ള ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തുക വെട്ടിക്കുറച്ചു, അവർക്ക് കിട്ടിയില്ലെന്ന് പറയുന്ന സാഹചര്യമുണ്ട്. അത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബാങ്കുകളെ സംബന്ധിച്ചുള്ളതാണ് മറ്റൊരു പ്രധാന കാര്യം. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റികളിൽ എടുക്കുന്ന തീരുമാനം പലപ്പോഴും നടപ്പിലാക്കപ്പെടുന്നില്ലെന്ന കാര്യം എനിക്കുമുമ്പ് സംസാരിച്ച മെമ്പർമാർ പറയുകയുണ്ടായി. ജനപ്രതിനിധികളായ ഞങ്ങളുടെ ഓഫീസുകളിൽ ഏറ്റവുമധികം വരുന്ന പരാതികൾ ബാങ്കുകളുമായി ബന്ധപ്പെട്ടതാണ്. അതിനുകാരണം റിസർവ് ബാങ്കിന്റെ ഇപ്പോഴത്തെ നയമാണ്. ഞാൻ തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ റിസർവ് ബാങ്ക് ഉൾപ്പെടെയുള്ള ഭരണഘടനാ സ്ഥാപനങ്ങളെ ബി.ജെ.പി.-യും ആർ.എസ്.എസ്-ഉം ഏറ്റെടുത്തിരിക്കുന്ന സാഹചര്യത്തിൽ നയങ്ങളിലും ആ രീതിയിലുള്ള മാറ്റങ്ങളുണ്ടാകുന്നുണ്ട്. അതിന്റെ ഫലമായിട്ടാണ് ഈ നിലപാടെടുക്കേണ്ടിവരുന്നതെന്ന് ബാങ്കുകൾ പറയുമ്പോൾ നാഷണലൈസ്ഡ് ബാങ്കുകളെ ജനദ്രോഹപരമായ നിലപാടുകളിൽനിന്നും മാറ്റുവാനുള്ള സാഹചര്യംകൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കൽബുർഗി പറഞ്ഞത്, 'വാക്കുകളെ ഭയപ്പെടുന്ന നിങ്ങൾ മനുഷ്യരുടെ രക്തത്തിലാണ് ഉന്മാദം കണ്ടെത്തുന്നത്. നിങ്ങൾക്ക് എന്നെ നിശബ്ദമാക്കാം. പക്ഷെ സത്യത്തെ നിശബ്ദമാക്കാൻ നിങ്ങൾക്ക് കഴിയില്ല' എന്നാണ്. സത്യത്തിനുവേണ്ടി

നിലകൊള്ളുന്ന ഈ സർക്കാർ ഒരു വശത്തും കേന്ദ്രത്തിൽ അസമത്വവും അനീതിയും അസഹിഷ്ണുതയും പടരുവാൻ വേണ്ടി പ്രവർത്തിക്കുന്ന ബി.ജെ.പി. സർക്കാർ മറുവശത്തും; അങ്ങനെയുള്ള ബി.ജെ.പി. സർക്കാരിന് ബദലായിട്ടുള്ള ജനകീയ ഭരണം കാഴ്ചവയ്ക്കുന്ന ഇടതുപക്ഷ സർക്കാരിന്റെ എല്ലാ സാമ്പത്തിക നയങ്ങളെയും ഈ ബില്ലിനെയും പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിൽ ഇടതുപക്ഷ സർക്കാർ ഭരണം വേറിട്ട വഴികളിലൂടെ നാലാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. ലോക്സഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് അനുകൂലമായ വിധിയെഴുത്തായിരുന്നില്ല ഉണ്ടായത്. അതിനുള്ള കാരണങ്ങൾ സംബന്ധിച്ച് വിവിധ മേഖലകളിൽ പ്രാഥമികമായ വിലയിരുത്തലുകളും നിഗമനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു. അതുസംബന്ധിച്ച വിവരങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ കേരളത്തിലെ ഗവൺമെന്റിന്റെ ഭരണനയത്തിന് ലഭിച്ച പ്രതിഫലമായി ഇതിനെ ആരും ഇതുവരെ പരാമർശിച്ചു കണ്ടില്ല. അത് ഈ സർക്കാരിന്റെ ഭരണ മികവിന് ലഭിച്ച അംഗീകാരമായാണ് കരുതേണ്ടത്. വലിയ ആഹ്ലാദമില്ലെങ്കിലും സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട ഒരു വിഷയം, ഇന്നലെ നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷത്തിന് അനുകൂല വിധിയെഴുത്താണുണ്ടായതെന്ന് ഫലം പുറത്തുവന്നതോടുകൂടി ബോധ്യമായിരിക്കുകയാണ്. എന്റെ മണ്ഡലമായ പാറശ്ശാലയിലെ അമ്പൂരി പഞ്ചായത്തിൽ, കഴിഞ്ഞ പ്രാവശ്യം കോൺഗ്രസ് ജയിച്ച സീറ്റിൽ, ഇന്നലെ നടന്ന ഉപതെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സ്ഥാനാർത്ഥി 187 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ജയിച്ചത്. ബി.ജെ.പി.-ക്ക് വോട്ടില്ല, 40 വോട്ടിനും താഴെയാണ്. കഴിഞ്ഞ പാർലമെന്റ് ഇലക്ഷന് കോൺഗ്രസ് 90 വോട്ട് ലീഡ് ചെയ്ത വാർഡാണിത്. അതുപോലെ കുന്നത്തുകാൽ പഞ്ചായത്തിലെ ഒരു വാർഡിൽ കഴിഞ്ഞ പ്രാവശ്യം ഇടതുപക്ഷ ജനാധിപത്യമുന്നണി 14 വോട്ടിന് ജയിച്ചു. ഇത്തവണ 70 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ജയിച്ചത്. ഇതാണ് കേരളത്തിന്റെ മനസ്സ്.

പതിവ് വരുമാന രീതികൾക്കപ്പുറം കിഫ്ബി എന്ന ധനസമാഹരണ രീതി അവലംബിച്ച് അടിസ്ഥാനസൗകര്യ വികസനത്തിൽ പുതിയ ചുവടുവയ്പ്പുകളാണ് നടത്തിപ്പോരുന്നത്, കേരളം അതുവഴിയാണ് മുന്നേറുന്നത്. അഞ്ച് വർഷംകൊണ്ട് 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാനാണ് തീരുമാനിച്ചതെങ്കിലും മൂന്ന് വർഷം പൂർത്തിയാക്കുമ്പോൾ 42,000 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകാനായെന്നത് അഭിമാനകരമായ കാര്യമാണ്. കിഫ്ബി-യുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള വ്യത്യസ്തമായ നിക്ഷേപ

അവസരങ്ങളിലൊന്നാണ് മസാല ബോണ്ട്. ഇത് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യപ്പെട്ടുവെന്നത് പദ്ധതിക്ക് ലോകതലത്തിൽ തന്നെയുള്ള അംഗീകാരമാണ്. ബോണ്ട് പുറത്തിറക്കുന്ന ചടങ്ങിൽ കേരള മുഖ്യമന്ത്രി ക്ഷണിക്കപ്പെട്ടുവെന്നുള്ളതും അഭിമാനകരമായ കാര്യമാണ്. ആഗോള വത്കരണത്തിന്റെയും മുതലാളിത്ത സാമ്പത്തിക നയങ്ങളുടെയും ഫലമായി ഭരണതലങ്ങളിൽ നിയന്ത്രണങ്ങളും വെട്ടിക്കുറയ്ക്കലും നടക്കുമ്പോൾ അതിന് ബദലായ നയങ്ങളുമായി സംസ്ഥാന ഗവൺമെന്റ് മുന്നേറിക്കൊണ്ടിരിക്കുകയാണ്. മേൽ പ്രസ്താവിച്ച നയങ്ങളുടെ ഫലമായി ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ, സാമൂഹ്യ സുരക്ഷാ മേഖലകളിൽനിന്ന് സർക്കാർ പിന്മാറുമ്പോഴാണ് കേരളത്തിൽ ഈ രംഗത്ത് കൂടുതൽ നിക്ഷേപങ്ങളും ജനക്ഷേമ പദ്ധതികളും നടപ്പിലാക്കി മുന്നേറുന്നത്. ക്ഷേമ പെൻഷൻ ഘട്ടംഘട്ടമായി ഉയർത്തുകയും അത് കുടിശ്ശിക വരുത്താതെ വീടുകളിൽ എത്തിക്കുകയും ചെയ്യുന്നുവെന്നുള്ളത് നേട്ടമല്ലേ? ആരോഗ്യരംഗത്ത് പുലർത്തുന്ന ജാഗ്രതാപൂർണ്ണമായ സമീപനങ്ങൾകൊണ്ടാണ് 'നിപ' പോലുള്ള ഭയാനകമായ പകർച്ചവ്യാധികളെ തടഞ്ഞുനിർത്താനായത്. എല്ലാവർക്കും പ്രാപ്യമായതും സുസജ്ജവുമായ ആരോഗ്യ പരിപാലനരംഗം കെട്ടിപ്പടുക്കാൻ നമുക്ക് സാധിച്ചു. ഹരിത കേരളം മിഷനിലൂടെ കേരളം ശുദ്ധവും പച്ചക്കറി ഉല്പാദനത്തിൽ ഊർജ്ജസ്വലവുമാകുന്നത് നാം കണ്ടതല്ലേ? ഹരിത കേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിങ്ങനെ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ അനുഭവസ്ഥരായി കേരളം മാറിക്കഴിഞ്ഞു. ഭവനരഹിതർ ഭവന ഉടമകളാകുന്നതും സർക്കാർ വിദ്യാലയങ്ങൾ എല്ലാ വിഭാഗത്തിന്റെയും ആശ്രയ കേന്ദ്രമാകുന്നതും കാർഷിക സമൃദ്ധി കൈവരിക്കാൻ പോകുന്നതുമെല്ലാം ഈ പദ്ധതികളുടെ അനുബന്ധമായി സംഭവിക്കുകയാണെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണ്ടേ? സാധാരണക്കാരന്റെ അടിസ്ഥാന പ്രശ്നങ്ങൾക്കാണ് ഈ ഗവൺമെന്റ് ഊന്നൽ നൽകുന്നത്. അതുകൊണ്ടുതന്നെ ഒരു ലക്ഷത്തിലധികം പേരുടെ ഭൂപ്രശ്നത്തിന് പരിഹാരമായി. പട്ടയം, കൈവശരേഖ, വർഷങ്ങളായി താമസിക്കുന്ന ഭൂമിയുടെ അവകാശം എന്നിങ്ങനെയുള്ള ഭൂപ്രശ്നങ്ങൾ പരിഹരിക്കുമ്പോൾത്തന്നെ പൊതുസ്വത്തായി മാറേണ്ട സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന കാര്യവും നാം കാണുന്നില്ലേ? വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലാണ് കഴിഞ്ഞ കാലങ്ങളിൽ ഗവൺമെന്റ് നടത്തിയിട്ടുള്ളത്. വേനൽക്കാലത്ത് കുപ്പിവെള്ളത്തിന് ഈടാക്കുന്ന അമിതവില അവസാനിപ്പിക്കുന്നതിന് സപ്ലൈകോ ഔട്ട്ലെറ്റുകൾവഴി കുപ്പിവെള്ളം വിലകുറച്ച് വിതരണം ചെയ്യുന്നതിന് സംവിധാനമൊരുക്കിയത് ഒടുവിലത്തെ ഉദാഹരണമാണ്. അത് ജനങ്ങൾക്കുണ്ടാക്കിയ ആശ്വാസം ചെറുതല്ല.

പാലിന്റെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത, പാരമ്പര്യേതര ഊർജ്ജോല്പാദന മാർഗ്ഗത്തിലൂടെയുള്ള വൈദ്യുതി ഉല്പാദനം, പച്ചക്കറിയിൽ സ്വയംപര്യാപ്തത നേടുന്നതിനുള്ള കർമ്മ പദ്ധതികൾ ഇങ്ങനെ സർക്കാരിന്റെ നേട്ടങ്ങൾ എണ്ണിയാൽ തീരാത്തതാണ്. പൊതുമേഖലയെ ലാഭത്തിലാക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞതിനുപുറമെ യുവജനപക്ഷ നിലപാടുകൾ, സ്ത്രീകൾക്ക് പ്രത്യേക വകുപ്പ്, പ്രത്യേക ട്രാൻസ്ജെൻഡർ നയം, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിഗണന എന്നിങ്ങനെ എല്ലാ വിഭാഗത്തെയും അഭിസംബോധന ചെയ്യാനും കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. രാജ്യത്താകെ മതത്തിന്റെയും ജാതിയുടെയും പേരിൽ അസ്വസ്ഥതകൾ പടരുമ്പോൾ അതിന്റെ വേരുകൾ ഇവിടെയും പടർത്താനുള്ള ബോധപൂർവ്വമായ ശ്രമങ്ങളുണ്ടായി. എന്നാൽ അതിനെ ഇച്ഛാശക്തിയോടെ തോൽപ്പിക്കാൻ സാധിച്ചത് എൽ.ഡി.എഫ്. സർക്കാർ കേരളത്തിലുണ്ടായിരുന്നതു കൊണ്ടല്ലേ; അല്ലാതെ കോൺഗ്രസിന്റെ ശേഷികൊണ്ടാണോ? കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റ് ഈ സംസ്ഥാനം ഭരിച്ചുവെന്നുള്ളതുകൊണ്ടു മാത്രമാണ് വർഗ്ഗീയശക്തികളുടെ വേരറുത്തുകളയാൻ കഴിഞ്ഞതെന്ന യാഥാർത്ഥ്യം നാം അംഗീകരിക്കണ്ടേ? നൂറ്റാണ്ടുകൾക്കിടയിലുണ്ടായ പ്രളയത്തെ അതിജീവിക്കുന്നതിനും സർക്കാരിന്റെ സമാനതകളില്ലാത്ത ഭരണ നൈപുണ്യം വഴി സാധ്യമായില്ലേ? പുനർനിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാർ തടയാൻ ശ്രമിച്ചപ്പോഴും അതിനെ മറികടക്കുന്നതിനുള്ള വഴികൾ തേടുകയാണ് സംസ്ഥാന സർക്കാർ ചെയ്തത്. അല്ലാതെ കേന്ദ്രത്തിനുമുന്നിൽ കെഞ്ചിനിൽക്കാനല്ല തുനിഞ്ഞത്. നാം മുട്ടുകുത്തുന്നതിനാലാണ് വലിയവർ നമ്മുടെ കണ്ണിൽ വലിയവരാകുന്നത്. നമുക്ക് നിവർന്നുനിൽക്കാം എന്ന സന്ദേശമാണ് പിണറായി സർക്കാർ ലോകത്തിനും ഇന്ത്യയിലെ ജനങ്ങൾക്കും നൽകിയത്. കോൺഗ്രസ് ഇക്കാര്യത്തിൽ ഇടതുപക്ഷ ഗവൺമെന്റിന്റെ നയങ്ങളെ എതിർക്കുമ്പോൾ ആ പാർട്ടിയുടെ ഇന്നത്തെ അവസ്ഥയെ സംബന്ധിച്ച് അവർ ചിന്തിക്കാൻ ബാധ്യസ്ഥരല്ലേ? ശ്രീ. രാഹുൽഗാന്ധി കോൺഗ്രസിന്റെ നേതൃത്വത്തിലേയ്ക്ക് ഉയർന്നുവന്നതിനുശേഷം നമ്മുടെ രാജ്യത്ത് നടന്ന തെരഞ്ഞെടുപ്പുകളിൽ അവർക്കുണ്ടായ അനുഭവമെന്താണ്? 2009-ൽ നടന്ന തെരഞ്ഞെടുപ്പിൽ ആന്ധ്രാപ്രദേശിൽ കോൺഗ്രസിന് 33 സീറ്റുകളുണ്ടായിരുന്നു. ഇന്ന് അവിടെ കോൺഗ്രസിന് സീറ്റുകളുണ്ടോ? രാജസ്ഥാനിൽ 20 സീറ്റുകൾ; ഇന്ന് രാജസ്ഥാനിൽ കോൺഗ്രസിന് സീറ്റുണ്ടോ? 2009-ൽ ഗുജറാത്തിൽ കോൺഗ്രസിന് 11 സീറ്റാണുണ്ടായിരുന്നത്, 2019-ൽ അവർക്ക് സീറ്റുണ്ടോ? 2009-ൽ ഹരിയാനയിൽ 9 സീറ്റുകളുണ്ടായിരുന്നു. എന്നാൽ ഇന്ന് അവിടെ കോൺഗ്രസിന് സീറ്റുണ്ടോ? 2009-ൽ ഉത്തരാഖണ്ഡിൽ 5 സീറ്റുകൾ; ഇന്ന്

അവിടെ കോൺഗ്രസിന് സീറ്റുണ്ടോ? ഒറീസയിൽ ആറ് സീറ്റുകളുണ്ടായിരുന്നു; ഇന്നത് ഒന്നായി. മഹാരാഷ്ട്രയിൽ 17-ഉം ഉത്തർ പ്രദേശിൽ 21-ഉം, മധ്യപ്രദേശിൽ 12-ഉം സീറ്റുണ്ടായിരുന്ന കോൺഗ്രസിന് ഇന്ന് ഓരോ സീറ്റുവീതം ലഭിച്ചു. ഇതല്ലേ കോൺഗ്രസ്സിന്റെ നില. കോൺഗ്രസിന്റെ ഇന്നത്തെ നിലയെക്കുറിച്ച് അവർ ആലോചിക്കുന്നില്ലെന്ന് മാത്രമല്ല, റഷ്യൻ എഴുത്തുകാരനായ Lichnovsky പറഞ്ഞതുപോലെ 'തങ്ങളെക്കുറിച്ചോർത്തോ തങ്ങളുടെ വിധിയെക്കുറിച്ചോർത്തോ അവർ പരവശരായില്ല. രാജാവും ദൈവവും അവരെ പരവശരാക്കിയില്ല. ഒടുവിൽ അവരുടെ വിശപ്പ് പരവശതയെ തട്ടിയുണർത്തി'. അതുപോലെ നിങ്ങളെക്കുറിച്ച് നിങ്ങൾ ഓർക്കുന്നില്ല. നിങ്ങളുടെ വിധിയെക്കുറിച്ച് നിങ്ങൾ ഓർക്കുന്നില്ല. നിങ്ങൾ പരവശരാകുന്നില്ല. നിങ്ങൾ ഇന്നല്ലെങ്കിൽ നാളെ പരവശരാകും, ഇന്ത്യൻ ജനത നിങ്ങളെ തട്ടിയുണർത്തും എന്നുള്ള കാര്യം ഈ സന്ദർഭത്തിൽ നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. കിഫ്ബിയുടെ ആനുകൂല്യങ്ങൾ പറ്റാത്ത ഒരു യു.ഡി.എഫ്. മെമ്പർ ഈ നിയമസഭയ്ക്കകത്തുണ്ടോ? ഒരിക്കലുമില്ല എന്നതാണ് യാഥാർത്ഥ്യം. ശ്രീ. കെ. എസ്. ശബരീനാഥന്റെ പ്രസംഗം കേട്ടു. എന്റെ ഏറ്റവും വലിയ സുഹൃത്താണ്. കിഫ്ബിയിൽനിന്നും 200 കോടിയിൽപ്പരം രൂപയുടെ പ്രോജക്ട് അംഗീകാരം വാങ്ങി നിർമ്മാണ പ്രവർത്തനത്തിലേയ്ക്ക് പോയി. എന്റെയും ശ്രീ. കെ. എസ്. ശബരീനാഥന്റെയും മണ്ഡലം അടുത്തടുത്തുള്ള മലയോര മണ്ഡലങ്ങളാണ്. കള്ളിക്കാട് ജംഗ്ഷൻ മുതൽ അദ്ദേഹത്തിന്റെ മണ്ഡലത്തിലൂടെ നീണ്ട മലയോര ഹൈവേയുടെ, 65 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയാണ്. അതിനുപുറമേ ആന വളർത്തൽ കേന്ദ്രത്തിന് 105 കോടി രൂപയുടെ പ്രോജക്ടിന് ഗവൺമെന്റ് അംഗീകാരം കൊടുക്കുകയും മുഖ്യമന്ത്രി പോയി ഉദ്ഘാടനം നടത്തി 71.9 കോടി രൂപയുടെ ഫസ്റ്റ് ഫേസിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിരിക്കുകയുമാണ്. അതുമാത്രമല്ല, നമ്മുടെ നാട്ടുകാരനായ ശ്രീ. എം. വിൻസെന്റിന്റെ മണ്ഡലത്തിലും ഒരു പാലം, അതുപോലെ എല്ലാ സൗകര്യങ്ങളും ഇപ്പോൾ കരമന-കളിയിക്കാവിള റോഡിന്റെ നിർമ്മാണ പ്രവർത്തനം അദ്ദേഹത്തിന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് പോകുന്നതാണ്. കിഫ്ബി പ്രോജക്ട് വഴി കോടിക്കണക്കിന് രൂപ വികസന പ്രവർത്തനത്തിനുവേണ്ടി നേടിയെടുത്തശേഷമാണ് കിഫ്ബിയെക്കുറിച്ച് കുറ്റം പറഞ്ഞ് നടക്കുന്നത്. നാടിന്റെ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ വേറിട്ട വഴികളിലൂടെ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് മുന്നേറുകയാണ്. എങ്ങനെയാണ് ധനസമാഹരണം നടത്തുന്നത്; ഇക്കാര്യത്തിൽ എനിക്ക് ഒരു നിർദ്ദേശമുള്ളത്, പ്രകൃതി കനിഞ്ഞുനൽകുന്ന ആനുകൂല്യങ്ങളെല്ലാം നാടിന്റെ നന്മയ്ക്കുവേണ്ടി പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. കേരളത്തിൽ നിരവധി ഡാമുകളുണ്ട്. എന്റെ മണ്ഡലത്തിലാണ് നെയ്യാർഡാം സ്ഥിതി ചെയ്യുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. കെ. ഹരീന്ദ്രൻ സമയമില്ല....പ്ലീസ് കൺക്ലൂഡ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഒരു മിനിട്ട് കൂടി വേണം. ഒരു നിർദ്ദേശം സർക്കാരിന് മുന്നിൽ വയ്ക്കുകയാണ്. കോടിക്കണക്കിന് രൂപയുള്ള മണൽ നെയ്യാർഡാമിൽ കുമിഞ്ഞുകിടക്കുകയാണ്. ആയിരക്കണക്കിന് കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള മണൽ സംഭരിച്ച് നമുക്ക് വിതരണം ചെയ്യാനാകും. അത് കേരളത്തിലെ ഗവൺമെന്റിന് ഒരു പുതിയ വരുമാന മാർഗ്ഗമാകുകയും ചെയ്യും. അവിടെനിന്നും മാത്രമല്ല, കേരളത്തിലെ വിവിധ ഡാമുകളിൽനിന്ന് ഇത്തരം സ്രോതസ്സുകളെ നമ്മുടെ നാടിന്റെ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താൻ കഴിയണം. നാടിന്റെ നന്മയ്ക്കുവേണ്ടി, ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി കടം വാങ്ങേണ്ടി വരും. ആ നിലയിൽ നാടിന്റെ അഭിവൃദ്ധിക്കുവേണ്ടി, പുരോഗതിക്കുവേണ്ടി നടത്തുന്ന ഈ പ്രവർത്തനത്തെ പിന്തുണയ്ക്കുന്നു; ഈ ധനകാര്യ ബില്ലിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സജി ചെറിയാൻ: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുമ്പോൾത്തന്നെ ഏറ്റവും സന്തോഷകരമായ കാര്യം, 22 സീറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫലം പുറത്തുവന്നപ്പോൾ 14 സീറ്റിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ജയിച്ചു എന്നതാണ്. യു.ഡി.എഫ്.-ന് അഞ്ച് സീറ്റായി കുറഞ്ഞതുകൊണ്ട് നിങ്ങളുടെ കാര്യം പോക്കാണെന്ന് ആദ്യംതന്നെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ 3 വർഷമായി നവകേരള സൃഷ്ടിക്കായി സമസ്തമേഖലകളിലും വികസന കാഴ്ചപ്പാട് പ്രതിഫലിപ്പിക്കാൻ കഴിയുന്നതിനുള്ള സുതാര്യവും അഴിമതിരഹിതവുമായ പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് ഈ ഗവൺമെന്റിനെയും ധനകാര്യ വകുപ്പിനെയും വകുപ്പുമന്ത്രിയെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ വകയിൽ കോൺട്രാക്ടർമാർക്ക് കോടിക്കണക്കിന് രൂപ കുടിശ്ശിക കൊടുക്കാനുണ്ടായിരുന്നു. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കേണ്ട ലക്ഷങ്ങൾക്ക് 14 മാസത്തെ കുടിശ്ശികയുണ്ടായിരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചിരുന്നു; നിയമന നിരോധനമായിരുന്നു; കാർഷിക മേഖലയുടെ തകർച്ച; വ്യവസായ സ്ഥാപനങ്ങളുടെ വൻ നഷ്ടവും തകർച്ചയും; വികസന മുരടിപ്പ് ഇവയെല്ലാം ഈ ഗവൺമെന്റ് വരുമ്പോൾ യു.ഡി.എഫ്.-ന്റെ 5 വർഷത്തെ ഭരണത്തിന്റെ ഗുണങ്ങളായിരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് കാർഷിക വളർച്ച 4.67 ശതമാനമായി കുറഞ്ഞു. ഐ.ടി. മേഖലയുടെ മുന്നേറ്റത്തിന് തടയിട്ട് അതിനെ

പിന്നോട്ടുകൊണ്ടുപോയി. സേവന മേഖലയും തകർന്നു. ഇതിനെ മറികടക്കാൻ 28,000 കോടി രൂപയുടെ പദ്ധതി യു.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ചു. എന്നാൽ സി.എ.ജി.-യുടെ കണക്കുപ്രകാരം 26,000 കോടി രൂപയുടെ പദ്ധതികൾ, പണമില്ലാത്തതിനാൽ അത് നടക്കാതെ പോയി. ഇവിടെ മനസ്സിലാക്കേണ്ട ഒരു കാര്യം; 2016-17-ലെ ബഡ്ജറ്റിലേക്കാണ് ഞങ്ങൾ വിരൽ ചൂണ്ടുന്നത്; 2011-2015 വരെയുള്ള യു.ഡി.എഫ്. ഭരണം കേരളത്തെ എത്രമാത്രം സാമ്പത്തികമായി തകർത്തുവെന്നതിന്റെ തെളിവാണ് 2016-17-ൽ ഡോ. ടി. എം. തോമസ് ഐസക്ക് അവതരിപ്പിച്ച ബഡ്ജറ്റ്. ഇക്കാലയളവിൽ കേരളത്തിന്റെ നാണ്യവിളകൾ വൻ പ്രതിസന്ധിയെ നേരിട്ടു. കേരളത്തിന്റെ സമ്പദ്ഘടനയെ താങ്ങി നിർത്തുന്ന ഗൾഫ് വരുമാനത്തിൽ വലിയ ഇടിവുണ്ടായി. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 7.6 ശതമാനം നിരക്കിലാണ് സമ്പദ്ഘടന വളർന്നതെങ്കിൽ യു.ഡി.എഫ്.-ന്റെ കാലത്ത് 6.1 ശതമാനമായി ഇത് കുറഞ്ഞു. 2010 വരെ കേരളത്തിന്റെ സാമ്പത്തിക വളർച്ച ദേശീയ ശരാശരിയേക്കാൾ മികച്ചതായിരുന്നു. എന്നാൽ യു.ഡി.എഫ്.-ന്റെ കാലത്ത് ഇത് താഴേയ്ക്കുപോയി എന്ന വസ്തുതയും നാം കാണേണ്ടതായിട്ടുണ്ട്. ഈ നിലയിൽ നാടിനെ തകർത്തെറിഞ്ഞ യു.ഡി.എഫ്. ഭരണം അവസാനിപ്പിച്ച് പുതിയ കേരളം കെട്ടിപ്പടുക്കുക എന്ന വലിയ ഉത്തരവാദിത്തമാണ് ഈ ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ളത്. ഇവിടെ ശ്രീമതി വീണാ ജോർജ്ജ് പറഞ്ഞതുപോലെ ദേശീയ രാഷ്ട്രീയത്തെ പരാമർശിക്കാൻ ഒരു സന്ദർഭത്തിലും യു.ഡി.എഫ്.-ന്റെ ഒരംഗവും തയ്യാറായില്ല എന്നത് ഖേദകരമായ കാര്യമാണ്. 2014 മുതൽ 2019 വരെയുള്ള 5 വർഷങ്ങളിൽ രാജ്യം കണ്ട കൊലപാതകങ്ങൾ നിങ്ങൾ പാകിയ വിദ്വേഷ രാഷ്ട്രീയത്തിന്റെ ഫലമാണ്. കഴിഞ്ഞ വർഷം കൊല്ലപ്പെട്ട പഹ്‌ലൂഖാൻ മുതൽ ഇന്നലെ കൊല്ലപ്പെട്ട തബ്രീസ് അൻസാരി വരെയുള്ള മനുഷ്യരെ നിങ്ങൾ ഓർക്കണം. കേന്ദ്രം ഭരിക്കുന്ന നിങ്ങൾ മാധ്യമങ്ങളെ വിലയ്ക്കെടുത്തിരിക്കുന്നു. വ്യാജവാർത്തകളും പ്രചരണങ്ങളുംകൊണ്ട് നിങ്ങൾ നിറയ്ക്കുന്നു. ഫാക്ടുകളും ഫിഗറുകളും നിങ്ങൾക്ക് വിഷയമല്ല. പ്രതിഷേധത്തിന്റെ ശബ്ദങ്ങളെ നിങ്ങൾ നിർലജ്ജം തമസ്കരിക്കുന്നു. കർഷകരുടെ പ്രശ്നങ്ങളോ തൊഴിലില്ലായ്മയോ അല്ല, മറിച്ച് വ്യാജ വാർത്തകൾ കെട്ടിച്ചമച്ച് നിങ്ങൾ ജയിക്കാൻ ശ്രമിക്കുന്നു. ആ വിദ്വേഷത്തിന്റെ ശക്തികളെ കടുത്ത മാർക്സിസ്റ്റ് വിരോധംമൂലം സ്വയം തോളിലേറ്റി അധഃപതനത്തിന്റെയും അഹങ്കാരത്തിന്റെയും തകർച്ചയുടെയും പാരമ്യത്തിലെത്തിയ യു.ഡി.എഫ്., നിങ്ങൾക്ക് ലോകത്തിന്റെ ഇന്നലെകളെക്കുറിച്ചോ മനുഷ്യമോചനത്തിന്റെ പോരാട്ട ചരിത്രങ്ങളെക്കുറിച്ചോ സ്വന്തം ജീവിതം ഒരു ജനതയ്ക്കും നാടിനും സമർപ്പിച്ച ഇതിഹാസ തുല്യനായ ചെഗുവേരയെക്കുറിച്ചോ മനസ്സിലാക്കാൻ കഴിയില്ല. കാരണം, നിങ്ങൾ ഒരു അന്ത്യയാത്രയിലാണ്. ഒരിക്കലും തിരിച്ചുവരാത്ത അന്ത്യയാത്രയിലാണ്

ഈ രാജ്യത്തെ കോൺഗ്രസ്. 1885-ൽ കോൺഗ്രസ് രൂപംകൊണ്ടു. 1947 ആഗസ്റ്റിനുശേഷം 14 വർഷം ഒഴികെ എല്ലാക്കാലത്തും രാജ്യം ഭരിച്ച പാർട്ടി; 1984 -ലെ സിഖ് വിരുദ്ധ കലാപത്തിൽ ആയിരങ്ങളെ നിങ്ങൾ കശാപ്പ് ചെയ്തു. 1992-ൽ ബാബ്റി മസ്ജിദ് തകർത്തു. ഈ രാജ്യത്തെ ജനങ്ങളിൽനിന്ന് നിങ്ങൾ ഒറ്റപ്പെട്ടു. 1991-ലെ സാമ്പത്തിക നയത്തോടുകൂടി രാജ്യത്തെ കൃഷിക്കാരിൽ നിന്നും തൊഴിലാളികളിൽനിന്നും ഒറ്റപ്പെട്ടു. 1990-കളിൽ ആദിവാസി ദളിതർക്കും പിന്നോക്ക ജാതിക്കാർക്കുമെതിരെയുണ്ടായ ഉയർന്ന ജാതിക്കാരുടെ ആക്രമണത്തിന് നിങ്ങൾ കൂട്ടുനിന്നതിന്റെ ഫലമായി നിങ്ങൾ ആ ജനവിഭാഗത്തിൽനിന്ന് ഒറ്റപ്പെട്ടു. കോൺഗ്രസ് നേതൃത്വത്തിൽ നടന്ന കൈക്കൂലി, അഴിമതി എന്നിവയെല്ലാം നിങ്ങളെ ഈ രാജ്യത്തെ ജനങ്ങളിൽനിന്നും ഒറ്റപ്പെടുത്തി. നേതൃത്വമില്ലാത്ത ഒരു പാർട്ടിയായി നിങ്ങൾ മാറി. വിഖ്യാത ചരിത്രകാരൻ രാമചന്ദ്ര ഗുഹ കഴിഞ്ഞ ദിവസം പറഞ്ഞത്, 'പാർട്ടിയില്ലാത്ത നേതാവാണ് ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ എങ്കിൽ നേതാവില്ലാത്ത കോൺഗ്രസിന് നിതീഷ് കുമാറിനെ പ്രസിഡന്റാക്കി സൗഹൃദപൂർവ്വമായ ഒരു കൊടുക്കൽ വാങ്ങൽ നടത്തിയാൽ ഇന്നത്തെ ഗതികേടിൽനിന്നും കോൺഗ്രസിന് രക്ഷപ്പെടാൻ കഴിയും' എന്നാണ്. ശ്രീ. നരേന്ദ്ര മോദിയെ തകർക്കാൻ കുടുംബമില്ലാത്ത നിതീഷ് കുമാറിനെ ക്ഷണിക്കേണ്ട ഗതികേടിലേയ്ക്ക് ഈ രാജ്യത്തെ കോൺഗ്രസ് എത്തിയെന്നാണ് അദ്ദേഹം പറഞ്ഞത്. 131 വർഷം പഴക്കമുള്ള ആ പാർട്ടി പ്രതിപക്ഷ പാർട്ടിപോലുമാകാത്തതിൽ എനിക്ക് ദുഃഖമുണ്ട്. ഇവിടെ ഒരംഗം കഴിഞ്ഞ ദിവസം നടത്തിയ കമ്മ്യൂണിസ്റ്റ് വിരുദ്ധ മാനസികാവസ്ഥയിലുള്ള ആക്ഷേപം ഒരു ശ്വാനന്റെ കുര മാത്രമായിട്ടാണ് ഞാൻ കാണുന്നത്. മഹാനായ ബുദ്ധൻ പറഞ്ഞു, 'നന്നായി കുരയ്ക്കുന്ന ഒരു ശ്വാനൻ നല്ല ശ്വാനൻ ആയിരിക്കില്ല. നന്നായി സംസാരിക്കുന്ന ഒരുവൻ നല്ല മനുഷ്യനായിരിക്കണമെന്നില്ല'. കോൺഗ്രസുകാർ പാതിനിറഞ്ഞ പാത്രം പോലെ എപ്പോഴും ഒച്ച വയ്ക്കും. എന്നാൽ കമ്മ്യൂണിസ്റ്റുകാർ തടാകം പോലെ ശാന്തരായിരിക്കും. 'എന്റെ ജനതയ്ക്കായി ഏറ്റെടുത്ത ദൗത്യങ്ങളുടെ പൂർത്തീകരണത്തിനായി ആവശ്യമെങ്കിൽ എത്ര തവണ വേണമെങ്കിലും ജനിക്കാൻ ഞാൻ തയ്യാറാണ്' എന്നാണ് വിവേകാനന്ദൻ പറഞ്ഞത്. അതുപോലെ ഈ ഗവൺമെന്റും ഈ മുഖ്യമന്ത്രിയും ജനങ്ങളേൽപ്പിച്ച ചുമതലകളും പരാതികളും പരിഭവങ്ങളില്ലാതെ 100 ശതമാനം വിജയകരമായി മുന്നോട്ടുകൊണ്ടു പോകുന്നുവെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവൺമെന്റിനെതിരെ ഒന്നും പറയാനില്ലാത്തതുകൊണ്ട് നിങ്ങൾ കള്ളത്തരവും ആക്ഷേപവുംകൊണ്ട് അപ്പുറത്തുനിന്ന് ഇപ്പുറത്തേയ്ക്ക് ചതിയിലൂടെ കടന്നുവരാൻ നടത്തുന്ന ശ്രമം കേരള ജനത അംഗീകരിക്കില്ല എന്ന കാര്യം ഓർക്കുന്നത് നല്ലതായിരിക്കും.

11.00 A.M.]

ഇന്ത്യൻ ദേശീയതയെ സംബന്ധിച്ച് നാം പടുത്തുയർത്തിയ ആശയത്തിന്റെ അടിസ്ഥാനം മാർക്സിസ്റ്റ് - നെഹ്റൂവിയൻ കാഴ്ചപ്പാടായിരുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നെഹ്റുവിന്റെ An Autobiography-യിൽ അത് വളരെ വ്യക്തമായി പറയുന്നുണ്ട്. " The theory and philosophy of Marxism lightened up many a dark corner of my mind. History came to have a new meaning for me. The marxist interpretation threw a flood of light on it, and it became an unfolding drama with some order and purpose, however, unconscious, behind it. Nehru achieve the objective of Socialism, Social justice and Secularism". ഇതിന്റെ അടിസ്ഥാനത്തിൽ ഈ രാജ്യത്ത് നെഹ്റൂവിയൻ സിദ്ധാന്തം അംഗീകരിക്കുന്ന ഒരു പാർട്ടിയുടെ നേതാവ് പറയാൻ പാടില്ലാത്ത പദപ്രയോഗങ്ങളാണ് ഈ സഭയിൽ പറഞ്ഞത്. അതിന്റെ അർത്ഥമെന്താണെന്ന് ചോദിച്ചാൽ, 'മാർക്സിസ്റ്റ് ആദർശങ്ങളും ആശയങ്ങളും എന്റെ മനസ്സിന്റെ കറുത്ത മൂലയിലേയ്ക്ക് വെളിച്ചമായി കടന്നുവന്നു' എന്ന് പറഞ്ഞ മഹാനായ നേതാവായിരുന്നു പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. ഈ ചരിത്രം എനിക്കൊരു പുതിയ അർത്ഥതലം നേടിത്തന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഈ മാർക്സിസ്റ്റ് വ്യാഖ്യാനം, അതിന്റെ സിദ്ധാന്തം പ്രകാശ പ്രളയമായി എന്റെ മനസ്സിലേയ്ക്ക് കടന്നുവന്നുവെന്ന് പറഞ്ഞ മഹാനായ നേതാവായിരുന്നു പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. എന്റെ മനസ്സിന്റെ അബോധതലങ്ങളിലുണ്ടായിരുന്ന കറുത്ത പാടുകളിലേയ്ക്ക് തുറന്ന നാടകമായി വന്ന് എന്റെ ജീവിതത്തിന് ലക്ഷ്യവും ചിട്ടയും പകർന്നതാണ് കമ്മ്യൂണിസം, മാർക്സിസം എന്ന് പറഞ്ഞ നെഹ്റുവിന്റെ പാർട്ടിയുടെ പ്രതിനിധി ഈ സഭയിൽ കമ്മ്യൂണിസത്തെയും മാർക്സിസത്തെയും ആക്ഷേപിച്ചുപറഞ്ഞത് അങ്ങേയറ്റം ഖേദകരമായിപ്പോയിയെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യയിലെ കോൺഗ്രസുകാരുടെ അഴിമതി കണ്ട്, കോൺഗ്രസുകാരുടെ ജാതിബോധത്തെ കണ്ട്, കോർപ്പറേറ്റുകളുടെ പുറകെ നടക്കുന്നതുകണ്ട് നിങ്ങൾ മാറണമെന്നും നിങ്ങൾ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാരെ കണ്ടുപഠിക്കണമെന്നും പറഞ്ഞ ശ്രീമതി സോണിയാ ഗാന്ധിയുടെ പാർട്ടിയുടെ പ്രതിനിധിയാണ് ഇവിടെ കമ്മ്യൂണിസത്തെ എതിർക്കുന്നതെന്ന് പറയുന്നതിൽ ദുഃഖമുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 3 വർഷംകൊണ്ട് വിപ്ലവകരമായ മാറ്റങ്ങളാണ് കേരളം കണ്ടത്. അഴിമതി നിറഞ്ഞ വകുപ്പിനെ സത്യത്തിന്റെ വഴികളിലൂടെ സഞ്ചരിപ്പിച്ച് നവീന സാങ്കേതിക വിദ്യയും പ്രകൃതി സൗഹൃദവുമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് നേതൃത്വം കൊടുത്തു. ഒരു ലക്ഷം

കോടി രൂപയുടെ നിർമ്മാണമാണ് പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. ഉന്നത സാങ്കേതികവിദ്യ ഈ മേഖലയിൽ ഉപയോഗിക്കുന്നു. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള നിർമ്മാണവും പുതിയ കാൽവയ്പ്പാണ്. കെട്ടിടനിർമ്മാണരംഗത്തും പൈതൃകത്തനിമ ചോരാതെയുള്ള നിർമ്മാണം ഈ രംഗത്തെ മാറ്റിമറിക്കുന്നു. പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മെയിന്റനൻസിനായി പ്രത്യേക വിഭാഗം ഏർപ്പെടുത്തി. 30 വർഷംകൊണ്ട് ചെയ്യേണ്ട 400 പാലങ്ങളുടെ ഡിസൈൻ 3 വർഷംകൊണ്ടുണ്ടാക്കി നിർമ്മാണം ആരംഭിച്ചുവെന്ന കാര്യം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യയിൽ ആദ്യമായി എഞ്ചിനീയർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നൂതന സാങ്കേതികവിദ്യകൾ പരിശീലിപ്പിക്കുന്നതിന് എഞ്ചിനീയറിംഗ് കോൺഗ്രസ് ആരംഭിച്ചതും എടുത്തുപറയുകയാണ്. മഴക്കാലത്ത് റോഡ് നിർമ്മാണത്തിനായി വികസിപ്പിച്ചെടുത്ത കാന്താൾമിക്സ് മികച്ചനേട്ടമാണ്. ജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ശബരിമലയെക്കുറിച്ച് ഒരു കാര്യം പറയാം. 800 കോടി രൂപയുടെ വികസനമാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം ശബരിമലയിൽ ആരംഭിച്ചിട്ടുള്ളത്. അഭിമാനത്തോടെ ഞാൻ പറയുന്നു, 430.19 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ശബരിമലയിൽ ഈ ഗവൺമെന്റ് പൂർത്തീകരിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പ്രത്യേക അഭിനന്ദനവും ഈ ഘട്ടത്തിൽ ലഭിക്കുകയുണ്ടായി. പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ കാര്യത്തിലും തകർന്ന റോഡുകളും പാലങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കാര്യത്തിലും ഈ ഗവൺമെന്റ് വൻനേട്ടമാണുണ്ടാക്കിയത്. 6500 കോടി രൂപയുടെ തീരദേശ ഹൈവേയും 656 കോടി രൂപയുടെ മലയോര ഹൈവേയും നിർമ്മിക്കുന്നതിനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചു. കൊല്ലം ബൈപ്പാസും ആലപ്പുഴ ബൈപ്പാസും എടുത്തുപറയേണ്ട നേട്ടങ്ങളാണ്. അങ്ങനെ സംസ്ഥാനത്തെ പൊതുമരാമത്തിന് ഒരു പ്രത്യേക നയമുണ്ടായി. ഭവനരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ 5.5 ലക്ഷം വീടുകളാണ് കേരളത്തിൽ കൊടുക്കുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയിലൂടെ 1720 സബ് സ്റ്റേഷൻ കേരളത്തിൽ കൊടുക്കുന്നു. ആർദ്രം പദ്ധതി, ഇന്ത്യയിലെ ഏറ്റവും മികച്ച ആരോഗ്യ സംസ്ഥാനമായി കേരളം മാറി. സൗജന്യ യൂണിഫോം, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മികവിന്റെ കേന്ദ്രങ്ങൾ, 4500 ഹൈടെക് ക്ലാസ് മുറികൾ, ഒരുപാട് നേട്ടങ്ങളുണ്ട്. പറഞ്ഞാൽ സമയം ഒരുപാട് എടുക്കും. അതുകൊണ്ട് ഞാനതിലേയ്ക്ക് പോകുന്നില്ല.

പാലാരിവട്ടം പാലത്തെപ്പറ്റി ഒരു വാക്ക് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പാലാരിവട്ടം പാലത്തിലെ അഴിമതി യു.ഡി.എഫ്. ദുർഭരണകാലത്തെ ഏറ്റവും ചീഞ്ഞളിഞ്ഞ രാഷ്ട്രീയ മുഖത്തിന്റെ ഉത്തമ ഉദാഹരണമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭരണതലത്തിൽ അഴിമതിക്ക് കൂട്ടുനിന്ന എന്നതിന്റെ സാക്ഷ്യമാണ് പാലാരിവട്ടം പാലം. അതിൽനിന്നും വ്യത്യസ്തമായി കേരളത്തിന്റെ പൊതുമേഖലയിൽ, പ്രത്യേകിച്ച് പി.ഡബ്ല്യു.ഡി. മേഖലയിൽ വമ്പിച്ച മുന്നേറ്റമാണ് ഉണ്ടാക്കിയത്. റീബിൽഡ് കേരളയ്ക്കായി പുതിയ വകുപ്പുണ്ടാക്കി. 3142 അങ്കണവാടികളുണ്ടാക്കി, കേരള ബാങ്ക് നിലവിൽ വരാൻ പോകുന്ന, വിലക്കയറ്റം നിയന്ത്രിച്ച, സഹകരണ വകുപ്പ് 2000 വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്ന, പോലീസിലും എക്സൈസിലും ആദിവാസികൾക്ക് നിയമനം ലഭിച്ച, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 500 കോടി രൂപയുടെ സമഗ്ര വികസനം, പട്ടികജാതിക്കാർക്ക് 6700 വീടുകൾ, മത്സ്യമേഖലയിൽ വമ്പിച്ച മുന്നേറ്റം, പൊതുമേഖലാ സ്ഥാപനങ്ങളിൽ 14 എണ്ണം ലാഭകരമായി. ഇങ്ങനെ കേരളത്തിന്റെ സമസ്തമേഖലകളിലും മാറ്റങ്ങൾ വരുന്ന ഒരു ഘട്ടമാണ് ഇപ്പോഴുള്ളത്. ഈ അവസരത്തിൽ എനിക്ക് വളരെ സങ്കടകരമായി തോന്നിയ ഒരു കാര്യം, തല്ലുകൊണ്ടും ഒരുപാട് ത്യാഗങ്ങൾ സഹിച്ചും സംഘടനാപ്രവർത്തനം നടത്തി രാഷ്ട്രീയക്കാരായ നിരവധി കെ.എസ്.യു.-ക്കാരും യൂത്ത് കോൺഗ്രസുകാരുമൊക്കെ നമ്മുടെ നാട്ടിലുണ്ട്. പക്ഷെ, അതിൽനിന്നും വ്യത്യസ്തമായി പാരമ്പര്യത്തിന്റെയും സുഖലോലുപതയുടെയും മറവിൽ അധികാരസ്ഥാനത്ത് വരുന്നവർ, ത്യാഗം സഹിച്ചും വിയർപ്പൊഴുക്കിയും രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ജനനേതാക്കന്മാരെപ്പറ്റി അവർ പഠിക്കാത്തവരാണെന്ന തരത്തിൽ ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. രാജു എബ്രഹാം പ്രസംഗിച്ചപ്പോൾ വിമർശനം ഉന്നയിച്ചത് അങ്ങേയറ്റം കഷ്ടമായിപ്പോയിയെന്ന് പറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. കേരളത്തിലെ കാറ്ററിംഗ് മേഖല പ്രത്യേകമായി പരിഗണിച്ച്, ഒരു നികുതി ഏർപ്പെടുത്തി വിവാഹം നടത്താൻ ബുദ്ധിമുട്ടുള്ളവർക്ക് സാമ്പത്തിക സഹായം നൽകാൻ കഴിയുന്ന പദ്ധതിയായി അതിനെ മാറ്റണമെന്ന നിർദ്ദേശം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ സമർപ്പിക്കുകയാണ്. 'മരിച്ചിട്ടും എന്തിനാണ് നിങ്ങൾ എന്റെ മകനെ മഴയത്ത് നിർത്തിയത് ' എന്ന ഈച്ചരവാര്യരുടെ ചോദ്യത്തിന് ഇനിയും അപ്പുറത്തുനിന്ന് ഉത്തരം കിട്ടിയിട്ടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്.... പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. സജി ചെറിയാൻ:</u> സർ, ഒരു കാര്യംകൂടി. മരണംവരെ എല്ലാ രാത്രികളിലും മകനുവേണ്ടി ഒരു ഇലച്ചോറ് കാത്തുവച്ച അമ്മയുടെ കണ്ണുനീരിന് അപ്പുറത്തുനിന്നും ഇതുവരെ ഉത്തരം കിട്ടിയിട്ടില്ല. നിയമസഭാംഗമായിട്ടും കള്ളക്കേസെടുത്ത് പിടിച്ചുകൊണ്ടുപോയി ദിവസങ്ങളോളം കെട്ടിത്തൂക്കി, കാലിന്റെ വെള്ളയടക്കം അടിച്ചുപൊട്ടിച്ച്, ഉരുട്ടി, ഒരു ജീവിതവും ശരീരവും തകർത്തിട്ടും ഇന്നും ആ മനസ്സിനെയും പോരാട്ടബോധത്തെയും തകർക്കാൻ യു.ഡി.എഫ്.-ന് കഴിയില്ല. അതുകൊണ്ടാണ് സഖാവ് പിണറായി വിജയന്റെ ഗവൺമെന്റിന് കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ അഭിമാനത്തോടുകൂടി മുന്നോട്ടു പോകാനാകുന്നത്. പണം ഗവൺമെന്റ് കണ്ടെത്തുന്നുണ്ട്. ഒരു ബാദ്ധ്യതയുടെയും പ്രശ്നമില്ല. യു.ഡി.എഫ്.-ന് ഒരു ടെൻഷന്റെയും ആവശ്യമില്ല. ഈ രണ്ട് വർഷം പൂർത്തീകരിക്കുമ്പോൾ ഇന്ത്യയിലെ ഏറ്റവും വലിയ വികസിത സംസ്ഥാനമായി കേരളത്തെ മാറ്റുമെന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. എല്ലാ കള്ളത്തരങ്ങളും എല്ലാ പൊളിവചനങ്ങളും കേരളത്തിലെ ജനങ്ങൾ ഈ ബൈ-ഇലക്ഷനിൽ തള്ളിയിരിക്കുന്നുവെന്നത് അഭിമാനമാണ്. ഇതിന്റെ തുടർച്ചയായി നടക്കാൻ പോകുന്ന 6 ഉപതെരഞ്ഞെടുപ്പുകളിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി വൻനേട്ടം കൊയ്യുമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ഈ ബില്ലിനെ ഞാൻ അഭിമാനപൂർവ്വം പിന്തുണയ്ക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. ഇതിൽ പ്രളയസെസ്സ് പിൻവലിക്കണമെന്ന ആവശ്യം അപ്പുറത്തുനിന്നും വന്നതായി കാണാനിടയായി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വാറ്റ് നികുതി 2.5 ശതമാനമായി വർദ്ധിപ്പിച്ചു, പെട്രോളിയം സെസ്സ് 3 ശതമാനമായും വർദ്ധിപ്പിച്ചു. ആ സമയത്ത് തോന്നാത്ത ഒരു വികാരം ഇപ്പോൾ വന്നതെന്തുകൊണ്ടാണെന്ന് അറിയില്ല. കേരളമാകെ തകർന്നുപോയ ഒരു സാഹചര്യത്തിൽ, ഒറ്റപ്പെട്ടുപോയ മൂന്നുനാല് ജില്ലകളാകെ വിറങ്ങലിച്ചുനിന്ന സാഹചര്യത്തിൽ, ഇതിനെ എങ്ങനെ മറികടക്കാൻ കഴിയുമെന്ന ആശങ്കയിൽ കേരളവും ലോകവും ആലോചിച്ചുനിൽക്കുമ്പോഴാണ് കേരളത്തിലെ ഗവൺമെന്റ്, ഒറ്റമനസ്സോടെ കേരളീയ സമൂഹത്തെ കൂട്ടിയോജിപ്പിച്ചുകൊണ്ട് അതിനെ നേരിടാനുള്ള നടപടികളുമായി മുന്നോട്ടുപോയത്. പക്ഷെ, ആ നിലപാടുകളിൽ ഒരുമിച്ച് നിൽക്കാൻ ആദ്യം യു.ഡി.എഫ്.-ഉം കേരളത്തിലെ ബി.ജെ.പി.-യും തയ്യാറായെങ്കിലും പിന്നീട് പൊടുന്നനെ അതുമായി ബന്ധപ്പെട്ട സഹായങ്ങളിൽനിന്ന് അവർ പിൻവലിയുന്ന സാഹചര്യമാണ് നമുക്ക് കാണാൻ ഇടയായത്. ഒരുപക്ഷെ കാലം അവരെക്കൊണ്ട് മാപ്പ് പറയിപ്പിക്കും.

ആയിരക്കണക്കിന് മനുഷ്യർ ഒറ്റപ്പെട്ടുപോയ സാഹചര്യം, എത്രമാത്രം ഗുരുതരമായിരിക്കും ഈ ദുരന്തമെന്ന് തിട്ടപ്പെടുത്താൻ കഴിയാത്ത രീതിയിൽ ആശങ്ക, അതിനെത്തുടർന്നാണ് അവരെ സഹായിക്കാൻ ആബാലവൃദ്ധം ജനങ്ങളും തയ്യാറായത്. പക്ഷെ, അതിനെയും രാഷ്ട്രീയമായി കാണുന്ന നിലപാടാണ് കേരളത്തിൽ യു.ഡി.എഫ്. എടുത്തത്. കേരളത്തിലെ സർക്കാർ ജീവനക്കാരും മറ്റ് മേഖലകളിൽ ജോലി ചെയ്യുന്നവരും സഹായിക്കാൻ സന്നദ്ധരായപ്പോൾ അതിൽനിന്നും അവരോട് പിന്മാറാൻ ആവശ്യപ്പെടുന്നു. കേരള ഗവൺമെന്റിന്റെ അഭ്യർത്ഥന മാനിച്ച് ലോകത്തെ മലയാളികളാകെ സഹായിക്കാൻ തീരുമാനിച്ചപ്പോൾ അത് തടയുന്ന നിലപാടുകളാണ് കേന്ദ്ര ഗവൺമെന്റും ബി.ജെ.പി.-യും സ്വീകരിച്ചത്. എന്താണ് ഇവരുടെ മാനസികാവസ്ഥ? അന്യന്റെ വേദന കാണാനുള്ള മനസ്സുണ്ടെങ്കിൽ ആ നില അവർ സ്വീകരിക്കുമായിരുന്നില്ല. പ്രളയ സെസ്സുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, ഒരു ശതമാനം സെസ്സ് രണ്ട് വർഷത്തേയ്ക്ക് മാത്രമാണ് പിരിക്കുകയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. അതിൽ നമ്മുടെ സംസ്ഥാനത്തുനിന്നും വാങ്ങുന്ന സാധനങ്ങൾക്കാണ് ഈ സെസ്സ് ഈടാക്കുന്നതെന്നും പറയുന്നുണ്ട്. ഞങ്ങളുടെയൊക്കെ ജില്ലകളിൽ സാധനങ്ങൾ വാങ്ങാൻ അടുത്തുള്ള ചെറിയ സ്ഥലങ്ങളുണ്ട്. വീട് നിർമ്മാണവുമായി ബന്ധപ്പെട്ട സാമഗ്രികൾ പാലക്കാട്, മാഹി എന്നിവിടങ്ങളിൽനിന്നൊക്കെ വാങ്ങാൻ കഴിയും. അപ്പോൾ അവരുടെ കൈകളിൽനിന്നും ആ ഒരു ശതമാനം സെസ് എങ്ങനെ വാങ്ങാൻ കഴിയുമെന്ന സംശയം എന്റെ മനസ്സിലുണ്ട്. കഴിഞ്ഞ നിയമസഭയിൽ ഒരംഗമായി ഞാൻ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ എൽ.ഡി.എഫ്.-ന് വമ്പിച്ച ഭൂരിപക്ഷം ലഭിച്ചെങ്കിലും എങ്ങനെയാണ് കേരളത്തെ മുന്നോട്ടുകൊണ്ടു പോകാൻ കഴിയുകയെന്ന ആശങ്കയോടുകൂടിയാണ് ഞാൻ ഈ സഭയിലേയ്ക്ക് കടന്നുവന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സാമ്പത്തിക മേഖല തകർന്നുതരിപ്പണമായതിനെ തുടർന്ന് വരൾച്ച മുരടിച്ച സാഹചര്യമായിരുന്നു ഉണ്ടായിരുന്നത്. പക്ഷപാതപരമായ സമീപനത്തിലൂടെ വികസനത്തെ മുന്നോട്ട് കൊണ്ടുപോകാൻ ഇന്ത്യാ ഗവൺമെന്റ് നിലപാട് സ്വീകരിച്ചപ്പോൾ ശ്രീമതി ഗാന്ധിയോട് വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എങ്ങനെയാണ് പെരുമാറിയതെന്ന് നമുക്ക് ഓർമ്മയുണ്ട്. അവർ ഉപയോഗിച്ച പദം ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ വേറിട്ട നിലപാടുകൾ സ്വീകരിച്ചപ്പോൾ ആ സംസ്ഥാനങ്ങൾ അന്ന് കോൺഗ്രസ്സിനോടും കേന്ദ്ര ഗവൺമെന്റിനോടും സ്വീകരിച്ച നിലപാട് നമുക്കറിയാം. അതുപോലെയായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് എൽ.ഡി.എഫ്. ജനപ്രതിനിധികളോട് സ്വീകരിച്ച നിലപാട്. ബഡ്ജറ്റുമായി ബന്ധപ്പെട്ട് വികസന രംഗത്ത് പണം നൽകുന്ന കാര്യത്തിൽ വേഴാമ്പലിനെപ്പോലെ അഞ്ച് വർഷം

കാത്തിരുന്നു. എന്തെങ്കിലും തരാൻ കൂട്ടാക്കിയോ? ഒന്നും ചെയ്തിരുന്നില്ല. അത്തരമൊരു നില മാറ്റിക്കൊണ്ട് 'പന്തിയിൽ പക്ഷഭേദമില്ല' എന്ന നിലപാട് സ്വീകരിച്ചുകൊണ്ട് 140 മണ്ഡലങ്ങളോടും നീതിപൂർവ്വമായ ജനാധിപത്യ മര്യാദ പാലിച്ചുകൊണ്ട് വികസന പ്രക്രിയയ്ക്കുവേണ്ടി, സാമ്പത്തിക പരാധീനതകളും പരിമിതികളും ഉണ്ടായിരുന്ന സാഹചര്യത്തിലുമാണ് അതിനെ മറികടക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് മുന്നോട്ട് വന്നിട്ടുള്ളത്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വൺ ടൈം മെയിന്റനൻസ് കൊടുത്തപ്പോൾ കോഴിക്കോട് ജില്ലയിലെ ഇടതുപക്ഷ എം.എൽ.എ.-മാർക്ക് അനുവദിക്കാതിരുന്നതും നമ്മൾ ശ്രീ. വി. എസ്. അച്ചുതാനന്ദനെ കണ്ടതും അങ്ങ് ഓർമ്മിക്കുന്നുണ്ടോ?

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഗ്രാമീണ റോഡുകളുമായി ബന്ധപ്പെട്ട് പ്രയാസങ്ങൾ അനുഭവിക്കുന്ന ഒരു സാഹചര്യത്തിലാണ് വൺ ടൈം മെയിന്റനൻസിന്റെ ആവശ്യമുന്നയിച്ചത്. കോഴിക്കോട് ജില്ലയിലെ എൽ.ഡി.എഫ്. എം.എൽ.എ.-മാർ മൂന്ന് പേരൊഴികെ, എല്ലാവരും ചേർന്നുകൊണ്ട് പ്രതിപക്ഷ നേതാവിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുമെല്ലാം നിവേദനം നൽകിയിരുന്നു. അഞ്ച് കോടി രൂപ വീതം അവർക്ക് രണ്ട് വർഷത്തേയ്ക്കാണ് അനുവദിച്ചിരുന്നത്. അവസാനം ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച തുക ഇലക്ഷന്റെ സമയമായതിനാൽ വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടായിരുന്നത്. ഞാൻ സൂചിപ്പിച്ചത് അതാണ്. അത്തരമൊരു പക്ഷപാതപരമായ നിലപാട് സ്വീകരിച്ചിരുന്ന സാഹചര്യങ്ങളിൽനിന്നും മാറി, ഇന്ന് എല്ലാ മണ്ഡലങ്ങളിലും, ഇതിന്റെ പ്രക്രിയകളിൽ ചില താമസമുണ്ടായിട്ടുണ്ടെങ്കിലും പ്രവർത്തനങ്ങൾ നടക്കാത്ത ഏതെങ്കിലും മണ്ഡലമുണ്ടോ? കൊടുത്തതെല്ലാം വന്നില്ലെങ്കിലും ഈ അഞ്ച് വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന പദ്ധതികളാണെന്ന കാര്യത്തിൽ സംശയമില്ല. കിഫ്ബിവഴി ഏറ്റെടുത്ത പദ്ധതികളെല്ലാം പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. അൻപതിനായിരം കോടി രൂപയുടെ വികസന പദ്ധതികളെന്ന് പറയുന്നത് നിസ്സാര കാര്യമാണോ? കേരള സംസ്ഥാന രൂപീകരണത്തെത്തുടർന്ന് അഞ്ച് വർഷത്തിനുള്ളിൽ ഇങ്ങനെയൊരു മാസ്മരിക രീതിയിൽ പണം സമാഹരിച്ചുകൊണ്ട് വികസന പ്രവർത്തനത്തിലൂടെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി, ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെല്ലാംതന്നെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. തീർച്ചയായും ഇത് അഭിമാനാർഹമായ

നേട്ടമാണ്. ഇന്ത്യയിലെ ഏതൊരു സംസ്ഥാനത്തിനും കേരളത്തെ മാതൃകയാക്കാൻ കഴിയുന്ന തരത്തിലുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ആധുനിക ചികിത്സയ്ക്ക് മാത്രം കിഫ്ബിയിൽനിന്നും 2832.62 കോടി രൂപയാണ് അനുവദിച്ചത്. 1614.42 കോടി രൂപയുടെ പദ്ധതി ഇപ്പോൾ നടക്കുകയാണ്. നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, പത്ത് കാത്ത് ലാബുകൾ, 44 പുതിയ ഡയാലിസിസ് സെന്ററുകൾ, കാൻസർ ചികിത്സയ്ക്കായി ആധുനിക സംവിധാനങ്ങൾ ഒരുക്കുന്ന സെന്ററുകൾ എന്നിവ കൊണ്ടുവരുന്നു. ജില്ലാ ആശുപത്രികളിലും അതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയാണ്. അങ്ങനെ സമസ്തമേഖലകളിലും നല്ല രീതിയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. ഇന്നലത്തേയും മിനിഞ്ഞാന്നത്തേയും പത്രങ്ങൾ നോക്കിയാൽ ആരോഗ്യസംരക്ഷണത്തിന്റെ കാര്യത്തിൽ കേരളം മുൻപന്തിയിലാണെന്ന് കാണാൻ കഴിയും. ഇന്നത്തെ പത്രത്തിൽ ഭക്ഷ്യസുരക്ഷയുടെ കാര്യത്തിലും കേരളമാണ് മുന്നിൽ വന്നിരിക്കുന്നത്. ഭക്ഷ്യ ഭദ്രതാ നിയമം ഏറ്റവും ഒടുവിൽ നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ഇന്ന് ഇന്ത്യയിൽ ഭക്ഷ്യ ഭദ്രതയിൽ അല്ലെങ്കിൽ ഭക്ഷ്യസുരക്ഷാ സമീപനത്തിൽ കേരളമാണ് മുന്നിലെന്ന സാഹചര്യം വന്നിരിക്കുന്നു. ഒന്നാം സ്ഥാനം അതിന് മാത്രമാണോ? ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളിൽനിന്നും വിഭിന്നമായി, ആഭ്യന്തരരംഗത്തും കേരളം മുന്നിലാണ്. അതുപോലെ പാലുൽപ്പാദന രംഗത്തും കേരളത്തിന് അവാർഡ് ലഭിച്ചിരിക്കുന്നു. 1957-ലെ ഗവൺമെന്റ് തകരാനിടയാക്കിയത് വിദ്യാഭ്യാസ പരിഷ്കരണ നിയമവും ഭൂപരിഷ്കരണ നിയമവുമായിരുന്നു. ഈ നിയമങ്ങൾ കേരളത്തിൽ നടപ്പാക്കിയാൽ അത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്കും വ്യാപിക്കുമെന്നതിന്റെ അടിസ്ഥാനത്തിലാണ് ജാതി-മത സംഘടനകളെ യോജിപ്പിച്ചുകൊണ്ടുള്ള വിമോചന സമരം അരങ്ങേറിയത്. എന്നാൽ അവിടെവച്ച് അത് അവസാനിപ്പിച്ചില്ല. 1957-ൽ തുടങ്ങിയ ആ വിദ്യാഭ്യാസ പരിഷ്കരണ നയം ഇവിടെ നടപ്പാക്കി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വലിയ മുന്നേറ്റം ഉണ്ടാക്കിയെടുക്കാൻ നമുക്ക് കഴിഞ്ഞു. എല്ലാ മണ്ഡലങ്ങളിലും അത് ഒരുപോലെ നടക്കുകയാണ്. അടുത്ത മാസം 6-ാം തീയതി ഒരു സ്കൂളിന്റെ കെട്ടിട ഉദ്ഘാടനത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വരുന്നുണ്ട്. അഞ്ച് കോടി രൂപയുടെയും മൂന്ന് കോടി രൂപയുടെയും രണ്ട് കോടി രൂപയുടെയും ഒരു കോടി രൂപയുടെയും വിവിധ പദ്ധതികളാണ് നടക്കുന്നത്. മറ്റ് വിദ്യാലയങ്ങളിൽ പഠിച്ചിറങ്ങിയ ലക്ഷക്കണക്കിന് വിദ്യാർത്ഥികളാണ് ഓരോ വർഷവും പൊതു വിദ്യാലയങ്ങളിലേയ്ക്ക് കടന്നുവരുന്നത്. ഈ ഗവൺമെന്റ്

വരുമ്പോൾ ഒന്നാം ക്ലാസ്സിൽ പഠിച്ചിരുന്ന ഒരു വിദ്യാർത്ഥി, ഈ ഗവൺമെന്റ് കടന്നുപോയി അടുത്ത അഞ്ച് വർഷം കഴിയുമ്പോൾ ലോകത്തിന്റെ നൂതനമായ സാധ്യതകൾ മനസ്സിലാക്കുന്ന പുതിയ തലമുറയായാണ് കടന്നുവരുന്നത്. ആ രീതിയിലേയ്ക്ക് കേരളത്തെ മാറ്റുകയാണ്. വിദ്യാഭ്യാസ മേഖലയിൽ നൂതന മാറ്റങ്ങളാണ് ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. ആരോഗ്യ രംഗത്തെപ്പറ്റി ഞാനിവിടെ സൂചിപ്പിച്ചു, ആരോഗ്യരംഗവും മുന്നിലാണ്. ഇന്നലത്തെ പത്രങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിച്ച ഒരു കാര്യം, കേരളം വീണ്ടും അതിരൂക്ഷമായ വരൾച്ചയിലേയ്ക്ക് പോകുകയാണെന്നാണ്. മൊത്തത്തിലുള്ള മഴയുടെ ലഭ്യതയിൽ 35 ശതമാനം കുറവുണ്ടായെങ്കിൽ, കോഴിക്കോട് ഉൾപ്പെടെയുള്ള വടക്കൻ മേഖലകളിൽ മഴയുടെ ലഭ്യതയിലുണ്ടായ കുറവ് 35 ശതമാനത്തിലധികമാണ്. വലിയൊരുപ്രശ്നം കേരളം അഭിമുഖീകരിക്കാൻ പോകുകയാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ മാത്രമല്ല, കാർഷിക മേഖലയിലും അതിന്റേതായ ബുദ്ധിമുട്ടുകൾ നേരിടേണ്ടതായിവരും. അതിനാൽ കേരളത്തിലെ പുഴകളെയും നദികളെയുമെല്ലാം സംരക്ഷിക്കുന്നതിനും കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും കുടിവെള്ളം ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടിവരുമെന്ന കാര്യത്തിൽ തർക്കമില്ല. വലിയ തോതിൽ ഭൂഗർഭജലം താഴ്ന്നുകൊണ്ടിരിക്കുകയാണ്, കിണറുകളിൽ ഇപ്പോൾത്തന്നെ വെള്ളമില്ല. പുഴകളിലും നദികളിലുമൊന്നും വെള്ളമില്ലാത്ത അവസ്ഥയാണുള്ളത്. വൈദ്യുതി ഉൽപ്പാദനം കുറയുന്നത് കേരളത്തെ വല്ലാതെ ബാധിക്കാനിടയുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ലാഭത്തിലേയ്ക്ക് പോകുന്ന കാലമാണിത്. വൈദ്യുതി ഉൽപ്പാദനം കുറയുന്നത് അവയുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കും. അതിനാൽ നമ്മുടെ പുഴകളെയും നദികളെയുമെല്ലാം സംരക്ഷിക്കാനും ജലം സംഭരിക്കാനുമുള്ള ഒരു പദ്ധതി ആവിഷ്കരിക്കണം. അതോടൊപ്പംതന്നെ വരൾച്ചയായാലും പ്രളയമായാലും അതിനെ തരണം ചെയ്യാനുള്ള പദ്ധതികൂടി ഉണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ടും തന്റെ കർമ്മനിരതമായ പ്രവർത്തനത്തിലൂടെ സമ്പദ്ഘടന ശക്തിപ്പെടുത്തി കേരളത്തെ മുന്നോട്ട് കൊണ്ടുപോകുന്ന ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബില്ലിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ടും ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു: സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ പൂർണ്ണമായും സ്വാഗതം ചെയ്യുകയാണ്. സംസ്ഥാന സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടാൻ സഹായകരമായ വിധത്തിലുള്ള കാര്യങ്ങളാണ് ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നത് പൂർണ്ണമായും സ്വാഗതം ചെയ്യുകയാണ്.

വ്യാപാരികളും വ്യവസായികളും മറ്റിതര വിഭാഗം നികുതിദായകരും കഴിഞ്ഞ നിരവധി കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കാണ് ഇതുവഴി പരിഹാരം കാണാൻ സാധിക്കുന്നത്. വാറ്റ് കുടിശ്ശിക ജി.എസ്.ടി. വന്നതിനുശേഷവും പരിഹരിക്കപ്പെടാതെ തുടരുകയാണ്. 2015-2017 കാലയളവിൽ ഏതാണ്ട് 70000-ത്തിലധികം അസ്സെസ്മെന്റുകളാണ് പൂർത്തീകരിക്കാതെ നിലനിൽക്കുന്നത്. തീർച്ചയായും അതിനൊരു ആംനെസ്റ്റി നടപ്പാക്കി അനുഭാവപൂർവ്വമായ സമീപനം സ്വീകരിച്ച് പരിഹരിക്കാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് എല്ലാ വിഭാഗം ആളുകളും സ്വാഗതം ചെയ്യും.

ഓരോ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോഴും സർക്കാരിനുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നമുക്ക് ലഭിക്കേണ്ട നികുതി പൂർണ്ണമായും ലഭ്യമാക്കുകയെന്നുള്ളത് മർമ്മപ്രധാനമായ കാര്യമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാറുകൾ നിരോധിക്കുകയുണ്ടായി. നിരോധിക്കപ്പെട്ട ബാറുകളിൽ മഹാഭൂരിപക്ഷം, ഞാൻ മനസ്സിലാക്കുന്നത് 200-ലധികം ബാറുകൾക്ക് അന്നത്തെ ടേൺഓവർ ടാക്സ് കോമ്പൗണ്ട് ചെയ്ത് നടപ്പാക്കുന്ന രീതി തുടരുകവഴി ബാർ നിർത്തലാക്കിയശേഷവും അതിന് തൊട്ട് മുൻപുള്ള രണ്ട് വർഷത്തെ ടാക്സ് കോമ്പൗണ്ട് ചെയ്തുകൊടുക്കുന്ന നിലയാണുണ്ടായത്. അത് അടയ്ക്കാൻ പറ്റാത്ത ബാറുടമകളും ഹോട്ടലുടമകളും സ്വാഭാവികമായും കുടിശ്ശിക വരുത്തി. ഇപ്പോൾ ബാറുകളെല്ലാം തുറന്നു പ്രവർത്തിക്കാൻ ഈ സർക്കാർ നയപരമായി തീരുമാനിക്കുകയും അവ തുറന്നു പ്രവർത്തിക്കുകയുമാണ്. എന്നാൽ തുറന്നു പ്രവർത്തിക്കുന്ന ഈ കാലത്തെ നികുതിയോ അവ അടച്ചുപൂട്ടിയിരുന്ന കാലത്തെ നികുതിയോ സർക്കാരിന് ഇപ്പോഴും ലഭ്യമാകുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇക്കാര്യത്തിൽ യഥാർത്ഥത്തിലുള്ള പ്രശ്നം, വാറ്റ് നടപ്പാക്കിയ കാലത്ത്, ടേണോവർ ടാക്സ് നടപ്പാക്കപ്പെട്ടിരുന്ന കാലത്ത് ഉപയോഗിച്ചിരുന്ന സോഫ്റ്റ്വെയർ ജി.എസ്.ടി. വന്നതോടുകൂടി ഇപ്പോൾ മാറുകയാണ്. ആ കാലഘട്ടത്തിലെ കാര്യങ്ങൾ റെക്ടിഫൈ ചെയ്യുന്നതിന് ഇപ്പോഴും ഉദ്യോഗസ്ഥർ അതിനുള്ള താൽപ്പര്യം കാണിക്കുന്നില്ല. ഇതിന്റെ ഫലമായി പല സന്ദർഭങ്ങളിലും നികുതിദായകരായ വ്യവസായികൾക്കും കച്ചവടക്കാർക്കുമെല്ലാം നൽകുന്ന അസെസ്സ്മെന്റ് അവർക്ക് അംഗീകരിക്കാൻ കഴിയാത്ത വിധത്തിലുള്ളതാണ്. ഒന്നോരണ്ടോ കോടി രൂപ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് മുപ്പതോ നാല്പതോ കോടി രൂപ അസെസ്സ് ചെയ്തുകൊടുക്കുകയാണ്. അത്തരത്തിലുള്ള നോട്ടീസ് യഥാർത്ഥത്തിൽ അവരുടെ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെത്തന്നെ വഴിമുട്ടിക്കാൻ ഇടയാക്കുന്നതാണ്. യഥാർത്ഥത്തിൽ അത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ അവരുടെ വ്യക്തിഗതമായ നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ്

പല കച്ചവടക്കാർക്കും വ്യവസായികൾക്കും ഇത്തരത്തിലുള്ള നികുതിക്ക് നിർദ്ദേശം കൊടുക്കുന്നത്. ഇത് പരിഹരിക്കുന്നതിന് തീർച്ചയായും ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകൾ പ്രയോജനം ചെയ്യും. പക്ഷേ ഒരുകാര്യം എനിക്ക് സൂചിപ്പിക്കുവാനുള്ളത്, അത് നടപ്പാക്കുന്നതിന്, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്ന് ആവശ്യമായ നിർദ്ദേശങ്ങൾ ഉണ്ടാകണമെന്നുള്ളതാണ്.

ഇതോടൊപ്പം ചൂണ്ടിക്കാണിക്കാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം, ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാനത്തെ നികുതി വരുമാനത്തിൽ കുറവുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. 14 ശതമാനത്തോളം നികുതി വർദ്ധനവ് ഓരോ വർഷവും ഉണ്ടാകുന്നില്ലെങ്കിൽ, 14 ശതമാനംകണ്ട് നികുതി വർദ്ധനവിന് കണക്കാക്കി ഗ്യാപ്പ് ഫിൽ ചെയ്യുന്നതിന് ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. നമുക്കിപ്പോൾ ശരാശരി 10 ശതമാനമാണ് നികുതി വർദ്ധനവ്. 4 ശതമാനത്തോളം ഗ്യാപ്പ് ഫില്ലിംഗ് എമൗണ്ട് നമുക്ക് ലഭിക്കും. പക്ഷേ ഇത് 5 വർഷത്തേയ്ക്ക് മാത്രമാണ്. നമുക്ക് നികുതി വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുന്നില്ലെങ്കിൽ അഞ്ച് വർഷത്തിനുശേഷം സ്വാഭാവികമായും സംഭവിക്കാൻ പോകുന്നത്, നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട അർഹമായ നികുതിക്കപ്പുറം നയാപൈസ നമുക്ക് കിട്ടാൻ പോകുന്നില്ലെന്നുള്ളതാണ്. സ്വാഭാവികമായും നമ്മുടെ വികസന പ്രവർത്തനങ്ങളെല്ലാം വഴിമുട്ടും. എങ്ങനെയാണ് ജി.എസ്.ടി. പ്രകാരംതന്നെ ലഭിക്കേണ്ട നികുതി പൂർണ്ണമായും നമുക്ക് ലഭ്യമാക്കാൻ സാധിക്കുക; വൻകിടക്കാരായ വ്യവസായികൾ ഈ നികുതി സമയത്തുതന്നെ കൊടുക്കുന്നതിൽ വലിയ തോതിലുള്ള വീഴ്ച വരുത്തുകയാണ്. പക്ഷേ ആ വീഴ്ച കണ്ടെത്താനും പരിഹരിക്കാനും നിലവിൽ നമുക്കാവശ്യമായ സംവിധാനങ്ങളില്ല. അതുപോലെതന്നെ ചരക്കുകടത്ത്. യഥാർത്ഥത്തിൽ ഇപ്പോൾ ചെക്ക്പോസ്റ്റുകളൊന്നുമില്ല. പരിശോധിക്കാനുള്ള സംവിധാനം പരിമിതമാണ്. സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുമെന്ന് മന്ത്രിതന്നെ സഭയിൽ പറയുകയുണ്ടായി. അത് പൂർണ്ണമായും വിന്യസിക്കപ്പെട്ടിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ക്യാമറ മാത്രമല്ല, സ്കാൻ ചെയ്യാനുള്ള സംവിധാനവുമുണ്ട്. ആധുനിക കാലത്ത് വാഹനത്തിന്റെ ഗതിവിഗതികൾ നിർണ്ണയിക്കത്തക്ക വിധത്തിൽ, നമ്പർ പ്ലേറ്റിലോ അതുപോലെതന്നെ മറ്റ് ജി.പി.എസ്. സംവിധാനത്തിലോ ഘടിപ്പിച്ചുകൊണ്ട് വാഹനങ്ങൾ പോകുന്ന വഴി നിർണ്ണയിക്കാൻ പൂർണ്ണമായും നമുക്ക് സാധിക്കും. അതുമാത്രമല്ല, പ്രൊഡക്ഷൻ സെക്ടറിൽ കൃത്യമായ സ്റ്റാറ്റിസ്റ്റിക്സ് ഉണ്ടെങ്കിൽ നമുക്ക് നികുതി പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിക്കും. ഇതുസംബന്ധിച്ച് സമഗ്രമായ സമീപനം കൈവരിക്കാൻ, അത് നടപ്പാക്കാൻ

സാധിക്കുന്നില്ലെങ്കിൽ അഞ്ച് വർഷം തികയുമ്പോഴേയ്ക്കും നമ്മുടെ നികുതി വരുമാനത്തിൽ ഗണ്യമായ ഇടിവുണ്ടാകും. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും വരുന്ന വീഴ്ച ഗുരുതരമാണ്. നികുതിദായകരായ ആളുകളോട് അന്യായമായ നികുതി ഈടാക്കാൻ ശ്രമിക്കുന്നതുപോലെതന്നെ സമയത്ത് സർക്കാരിന്റെ ഖജനാവിലേയ്ക്ക് എത്തേണ്ട പണം എത്താതിരിക്കുന്നതിന് ഇടയാക്കുന്ന കൃത്യവിലോപവുമുണ്ട്. ഇക്കാര്യത്തിൽ കൃത്യമായ മോണിറ്ററിംഗ്, സിസ്റ്റമാറ്റിക്കായിട്ടുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. അതിന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി മുൻകയ്യെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

എനിക്കുശേഷം ഇവിടെ സംസാരിക്കേണ്ടത് പ്രതിപക്ഷത്തുനിന്നുള്ള ബഹുമാന്യനായ അംഗം വി. ടി. ബൽറാം, എം.എൽ.എ. ആണ്. അദ്ദേഹം തീർച്ചയായും ചില കാര്യങ്ങൾ പ്രതിപക്ഷത്തിനും ഈ സഭയ്ക്കുംവേണ്ടി വ്യക്തമാക്കണമെന്നതാണ് എന്റെ ആഗ്രഹം. ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള മൂന്ന് വർഷക്കാലംകൊണ്ട് ഏതാണ്ട് 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്. അവ ഏതൊക്കെ മേഖലയിൽ എങ്ങനെയൊക്കെ നടപ്പാക്കപ്പെട്ടുവെന്ന് എനിക്കുമുമ്പ് സംസാരിച്ച അംഗങ്ങളെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. ഒരു ധവളപത്രത്തിലൂടെ നമ്മുടെ ഖജനാവിന്റെ നിജസ്ഥിതി വെളിപ്പെടുത്തിയതിനുശേഷം ബഡ്ജറ്റിന് പുറത്ത് വരുമാനം കണ്ടെത്താനുള്ള ശ്രമം നടത്തുകയും കിഫ്ബിയിലൂടെ ഒട്ടനവധി പ്രവർത്തനങ്ങൾ നമുക്ക് മുന്നോട്ട് കൊണ്ടു പോകാനും സാധിച്ചു. അതൊരു ദിവാസ്വപ്നമല്ലെന്ന് വ്യക്തമായിരിക്കുകയാണ്. ബഹുമാന്യനായ അംഗം പ്രസംഗിക്കുമ്പോൾ ഒരുകാര്യം വ്യക്തമാക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അങ്ങയുടെ നിയോജകമണ്ഡലം ഉൾപ്പെടെ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലെയും വികസന പ്രവർത്തനങ്ങൾക്കുവേണ്ടി 5 വർഷക്കാലംകൊണ്ട് വിനിയോഗിക്കപ്പെട്ട തുക ഈ മൂന്ന് വർഷംകൊണ്ട് ആ നിയോജക മണ്ഡലങ്ങളിലേയ്ക്ക് നീക്കിവയ്ക്കപ്പെട്ടുകയും വിനിയോഗിക്കപ്പെട്ടുകയും ചെയ്തിട്ടില്ലെങ്കിൽ ബഹുമാന്യനായ അംഗം ആ നിയോജകമണ്ഡലത്തിന്റെ പേരുപറഞ്ഞ് കഴിഞ്ഞ 5 വർഷക്കാലത്തെയും ഈ 3 വർഷക്കാലത്തെയും പ്രവർത്തനങ്ങൾ താരതമ്യപ്പെടുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കിഫ്ബി ദിവാസ്വപ്നമാണെന്ന് പറഞ്ഞ ആളുകൾക്ക് ഇപ്പോൾ ഒന്നും പറയാനില്ല, അത് പൂർണ്ണമായും സ്വീകരിച്ചിരിക്കുകയാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. നല്ല കാര്യമാണ്. പക്ഷെ ഇതുമാത്രം പോര, നിങ്ങൾ വകുപ്പ് തിരിച്ചുപറയണം. കഴിഞ്ഞ ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത് ചെയ്ത

പ്രവർത്തനങ്ങളേക്കാൾ പുറകിലായിപ്പോയി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണമെന്ന് ഈ സർക്കാർ നേതൃത്വം കൊടുക്കുന്ന ഏതെങ്കിലും വകുപ്പിനെക്കുറിച്ച് നിങ്ങൾക്ക് പറയാൻ സാധിക്കുമോ; നിങ്ങളുടെ ഗവൺമെന്റ് അഞ്ചു വർഷംകൊണ്ട് എന്താണ് ചെയ്തതെന്നും മൂന്നുവർഷംകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ എന്താണ് ചെയ്തതെന്നും ഓരോ വകുപ്പിനെക്കുറിച്ചും നിങ്ങൾ പരിശോധിക്കണം. തികയാതെ വരികയോ നിങ്ങൾക്കൊപ്പം എത്താതെ പോകുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് വിമർശനമായി ചൂണ്ടിക്കാണിച്ചാൽ അത് സ്വാഗതം ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറാകും. അതിനുപകരം തൊട്ടതും തൊടാത്തതുമെല്ലാം എഴുന്നള്ളിച്ച് നമ്മുടെ സഭയുടെ അന്തരീക്ഷത്തെത്തന്നെ മലീമസമാക്കേണ്ട എന്തുകാര്യമാണുള്ളത്? നിങ്ങളുടെ കാലത്ത് പണിത പാലങ്ങളും റോഡുകളുമെല്ലാം തകർന്നുകൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ എന്റെ സുഹൃത്ത് ശ്രീ. വി. ടി. ബൽറാം, അദ്ദേഹം ഇക്കാര്യങ്ങളിലെല്ലാം കുറച്ച് വ്യത്യസ്തനാണെന്ന് വരുത്തിത്തീർക്കാൻ ഫെയ്സ്ബുക്ക് പോസ്റ്റുകൾ ഇടുന്ന ആളാണ്. ഞാൻ അദ്ദേഹത്തോട് പറയുകയാണ്, പാലാരിവട്ടം പാലം ഉൾപ്പെടെ കേരളത്തിൽ തകർന്നുകൊണ്ടിരിക്കുന്ന പാലങ്ങളെക്കുറിച്ചും റോഡുകളെക്കുറിച്ചും നിങ്ങളുടെ ഭരണകാലത്ത് നടപ്പാക്കിയ അഴിമതിയെക്കുറിച്ചും ഒരക്ഷരം ഫെയ്സ്ബുക്കിൽ ഇടാത്തതെന്താണ്; ഫെയ്സ്ബുക്കിൽ ഇടാൻ സമയം കിട്ടിയില്ലെങ്കിൽപോട്ടെ, ഇപ്പോൾ സംസാരിക്കാൻ 12 മിനിട്ടുണ്ടല്ലോ. ആ 12 മിനിട്ടുപയോഗിച്ച് ഈ സഭയിൽ നാട്ടിലെ ജനങ്ങൾക്ക് ബോധ്യമാകുന്ന വിധത്തിൽ ബഹുമാന്യനായ അംഗം അതെല്ലാം ഒന്ന് വിശദീകരിക്കണം എന്നാണ് എന്റെ അഭിപ്രായം.

ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും ഗവൺമെന്റിനുമെതിരായി വലിയ വിമർശനവും ആക്ഷേപവും ഉന്നയിക്കുന്നതിന് കാരണമായി പറയുന്നത് സർക്കാരിന്റെ പ്രവർത്തനങ്ങളൊന്നുമല്ല. തെരഞ്ഞെടുപ്പിന്റെ തോൽവിയാണ്. അത് ഞങ്ങൾ അംഗീകരിച്ചെന്ന് പറഞ്ഞുകഴിഞ്ഞു. ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉപതെരഞ്ഞെടുപ്പിന്റെ റിസൽട്ട് വന്നുകൊണ്ടിരിക്കുകയാണ്. പുറത്തുപോയാൽ ചാനലിൽ വാർത്ത വന്നുകൊണ്ടിരിക്കുന്നത് കാണാം. ഞാൻ പറയുന്നത് നിങ്ങളൊന്ന് പുറത്തുപോയി ആ വിവരമൊന്ന് ശേഖരിച്ച് പ്രിയപ്പെട്ട ശ്രീ. വി. ടി. ബൽറാമിന് കൊണ്ടുവന്ന് കൊടുക്കണമെന്നാണ്. 44 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളിലേയ്ക്കാണ് ഇപ്പോൾ തെരഞ്ഞെടുപ്പ് നടന്നത്. അതിൽ 33-ൽ 19 ഇടത്തും ഇടതുപക്ഷ ജനാധിപത്യ മുന്നണി ജയിച്ചു. ഏഴെണ്ണം നിങ്ങൾ ജയിച്ചിടത്താണ്. ഉപതെരഞ്ഞെടുപ്പിന്റെ റിസൽട്ടാണ് എല്ലാത്തിനും അടിസ്ഥാനമെന്നല്ല. പക്ഷേ അതൊരു സൂചകമാണ്. പാർലമെന്റ്

തെരഞ്ഞെടുപ്പിനുശേഷം ഈ ചെറിയ കാലയളവിനിടയിൽ സംസ്ഥാനത്തെ ജനങ്ങൾ എങ്ങനെയാണ് ചിന്തിക്കുന്നതെന്ന് നമുക്ക് നന്നായി മനസ്സിലാക്കാൻ സാധിക്കുന്ന ഒരു സൂചകമാണ് ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശബരിമല നിലകൊള്ളുന്ന റാന്നി മണ്ഡലത്തിൽ പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് 9 വോട്ട് മാത്രമാണ് കിട്ടിയതെന്നുകൂടി അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ശരിയല്ലേ?

ശ്രീ. ജെയിംസ് മാത്യു: 100 ശതമാനവും ശരിയാണ്. എല്ലാം പറയാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷെ, ഒരുകാര്യം ഞാൻ സൂചിപ്പിക്കുകയാണ്. നമ്മൾ ഈ രാഷ്ട്രീയ ഭിന്നത ഇവിടെ വിഴുപ്പലക്കുന്നതുപോലെ പറഞ്ഞുപോകുന്നതിനുപകരം നാടിന്റെ നന്മയ്ക്കുവേണ്ടി വിമർശനപരമായി നിങ്ങൾക്ക് ഉന്നയിക്കാൻ സാധിക്കുന്ന കാര്യങ്ങൾ ഉന്നയിക്കണം. ഞങ്ങൾ തിരുത്തേണ്ടത് തിരുത്താൻ തയ്യാറാണെന്ന് നൂറ് പ്രാവശ്യം നിങ്ങളോട് പറഞ്ഞു. പക്ഷെ കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പ്രചാരവേലകളാണ് നിങ്ങൾ അപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്. ആ പ്രചാരവേല നിങ്ങൾ അവസാനിപ്പിക്കണം. ഈ നാടിനുവേണ്ടി യോജിച്ചുനിൽക്കാൻ നിങ്ങൾ തയ്യാറാകണം. ലോക കേരളസഭയിൽനിന്ന് രാജിവച്ചതുകൊണ്ട് പ്രവാസികളെ തോൽപ്പിക്കാൻ സാധിക്കുകയില്ല. നിങ്ങൾ അക്കാര്യം മനസ്സിലാക്കണം. പ്രവാസികൾക്കുവേണ്ടി എല്ലാക്കാലത്തും നിലപാട് സ്വീകരിച്ചവരും പ്രവർത്തിച്ചവരും ഞങ്ങളാണ്. അതൊന്നും നിങ്ങൾ മറന്നുപോകരുത്. ഒരു കാര്യംകൂടി ഓർമ്മിപ്പിച്ച് ഞാൻ അവസാനിപ്പിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് നേതൃത്വം കൊടുക്കുന്ന കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, നവകേരളം സൃഷ്ടിക്കുന്നതിനുവേണ്ടി ഇച്ഛാശക്തിയോടുകൂടി കേരളത്തെ മുന്നോട്ട് കൊണ്ടുപോകുമ്പോൾ, ദീർഘവീക്ഷണത്തോടും ശാസ്ത്രീയമായ കാഴ്ചപ്പാടുകളോടുംകൂടി വികസനം മുന്നോട്ട് കൊണ്ടുപോകുമ്പോൾ അതിനൊപ്പം നിൽക്കാൻ നിങ്ങളും ഉണ്ടാകണമെന്ന് ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുകയാണ്. അതിനുവേണ്ടി കേരളത്തിന്റെ മുഖ്യമന്ത്രി രണ്ടുതവണ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും നിങ്ങളോടും അഭ്യർത്ഥിച്ചു. അത് ചെവിക്കൊള്ളാൻ നിങ്ങൾ തയ്യാറാകണമെന്ന് ഒരിക്കൽക്കൂടി സ്നേഹപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ടും ഈ ധനകാര്യ ബില്ലിനെ പിന്തുണച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ ഈ ധനകാര്യബില്ലിനെ എതിർക്കുകയാണ്. ഇന്നത്തെ 'ദി ഹിന്ദു' പത്രത്തിൽ ഒരു വാർത്തയുണ്ട്. " State on the verge of grave financial crisis" , ഈ സംസ്ഥാനം ഒരു വലിയ സാമ്പത്തിക പ്രതിസന്ധിയുടെ വക്കിലാണ്. കേരളത്തോട് അങ്ങേയറ്റം വിരോധം വച്ചുപുലർത്തുന്നതരത്തിലുള്ള സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഈ വാർത്തയ്ക്ക് ആധാരമായിട്ടുള്ള കാര്യങ്ങൾ ഉണ്ടായിട്ടുള്ളതും അതിന്റെ ഭാഗമായിട്ടാണ്. നമ്മുടെ ബോറോയിംഗ് കപ്പാസിറ്റിയിൽ 6000 കോടി രൂപയുടെ കുറവ് വരുത്തിയിരിക്കുകയാണ്. പ്രളയത്തിനുശേഷം നമ്മളൊക്കെ സ്വാഭാവികമായി പ്രതീക്ഷിച്ചിരുന്നത് നമ്മുടെ ബോറോയിംഗ് കപ്പാസിറ്റി ഉയർത്താനുള്ള, എഫ്.ആർ.ബി.എം. ലിമിറ്റുകളെ മറികടക്കാനുള്ള പ്രത്യേക അനുമതി കേന്ദ്ര സർക്കാർ നൽകുമെന്നായിരുന്നു. പക്ഷെ അതുണ്ടാകുന്നില്ലെന്നു മാത്രമല്ല, നമുക്ക് സാധാരണഗതിയിൽ കിട്ടേണ്ട കാര്യങ്ങൾപ്പോലും നിരസിക്കുന്ന നിഷേധാത്മകമായ സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും കാണാൻ സാധിക്കുന്നത്. ഇത് സ്വാഭാവികമാണ്. കാരണം കേന്ദ്ര സർക്കാരിനെ അനുകൂലിക്കുന്ന ഒരു എം.പി.-യെപ്പോലും സംഭാവന ചെയ്യാത്ത ഇന്ത്യയിലെ അപൂർവ്വം സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. അതുകഴിഞ്ഞുള്ള സംസ്ഥാനം ആന്ധ്രാപ്രദേശാണ്. ആ നിലയ്ക്ക് പ്രത്യേകിച്ചും ദേശീയതലത്തിൽത്തന്നെ കോൺഗ്രസ്സിന്റെ അഖിലേന്ത്യാ അദ്ധ്യക്ഷന് നാലര ലക്ഷത്തോളം വോട്ടിന്റെ മഹാഭൂരിപക്ഷത്തിൽ ചരിത്ര വിജയം നൽകി വിജയിപ്പിച്ച കേരളത്തോട് കേന്ദ്രത്തിന്റെ ഈ 'ചിറ്റമ്മ'നയവും എതിരഭിപ്രായങ്ങളും ഉണ്ടാകും. നമ്മുടെ ഓരോ വികസന പ്രവർത്തനങ്ങൾക്കും തടസ്സം സൃഷ്ടിക്കുന്ന സമീപനം അവർ കാണിക്കും. അത് നമ്മൾ ഒറ്റക്കെട്ടായിനിന്നുകൊണ്ട് ശക്തമായി എതിർക്കേണ്ട കാര്യമാണ്. അക്കാര്യത്തിൽ നമുക്ക് ഈ സംസ്ഥാനത്തിന്റെ കൂട്ടായ ഇച്ഛാശക്തി പ്രകടിപ്പിക്കാൻ കഴിയേണ്ടതായിട്ടുണ്ട്. അത് പറയുമ്പോഴും സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും വരുന്ന വീഴ്ചകൾ നമുക്ക് കാണാതിരിക്കാൻ സാധിക്കുകയില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, പ്രളയക്കെടുതിക്കും കേരളത്തിലെ റോഡുകളുടെ പുനർ നിർമ്മാണത്തിനുംവേണ്ടി യാതൊരുവിധത്തിലുള്ള ഡിമാന്റും കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ വച്ചിട്ടില്ലായെന്നൊരു വാർത്ത ഇന്നത്തെ പത്രത്തിൽ വന്നിട്ടുണ്ട്. അത് ശരിയാണോ എന്നുള്ളത് പരിശോധിക്കണം.

ശ്രീ. വി. ടി. ബൽറാം: തീർച്ചയായിട്ടും വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. ഞാൻ സൂചിപ്പിക്കുന്നത് 2017-18-ലെ സി.എ.ജി. റിപ്പോർട്ട് പുറത്തു വന്നു. നമ്മുടെ മൂലധന ചെലവ് വളരെ ഗണ്യമായി കുറയുന്നുവെന്നത് ആശങ്കാപരമായ കാര്യമായി ഉയർന്നുവരുന്നുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പ്രളയത്തിന് 500 കോടി രൂപയുടെ സി.ആർ.എഫ്.(സെൻട്രൽ റോഡ് ഫണ്ട്) അധികം ചോദിക്കുകയും അത് അനുവദിക്കുകയും ചെയ്തു. വേറെ ഫണ്ട് അവർ അനുവദിക്കില്ല. ആ തുകയെല്ലാം വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. വി. ടി. ബൽറാം: നമ്മുടെ മൂലധനച്ചെലവ് വലിയ രീതിയിൽ കുറയുകയാണ്. 11,286 കോടി രൂപയിൽനിന്ന് 10289 കോടി രൂപയായി ഏതാണ്ട് 996 കോടി രൂപയുടെ കുറവ് വരുത്തേണ്ടതായി വരികയാണ്. സംസ്ഥാനത്തിന്റെ വികസനത്തെ സംബന്ധിച്ച് വലിയ ആശങ്കകൾ ഇത് ഉയർത്തുന്നുണ്ട്. നമ്മുടെ കടം കൂടുകയാണ് എന്നുള്ളകാര്യമൊക്കെ നേരത്തെ ശ്രീ. കെ. എസ്. ശബരീനാഥൻ അടക്കമുള്ള അംഗങ്ങൾ പറഞ്ഞു. കടം കൂടുമെന്നുള്ളത് നമ്മളൊക്കെ അംഗീകരിക്കുകയാണ്. പക്ഷെ ജി.ഡി.പി. വളർച്ചയ്ക്ക് അനുസൃതമായി മാത്രമേ കടം വർദ്ധിക്കുന്നുള്ളൂവെന്ന് നമുക്ക് ഉറപ്പു വരുത്തേണ്ടതായിട്ടുണ്ട്. അക്കാര്യത്തിൽ ആശങ്കാപരമായിട്ടുള്ള സാഹചര്യം ഉണ്ടാകുകയാണ്. ഡെഡ് ജി.എസ്.ഡി.പി. റേഷ്യോ കൂടുകയാണ്. 30.4 ശതമാനമാണ് നമ്മുടെ ലക്ഷ്യം, പക്ഷെ 31.27 ശതമാനമായി ഡെഡ് ജി.എസ്.ഡി.പി. റേഷ്യോ വർദ്ധിക്കുന്നുവെന്ന് പറയുമ്പോൾ അത് തീർച്ചയായും ഭാവിയെക്കുറിച്ച് ആശങ്കയുണ്ടാക്കുന്നുണ്ട്. വരുമാനം ഗണ്യമായി കുറയുകയാണ്, അതിന്റെ ഭാഗമായാണ് റവന്യൂകമ്മി കൂടുന്നത്. 2.47 ശതമാനമായി റവന്യൂകമ്മി ഇപ്പോഴും നിൽക്കുന്നുവെന്നുള്ളത് നാളെകളിൽ നമ്മുടെ നാടിന്റെ സാമ്പത്തിക രംഗത്തെക്കുറിച്ച് ശുഭപ്രതീക്ഷകളല്ല നൽകുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മൂന്ന് വർഷമായി നിങ്ങൾ ഭരിക്കുകയാണ്. പക്ഷെ കഴിഞ്ഞ നാലഞ്ചു വർഷമായി ആ ട്രന്റ് തുടങ്ങിയിട്ടുണ്ട്. ഓരോ വർഷവുമുള്ള നമ്മുടെ റവന്യൂ റസീറ്റിന്റെ വർദ്ധന ഒൻപത്-പത്ത് ശതമാനത്തിൽ നിൽക്കുകയാണ്. നമ്മൾ 16 ശതമാനം ലക്ഷ്യം വച്ചാലും 10 ശതമാനത്തിൽ താഴെയാണ് അത് നിൽക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമായി കാണേണ്ടത്, നമ്മുടെ നോൺ ടാക്സ് റവന്യൂ ഇനത്തിൽ ലോട്ടറി ഒഴിച്ച് ബാക്കിയുള്ളവയ്ക്ക് നെഗറ്റീവ് ഗ്രോത്താണ്. ലോട്ടറിയിൽ സ്വാഭാവികമായിട്ടുള്ള വർദ്ധനവുണ്ടാകുന്നുണ്ട്, അതിന്റെ ഭാവി ആശങ്കയിലാണെങ്കിൽപ്പോലും ലോട്ടറിയിൽ സ്വാഭാവികമായ ചെറിയ വർദ്ധനവുണ്ടാകുന്നുണ്ട്. പക്ഷെ ലോട്ടറിയുടെ കാര്യം മാറ്റിനിർത്തിയാൽ ബാക്കി മേഖലകളിൽനിന്നുള്ള നോൺ ടാക്സ് റവന്യൂ വരുമാനം ഗണ്യമായി കുറയുന്നുവെന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. പ്രത്യേകിച്ചും പ്രളയത്തിനുശേഷം മൈനിംഗ് മേഖലയിൽനിന്നും കോടിക്കണക്കിന് രൂപ

ഇനിയും പിരിച്ചെടുക്കാനുണ്ട്. ഇത്തരത്തിലുള്ള യാതൊരു നിയന്ത്രണവുമില്ലാത്ത ക്വാറിയിംഗും മൈനിംഗുമാണ് പ്രളയത്തിന് കാരണമാകുന്നതെന്ന് നാം കാണേണ്ടതുണ്ട്. ഈ മേഖലയിൽ കൈവയ്ക്കാൻ നമ്മൾ തയ്യാറാകണം. അവിടെനിന്നും പിരിച്ചെടുക്കാനുള്ള പണം പിരിച്ചെടുക്കാൻ നമുക്ക് കഴിയണം. സ്വർണ്ണവ്യാപാരവുമായി ബന്ധപ്പെട്ട് 40,000 കോടി രൂപ മാത്രമാണ് ഔദ്യോഗിക കണക്കിൽ വരുന്നത്. പക്ഷെ അതിന്റെ എത്രയോ ഇരട്ടിയാണ്, രണ്ടു ലക്ഷത്തോളം കോടി രൂപയുടെ സ്വർണ്ണവ്യാപാരം ഒരു വർഷം കേരളത്തിൽ നടക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പാട്ടക്കുടിശ്ശിക എത്രയോ പിരിച്ചെടുക്കാനുണ്ട്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ധവളപത്രം പുറപ്പെടുവിച്ചുകൊണ്ട് പിരിച്ചെടുക്കാനുള്ള നികുതികളെക്കുറിച്ച് പറഞ്ഞിരുന്നു. അങ്ങനെ പിരിച്ചെടുക്കാനുള്ള നികുതി ഇപ്പോൾ കഴിഞ്ഞ ഗവൺമെന്റിനേക്കാൾ വർദ്ധിച്ചിരിക്കുന്ന അവസ്ഥയാണ്. ധനകാര്യ മാനേജ്മെന്റിൽ അങ്ങ് കുറച്ചുകൂടി ശ്രദ്ധിക്കണമെന്നാണ് പൊതുവിൽ ഞങ്ങൾക്ക് പറയാനുള്ളത്. കിഫ്ബിയിലൂടെ ഓരോ മണ്ഡലത്തിലും നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് നേരത്തെ ശ്രീ. ജയിംസ് മാത്യു അടക്കം എന്നോട് ചോദിച്ചു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ലഭിച്ചതും ഈ ഗവൺമെന്റിന്റെ മൂന്ന് വർഷക്കാലയളവിൽ കിട്ടിയ കാര്യങ്ങളും താരതമ്യപ്പെടുത്തി അവതരിപ്പിക്കാൻ അദ്ദേഹത്തിന്റെ സമയം വിനിയോഗിച്ചിരുന്നുവെങ്കിൽ നന്നാകുമായിരുന്നു. എന്റെ മണ്ഡലത്തിന്റെ കാര്യം ചോദിച്ചതുകൊണ്ട് ഞാൻ പറയാം. ഞാനത് പറയാനുള്ള അവസരത്തിനുവേണ്ടി കാത്തിരിക്കുകയായിരുന്നു. എന്റെ മണ്ഡലത്തിലെ സ്കൂളുകൾക്ക് സ്വാഭാവികമായും ലഭിക്കുന്ന 5 കോടി രൂപയുടെയും 3 കോടി രൂപയുടെയും ഫണ്ടുകൾക്ക് പുറമെ, ഒരു സിന്തറ്റിക് ട്രാക്കിനുവേണ്ടിയുള്ള 8 കോടി രൂപയല്ലാതെ മറ്റൊരു കിഫ്ബി പ്രോജക്ടും ഇതുവരെ മുന്നോട്ട് പോയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ബഡ്ജറ്റിൽ അംഗീകരിച്ച 120 കോടി രൂപയുടെ ഒരു റോഡിന്റെ ഡി.പി.ആർ. പോലും 3 വർഷമായിട്ടും ഇതുവരെയും അംഗീകരിച്ചിട്ടില്ല. ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണ്. ഞാൻ കഴിഞ്ഞ ദിവസം അതിനെ സംബന്ധിച്ച് സബ്മിഷൻ അവതരിപ്പിച്ചതാണ്. മറ്റൊന്ന്, എന്റെ മണ്ഡലത്തിലെ കരിയന്നൂർ റെയിൽവേ ഓവർബ്രിഡ്ജിന്റെ കാര്യം ഞാൻ നിരന്തരം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് സൂചിപ്പിക്കുന്നതാണ്. അതിന് 10 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. 10 കോടി രൂപയ്ക്ക് ഒരു റെയിൽവേ ഓവർബ്രിഡ്ജിന്റെ പണി തീരുകയില്ലെന്ന് നമുക്കൊക്കെ അറിയാമല്ലോ? അതിനെ

ഒരു ടോക്കൺ പ്രൊവിഷനായി മാത്രമേ കാണുന്നുള്ളൂ. അതിന്റെ ഡി.പി.ആർ. തയ്യാറാക്കിയപ്പോൾ 40 കോടി രൂപയോളം വന്നിട്ടുണ്ട്. പക്ഷെ തുകയില്ലെന്ന് പറഞ്ഞുകൊണ്ട് കരിയന്നൂരിന് പകരമായി നിർദ്ദേശിച്ച സുശീലപ്പടി ഓവർബ്രിഡ്ജ് ഇതുവരെ തരാതിരിക്കുന്ന സാഹചര്യമാണുള്ളത്. ഞാൻ ഒരു നിവേദനം ഇതിനുശേഷം അങ്ങേയ്ക്ക് തരാം. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും അതിന്റെ കോപ്പി സമർപ്പിച്ചിരുന്നു. അങ്ങ് ആ കാര്യത്തിൽ ഇടപെട്ട് ഈ പദ്ധതി പ്രത്യേകമായി അനുവദിച്ചുതരണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രതിപക്ഷ അംഗങ്ങളുടെ ഇത്തരത്തിലുള്ള ആവശ്യങ്ങൾ നിരവധിയായിട്ടുണ്ട്. പാലാരിവട്ടത്തെക്കുറിച്ചൊക്കെ ചോദിച്ചു, എന്റെ ഫെയ്സ്ബുക്ക് പോസ്റ്റുകളുടെ അടിസ്ഥാനത്തിലാണ് ഈ ഗവൺമെന്റ് അഴിമതിക്കാർക്കെതിരെ കേസ്സെടുക്കുന്നതെന്നുള്ളകാര്യം ഞാൻ ആദ്യമായിട്ടാണ് മനസ്സിലാക്കുന്നത്. അത് എനിക്കൊരു പുതിയ അറിവാണ്. നിങ്ങൾ കേസ്സെടുക്കണം. ഒരു സംശയവും വേണ്ട, ഉപ്പ് തിന്നിട്ടുണ്ടെങ്കിൽ ആരായാലും വെള്ളം കുടിക്കണമെന്നതാണ് ഞങ്ങളുടെ നിലപാട്. ആർക്കെതിരെയും നിങ്ങൾക്ക് കേസ്സെടുക്കാം. പക്ഷെ ആലുവരിൽ ഒരു പ്രശ്നമുണ്ടാകുമ്പോൾ അത് മുഴുവൻ ഉദ്യോഗസ്ഥരുടെ പ്രശ്നം, പാലാരിവട്ടത്ത് പ്രശ്നമുണ്ടാകുമ്പോൾ അതുമുഴുവൻ അന്നത്തെ മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും പ്രശ്നമാണെന്ന് പറയുന്നത് രാഷ്ട്രീയ ഇരട്ടത്താപ്പാണ്. ഇവിടെ രാഷ്ട്രീയ വിവേചനം മാറ്റിവച്ചുകൊണ്ട് തുല്യമായ സമീപനം നിങ്ങൾ സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിനെക്കുറിച്ച് ചോദിച്ചു, അന്ന് എന്റെ മണ്ഡലത്തിൽ അനുവദിച്ച 50 കോടി രൂപയുടെ കുട്ടക്കടവ് റെഗുലേറ്ററിന്റെ പണി നടക്കുകയാണ്. എന്നാൽ ഈ ഗവൺമെന്റ് കിഫ്ബിയിലൂടെ പ്രഖ്യാപിച്ച കാങ്കപ്പുഴ റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ.-യുടെ മണ്ഡലവുമായിക്കൂടി ബന്ധപ്പെട്ടതാണ്. കഴിഞ്ഞ ദിവസം ഞങ്ങൾ ഇറിഗേഷൻ മിനിസ്റ്ററുടെ സാന്നിദ്ധ്യത്തിൽ റിവ്യൂ മീറ്റിംഗ് കൂടിയിരുന്നു. അതിന്റെ ഡി.പി.ആർ. പോലും ഇതുവരെ തയ്യാറാക്കിയിട്ടില്ല. ഓരോരോ കാര്യങ്ങൾ പറഞ്ഞ് പദ്ധതികൾ നീട്ടിവയ്ക്കുകയാണ്. എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നുള്ള പ്രവർത്തനങ്ങളടക്കം ഈ നിലയിൽ ഇഴഞ്ഞുനീങ്ങുകയാണ്. ഇക്കാര്യങ്ങൾ ഞങ്ങളെല്ലാവരും, അപ്പുറത്തിരിക്കുന്ന എം.എൽ.എ.-മാരടക്കം സൗഹൃദ സംഭാഷണത്തിൽ പറയാറുണ്ട്. എം.എൽ.എ.-മാർ അവരുടെ മണ്ഡലങ്ങളിൽ മോശക്കാരാകുകയാണ്. കോൺട്രാക്ടർമാർക്ക് ഓരോ പ്രവൃത്തിയുടെയും ബിൽ

സമയത്തിന് നൽകാത്തതിനാൽ ഡിലേ ആയിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങൾ ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഞാൻ എന്റെ മണ്ഡലത്തിലെ 9 പദ്ധതികളുടെ പേരുപറയാം.

1. ഗോഖലെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ - ജനുവരിമാസം 11-ാം തീയതി ബിൽ സമർപ്പിച്ചു, ഇതുവരെ പണം ലഭ്യമായിട്ടില്ല.

2. നാഗലശ്ശേരി യു.പി. സ്കൂൾ - 30 ലക്ഷത്തിന്റെ ബിൽ മേയ് മാസത്തിൽ സമർപ്പിച്ചു, ഇതുവരെ പണം ലഭ്യമായിട്ടില്ല.

3. കൊടമുണ്ട സ്കൂൾ - 21 ലക്ഷം രൂപയുടെ ബിൽ 2017 -ൽ സമർപ്പിച്ചു, ഇതുവരെ പണം ലഭ്യമായിട്ടില്ല.

4. മേഴത്തൂർ സ്കൂൾ - 17 ലക്ഷം രൂപയുടെ ബിൽ ജനുവരി മാസം 11-ാം തീയതി സമർപ്പിച്ചു, ഇതുവരെ പണം ലഭ്യമായിട്ടില്ല.

5. മേഴത്തൂർ ഹൈസ്കൂൾ - 35 ലക്ഷം രൂപയുടെ ബിൽ 6-ാം മാസം സമർപ്പിച്ചു, ഇതുവരെ പണം ലഭ്യമായിട്ടില്ല.

6. തിരുമിറ്റക്കോട് ഗവൺമെന്റ് എൽ.പി.സ്കൂൾ - 16,55,000 രൂപയുടെ ബിൽ സമർപ്പിച്ചു, ഇതുവരെ പണം ലഭ്യമായിട്ടില്ല.

7. ചാലിശ്ശേരി എൽ.പി.സ്കൂൾ - 5,42,000 രൂപയുടെ ബിൽ ഏപ്രിൽ മാസം സമർപ്പിച്ചു, ഇതുവരെ പണം ലഭ്യമായിട്ടില്ല.

8. അരിക്കാട് ജി.എൽ.പി.സ്കൂൾ-7,92,000 രൂപയുടെ ബിൽ ഏപ്രിൽ മാസം 6-ാം തീയതി സമർപ്പിച്ചു, ഇതുവരെ പണം ലഭ്യമായിട്ടില്ല.

9. ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്- ഇതിനായി എന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 5 കോടി രൂപ അനുവദിച്ചതിൽ 75 ലക്ഷം രൂപയുടെ ബിൽ മാർച്ച് മാസം സമർപ്പിച്ചു, ഇതുവരെ പണം ലഭ്യമായിട്ടില്ല.

ഇതാണ് അവസ്ഥ. എന്റെ മണ്ഡലത്തിലെ 9 പ്രവൃത്തികളുടെ കാര്യത്തിൽ മാത്രം ഏതാണ്ട് രണ്ട് കോടി നൽപ്പത് ലക്ഷം രൂപ ഇനിയും കിട്ടാനുണ്ട്, അതുകാരണം പദ്ധതികൾ മുന്നോട്ടുപോകുന്നില്ല. സോഷ്യൽ മീഡിയയിലടക്കം ഞങ്ങൾ മോശക്കാരാകുകയാണ്. ജനങ്ങളുടെയിടയിൽ പ്രതിഷേധം ഉയരുകയാണ്.

അവയെല്ലാം സ്ലൂളുകളാണ്, മുന്നോട്ടുകൊണ്ടുപോകാൻ പറ്റുന്നില്ല. പല ഓഫീസുകളിലും അകാരണമായി തടഞ്ഞുവയ്ക്കുകയാണ്. കഴിഞ്ഞ ജനവരി മാസം മുതൽ പത്ത് ലക്ഷത്തിന് മുകളിലുള്ള ഒരു ബില്ലും പാസ്സാകുന്നില്ല, ട്രഷറി നിയന്ത്രണമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഞങ്ങളൊക്കെ ആസ്തി വികസന ഫണ്ടിൽനിന്നും കൊടുക്കുന്നത് 50 ലക്ഷം രൂപയുടെയും ഒരു കോടി രൂപയുടെയും രണ്ട് കോടി രൂപയുടെയും പദ്ധതികളാണ്. സ്വാഭാവികമായും പാർട്ട് ബില്ലുകൾപോലും 10 ലക്ഷത്തിന് മുകളിലായിരിക്കും, അതൊന്നും പാസ്സാകുന്നില്ല, അതുകാരണം പദ്ധതികളൊന്നും മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല എന്നതാണ് അവസ്ഥ. പ്രളയത്തിനുശേഷം കേരളത്തെ പുനർനിർമ്മിക്കണം. ഗ്രാമീണറോഡുകളുടെ പുനർ നിർമ്മാണത്തിനായി പ്രത്യേക പാക്കേജ് അനുവദിക്കണം. ഒരു പഞ്ചായത്തിന് ഏറ്റവും കുറഞ്ഞത് 2 കോടി രൂപയെങ്കിലും അഡീഷണലായി അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു ഭാഗത്ത് ഇങ്ങനെ ചെയ്യുമ്പോൾ മറുഭാഗത്ത് ധൂർത്തിന് ഒരു കുറവുമില്ല. മുഖ്യമന്ത്രിയുടെ സാമൂഹ്യമാധ്യമ പ്രചാരണത്തിന് ഒരുകോടി ഇരുപത് ലക്ഷം രൂപ അനുവദിച്ചുവെന്ന വാർത്ത ഇന്നലെ പുറത്തുവന്നു. എന്ത് ഇമേജ് ബിൽഡിംഗ് പ്രോസ്സസിനെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്? സർക്കാരിന്റെ മൂന്നാം വാർഷികാഘോഷങ്ങൾ വലിയ രീതിയിൽ, കോടികൾ പൊടിപൊടിച്ച് നടത്തുകയാണ്. റീബിൽഡ് കേരളയുടെ ഓഫീസ് നവീകരണത്തിന് 88 ലക്ഷം രൂപ ചെലവഴിച്ചപ്പോൾ അപ്പുറത്തുള്ള ഭരണപക്ഷ അംഗം പറയുന്നത്, സി.എം.ഡി.ആർ.എഫ്.-ൽ നിന്നല്ല എന്നാണ്. സി.എം.ഡി.ആർ.എഫ്.-ൽ നിന്നല്ലെങ്കിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നല്ലെങ്കിൽ ഇത് എ.കെ.ജി. സെന്ററിൽനിന്നും കൊണ്ടുവന്ന പണമല്ലല്ലോ? ഏത് ഹെഡ്ഡിലാണ് എന്നതാണ് പ്രധാനം. സി.എം.ഡി.ആർ.എഫ്.-ൽ നിന്നല്ലല്ലോ നമ്മുടെ സ്കൂൾ യുവജനോത്സവത്തിന് ഫണ്ട് ചെലവഴിക്കുന്നത്. ആ സ്കൂൾ യുവജനോത്സവത്തിനുള്ള ഫണ്ട് വെട്ടിക്കുറച്ചില്ലേ; സി.എം.ഡി.ആർ.എഫ്-ൽ നിന്നല്ലല്ലോ നമ്മുടെ ......ബഹളം... ......ഫണ്ട് ചെലവഴിക്കുന്നത്, അതും വെട്ടിക്കുറച്ചില്ലേ; ഓണാഘോഷംപോലും വെട്ടിക്കുറച്ചില്ലേ; ഇവ മുഴുവൻ പ്രളയത്തിന്റെ പേരുപറഞ്ഞ് വെട്ടിക്കുറയ്ക്കുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് ഇത്രയധികം തുക ചെലവഴിക്കുന്നത് ശരിയാണോ? ചീഫ് സെക്രട്ടറിയുടെ ഓഫീസ് മോടിപിടിപ്പിക്കുന്നതിനുവേണ്ടി 69 ലക്ഷം രൂപ ചെലവഴിക്കുന്നു. മുഖ്യമന്ത്രി ഹെലികോപ്റ്റർ വാടകയ്ക്കെടുക്കാൻ പോകുന്നു. പുതിയ ചീഫ് വിപ്പ് നിയമനം വരുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, അപ്പുറത്ത് സംസാരിച്ച ബഹുമാനപ്പെട്ട യു.ഡി.എഫ്. അംഗം പറഞ്ഞത് വസ്തുതാവിരുദ്ധമായ കാര്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് പറയൂ..

ശ്രീ. റ്റി. വി. രാജേഷ്: സർ, ഒന്നരക്കോടി രൂപ ഒരാൾക്കുകൊടുത്തുവെന്ന പേരിൽ ഇവിടെ പറഞ്ഞ കാര്യം വസ്തുതാ വിരുദ്ധമാണ്. അത് രേഖയിലുണ്ടാകാൻ പാടില്ല. അത് നീക്കം ചെയ്യണം.

ശ്രീ. വി. ടി. ബൽറാം: സർ, ഏതുകാര്യമാണ് അദ്ദേഹം പറഞ്ഞതെന്ന് അദ്ദേഹത്തിനും അറിയില്ല; നമുക്കാർക്കും മനസ്സിലായില്ല. ഏതായാലും ഞാൻ പറഞ്ഞ കാര്യം വസ്തുതാപരമാണ്, അങ്ങേയ്ക്ക് പരിശോധിക്കാവുന്നതാണ്. റീബിൽഡ് കേരളയുടെ വാടകക്കെട്ടിടത്തിന്റെ ഓഫീസ് പുനരുദ്ധരിക്കുന്നതിനു വേണ്ടി 88.50 ലക്ഷം രൂപ ചെലവഴിച്ചു. വാടക ഇനി വേറെ കൊടുക്കണം. ഇത് ഏത് ഫണ്ടിൽനിന്നാണെന്നത് പ്രസക്തമല്ല. ഗവൺമെന്റിന്റെ ഫണ്ടാണല്ലോ, പൊതുജനാവിലെ പണമാണല്ലോ, നികുതിദായകരുടെ പണമാണല്ലോ, ഇത്രമാത്രം ധൂർത്ത് നടത്തേണ്ട എന്ത് അത്യാവശ്യമാണുള്ളതെന്നാണ് ഇവിടെ ചോദിക്കുന്നത്. അതിനെ ന്യായീകരിക്കുകയാണ്, എത്ര ലജ്ജാകരമായ സമീപനമാണിത്? ഇത്രയും വലിയ ഒരു ദുരന്തം കേരളം അഭിമുഖീകരിക്കുമ്പോൾ, ഓരോരുത്തരും ഓരോ ചില്ലിത്തുട്ടും ഇതിനുവേണ്ടി സംഭാവന ചെയ്യുമ്പോൾ, അത് ഈ നിലയിൽ ധൂർത്തിലേയ്ക്ക് നയിക്കുന്നത് സങ്കടകരമാണ്. ഞാൻ അവസാനിപ്പിക്കുകയാണ്, മറ്റ് കാര്യങ്ങളെക്കുറിച്ച് പറയണമെന്ന് ആഗ്രഹിച്ചിരുന്നെങ്കിലും ഈ സാഹചര്യത്തിൽ ഞാൻ പറയുന്നില്ല. കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ സൂചിപ്പിച്ച കാര്യം ഒന്നുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഉപതെരഞ്ഞെടുപ്പിന്റെ റിസൽട്ടിനെക്കുറിച്ചെല്ലാം പറഞ്ഞു. 19 ലോക്സഭാ സീറ്റിൽ ഞങ്ങൾ ജയിക്കുമ്പോൾ 19 പഞ്ചായത്ത് വാർഡ് ജയിക്കുന്നതാണ് ഇവർ ആഘോഷിക്കുന്നത്. സൈക്കിൾ ബ്രാന്റ് അഗർബത്തിയുടെ ഒരു പരസ്യമുണ്ട് ഓരോരുത്തർക്കും പ്രാർത്ഥിക്കാൻ ഓരോ കാരണമുണ്ട് എന്നുപറയുന്നതുപോലെ ഇവർക്ക് ആഹ്ലാദിക്കാൻ ഇങ്ങനെയെങ്കിലും ഒരു കാരണം വീണുകിട്ടിയതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനകാര്യബില്ലിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി ( ഡോ. ടി. എം. തോമസ് ഐസക്): സർ, നമ്മുടെ പൊതു സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഇവിടെ സംസാരിച്ച, ശ്രീ. കെ.

എസ്. ശബരീനാഥൻ, ശ്രീ. വി. ടി. ബൽറാം, ഡോ. എൻ. ജയരാജ് തുടങ്ങിയ പ്രതിപക്ഷ മെമ്പർമാരും ഭരണകക്ഷിയിൽനിന്ന് സംസാരിച്ചവരുമെല്ലാംതന്നെ ഗൗരവമായ പല കാര്യങ്ങളും ഉന്നയിച്ചിട്ടുണ്ട്. അവയോടൊന്നും ഞാൻ ഈ സന്ദർഭത്തിൽ ദീർഘമായി പ്രതികരിക്കുന്നില്ല, തിങ്കളാഴ്ചത്തേയ്ക്ക് മാറ്റിവയ്ക്കുകയാണ്. അന്ന് സമയം കൂടുതലുണ്ടാകും. ഇന്ന് വെള്ളിയാഴ്ചയാണ്, സഭ കഴിഞ്ഞയുടൻ സബ്ജക്ട് കമ്മിറ്റി കൂടി പിരിയേണ്ടതുണ്ട്. അതുകൊണ്ട് പൊതു സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളോടെല്ലാം നിശ്ചയമായും വിശദമായി പ്രതികരിക്കാം. അവയെല്ലാം വിശദമായി ചർച്ച ചെയ്യേണ്ട കാര്യങ്ങളാണ്. പ്രസംഗത്തിന്റെ ആദ്യഭാഗത്ത് ശ്രീ. വി. ടി. ബൽറാം പറഞ്ഞ സമീപനം ശക്തിപ്പെടുത്തേണ്ടതുണ്ട്. ആ പ്രസംഗ ഭാഗത്തിൽ പറഞ്ഞതുപോലെ വളരെ ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ട കാര്യങ്ങൾ കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റിലുണ്ട്. അതുകൊണ്ട് ഞാൻ ആക്ടിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കുകയാണ്. ഈ ബില്ലിലെ ബഹുഭൂരിപക്ഷം ക്ലാസുകളും Amnesty-യെക്കുറിച്ചാണ്, ക്ലാസ് 2, 4, 5, 7, 10, 11, 12, 13 എന്നിവയെല്ലാം അതിനെക്കുറിച്ചാണ്. VAT, Luxuary Tax, അതുപോലെ വിൽപ്പന നികുതി തുടങ്ങിയ മേഖലകളിൽ നമ്മൾ ഏർപ്പെടുത്തിയിട്ടുള്ള Amnesty-യെക്കുറിച്ചുള്ള കാര്യങ്ങളാണ് ബില്ലിൽ മുഖ്യമായുമുള്ളത്. ഇവിടെ ശ്രീ. വി. ടി. ബൽറാമും അതിനുമുമ്പ് ശ്രീ. കെ. എസ്. ശബരീനാഥനും പറഞ്ഞ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഭഗീരഥ പ്രയത്നത്തിലേയ്ക്ക് പോകാൻ തുടങ്ങുകയാണ്. അതിൽ ഒന്നുരണ്ട് സബ്സ്റ്റാൻഷ്യൽ വിമർശനങ്ങൾ വന്നു. അത് ശ്രീ. ജെയിംസ് മാത്യു എം.എൽ.എ.-യുടേതാണ്. കുടിശ്ശിക പിരിക്കുന്നതിന്റെ ഭാഗമായി 2012-13 മുതലുള്ള അസ്സസ്മെന്റുകൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ സോഫ്റ്റ്‌വെയറിലാണ് സ്ക്രൂട്ടിനി നടത്തുന്നത്. അതിനുള്ള ഡാറ്റ മുഴുവൻ എന്റർ ചെയ്തിട്ടുള്ളത് വ്യാപാരികളാണ്. ഡാറ്റ എന്റർ ചെയ്ത് അയയ്ക്കുമ്പോൾ പലപ്പോഴും കോളങ്ങൾ മാറിപ്പോകുകയും പൂജ്യം കൂടിപ്പോകുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. ആ തെറ്റുകൾ കമ്പ്യൂട്ടർ കൃത്യമായി കണ്ടുപിടിച്ച് അതിന്റെ അടിസ്ഥാനത്തിൽ അസെസ്സ്മെന്റ് വരുമ്പോൾ ചിലർക്കൊക്കെ വലിയ തുക വരാറുണ്ട്. അതാണ് ശ്രീ. ജെയിംസ് മാത്യു എം.എൽ.എ. പറഞ്ഞത്. ചിലപ്പോൾ ആയിരം കോടിരൂപയായിരിക്കും അസ്സസ്മെന്റ് വരുന്നത്. ഇത് ഗൗരവമായിട്ടുള്ള കാര്യമാണ്. ഇത് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുള്ള തെറ്റല്ല. വ്യാപാരികൾ അയച്ചിരിക്കുന്ന റിട്ടേണിലെ പിശകാണ്. കാരണം ഓൺലൈൻ ആയിട്ടാണ് ഡാറ്റ എന്റർ

ചെയ്യിരിക്കുന്നത്. മുമ്പ് ഡിപ്പാർട്ടുമെന്റാണ് എന്റർ ചെയ്യിരുന്നത്. പക്ഷേ ഇപ്പോൾ അത് പറ്റില്ല. ഇങ്ങനെ തെറ്റ് വന്നുകഴിഞ്ഞാൽ ഉദ്യോഗസ്ഥൻതന്നെ പരിശോധിച്ച് എന്താണ് തെറ്റെന്ന് കണ്ടുപിടിച്ച് അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി മാത്രമേ അയയ്ക്കാൻ പാടുള്ളൂവെന്നും യാന്ത്രികമായി വരുന്നത് അങ്ങനെതന്നെ അയയ്ക്കാൻ പാടില്ലെന്നും തീരുമാനം എടുത്തിട്ടുണ്ട്. അതുവഴി പരാതികൾ കുറയ്ക്കാൻ കഴിയും. എന്നാലും അസ്സസ്മെന്റിൽ വലിയ തുകകൾ വരും. കാരണം അതിൽ ബെസ്റ്റ് ജഡ്ജ്മെന്റ്, പിഴ, പലിശ എന്നിവയെല്ലാം ഉണ്ടാകും; ഇത്രയും വലിയൊരു തുക വന്ന്, അപ്പീലിന് പോകുമ്പോൾ ഒരു ശതമാനം കോർട്ട് ഫീ-യും അഡ്വക്കേറ്റ് ഫീസും കൊടുക്കണം. അതുസംബന്ധിച്ച് ഇവിടെ ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീമതി വീണാ ജോർജ്ജ് എന്നിവരും പറയുകയുണ്ടായി. പക്ഷെ ഈ ബില്ലിൽ ഇതിനൊരു പരിഹാരം ഉൾപ്പെടുത്തിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം ഇൻകംടാക്സ് അതോറിറ്റി, ഇൻകംടാക്സ് അപ്പീൽ നൽകുന്നതിൽ ഇരുപതിനായിരം രൂപയിൽ കൂടുതൽ പാടില്ലെന്ന പരിധി കൽപ്പിച്ചിട്ടുണ്ട്. ആ തത്വം തന്നെ വില്പന നികുതിക്കും വാറ്റിനും ജി.എസ്.റ്റി-ക്കും സ്വീകരിക്കേണ്ടത് ആവശ്യമാണ്. സർക്കാർ ആലോചിച്ച് അതിന് നയപരമായ തീരുമാനമെടുക്കുന്നതാണ്. അതിന് നോട്ടിഫിക്കേഷൻ മതി, ആക്ടിൽ വന്നില്ലെങ്കിലും കുഴപ്പമില്ല. ഇതുമായി ബന്ധപ്പെട്ട് ഗൗരവമായ പ്രശ്നം നിലനിൽക്കുന്നുണ്ടെന്ന് ചർച്ചയിൽ വന്നിട്ടുണ്ട്. അതുപോലെ, മറ്റൊരു വിമർശനം വന്നിട്ടുള്ളത് പ്രളയ സെസ്സിനെക്കുറിച്ചാണ്. നമ്മൾ എല്ലാവരും പറഞ്ഞു കൊണ്ടിരുന്നത്, അതായത് ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞുതുടങ്ങിയത് സംസ്ഥാനത്തിന് ജി.എസ്.റ്റി.യിലുള്ള അധികാരം നഷ്ടപ്പെട്ടുവെന്നാണ്. ഇന്ത്യയിൽ ആദ്യമായാണ് പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജി.എസ്.റ്റി. സമ്പ്രദായത്തിന് ഒരു ശതമാനം സെസ് ചുമത്താൻ നമുക്ക് അധികാരം കിട്ടിയത്. ജി.എസ്.ടി. അല്ലെന്നിരിക്കട്ടെ, സാധാരണഗതിയിൽ അധികച്ചെലവ് വരുമ്പോൾ എങ്ങനെയാണ് ചെലവിനായി പണം കണ്ടെത്തുന്നത്; നികുതിയിൽ മാറ്റം വരുത്തും. യു.ഡി.എഫ്- ഭരിച്ചിരുന്ന കാലത്ത് പന്ത്രണ്ടര ശതമാനമുണ്ടായിരുന്ന വാറ്റ് നികുതി രണ്ട് തവണയായി പതിനാലര ശതമാനമായി ഉയർത്തി. കാരണം സാമ്പത്തിക വരുമാനം വർദ്ധിക്കാതെവന്നപ്പോൾ നിരക്ക് വർദ്ധിപ്പിച്ചു. എങ്ങനെയാണ് സംസ്ഥാന സർക്കാരിന് റവന്യൂ വരുമാനം കണ്ടെത്താൻ കഴിയുന്നത്; ഇത് അനിശ്ചിതകാലത്തേയ്ക്കുള്ളതല്ല, ഒരു ചെറിയ കാലഘട്ടത്തിലേയ്ക്കുള്ളതാണ്. അപ്പോൾ അത് ഒഴിവാക്കാൻ പറയുന്നത് ന്യായമല്ല. രണ്ട് വിമർശനങ്ങൾ വന്നാൽ പ്രത്യാഘാതങ്ങളുണ്ടാകുമെന്നുള്ള ആശങ്കയുണ്ട്.

ഒന്ന്-വിലക്കയറ്റം ഉണ്ടാകാം. ഞാനങ്ങനെ കരുതുന്നില്ല. കാരണം എല്ലാ കൺസ്യൂമർ പ്രോഡക്ടിനും മൂന്ന് മുതൽ പന്ത്രണ്ട് ശതമാനംവരെ ജി.എസ്.റ്റി. നിരക്കിൽ നികുതിഭാരം കുറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഒരു ശതമാനം വർദ്ധനവ് അബ്സോർബ് ചെയ്യാവുന്നതേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഏതെങ്കിലും ഉല്പന്നങ്ങളുടെ നികുതി കുറച്ചുകഴിഞ്ഞാൽ മാർക്കറ്റിൽ അവയുടെ വില കുറയാറുണ്ടോ? നികുതി വർദ്ധിപ്പിച്ചാൽ വില കൂടുമെന്നുള്ള കാര്യം നൂറ് ശതമാനം ഉറപ്പാണ്. എന്നാൽ നികുതി കുറയുന്നതിനനുസരിച്ച് ഒരുല്പന്നത്തിന്റെയും വില കുറയുകയില്ല. ഇത് സൈക്കോളജിക്കലാണ്. എല്ലാ ഉല്പന്നങ്ങൾക്കും മാർക്കറ്റ് മനഃപൂർവ്വമായും കൃത്രിമമായും വിലക്കയറ്റം ഉണ്ടാക്കുന്നു. അതാണ് ഞങ്ങൾ ഉന്നയിച്ച പ്രധാനപ്പെട്ട ആരോപണം. മൊത്തത്തിൽ വിലക്കയറ്റമുണ്ടായിരിക്കുന്ന കാലഘട്ടത്തിൽ പ്രളയസെസ്സ് ഏർപ്പെടുത്തുമ്പോൾ അത് മാർക്കറ്റിൽ കൃത്രിമമായി വിലക്കയറ്റം ഉണ്ടാക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു സാഹചര്യം ഉണ്ടാക്കും. പ്രളയംമൂലം ആകെ തകർന്നുനിൽക്കുന്ന ഈ സമയം അതിന് അനുയോജ്യമല്ല എന്നാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നിങ്ങൾ പറഞ്ഞതിനെ ഞാൻ ഇങ്ങനെയാണ് വീക്ഷിക്കുന്നത്. വിലകൂടാൻ പോകുന്നു, വിലകൂടാൻ പോകുന്നുവെന്ന് പറഞ്ഞുകൊണ്ടിരുന്നാൽ വിലകൂടും. കാരണം, വില്പനക്കാർ ശ്രമിക്കുന്നത് വിലക്കയറ്റത്തേക്കാൾ വേഗതയിൽ സാധനത്തിന്റെ വില കൂട്ടാനായിരിക്കും. അതുകൊണ്ട് ഇതല്പം കോംപ്ലിക്കേറ്റഡ് ആണ്. എന്നാൽ ഇവിടെ ശ്രീ. ഇ. കെ. വിജയന്റെ വിമർശനം എന്തെന്നാൽ ട്രേഡ് ഡൈവേർഷൻ വരുമോ എന്നുള്ളതാണ്. അതിൽ ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയ കൺസ്ട്രക്ഷൻ മെറ്റീരിയലിന് 'വാറ്റ്' കാലത്തുണ്ടായ വരുമാനവും ഇപ്പോഴുള്ളതും പരിശോധിച്ചാൽ എന്തൊരു ഇടിവാണ് ഉണ്ടായിട്ടുള്ളതെന്ന് മനസ്സിലാകും. വളരെ വ്യാപകമായിട്ടുള്ള നികുതിവെട്ടിപ്പ് ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഒരു ശതമാനമെന്ന് പറയുന്നത്, അപ്പുറത്ത് പോയി സാധനം വാങ്ങാനുള്ള ഇൻസെന്റീവായി വരില്ല. ഇവിടെയുള്ളവർക്കും കച്ചവടം വേണമെന്ന് ഉണ്ടാകുമല്ലോ; അപ്പോൾ അത്രയും താഴ്ത്തും. കൺസ്യൂമർ ഉല്പന്നങ്ങൾ ഉപയോഗിക്കുന്ന നമ്മൾ കൊക്കകോള കുടിക്കാൻവേണ്ടി ബോർഡർ കടന്ന് പോകണമെന്ന് ചിന്തിക്കില്ല. നിസാര ട്രേഡ് ഡൈവേർഷൻ മാത്രമേ വരികയുള്ളൂ. അതേസമയം 4-5 ശതമാനമാണ് വ്യത്യാസമെങ്കിൽ, അതായിരുന്നു മാഹിയും നമ്മളും തമ്മിലുള്ള പണ്ടത്തെ സ്ഥിതി. പക്ഷെ ഇന്ന് അതല്ല. അതുകൊണ്ട് ആ രീതിയിലുള്ള ട്രേഡ്-ഡൈവേർഷൻ ഉണ്ടാകുമെന്ന് നമ്മൾ കരുതുന്നില്ല.

ചീക്കോട് കുടിവെള്ള പദ്ധതി കഴിഞ്ഞ ഇടതുപക്ഷ മന്ത്രിസഭയുടെ കാലത്തുണ്ടായിരുന്ന പ്രോജക്ട് ആയിരുന്നു. അതിനുശേഷം അഞ്ച് വർഷക്കാലം യു.ഡി.എഫ് ഭരിച്ചിട്ടും ടാങ്ക് പണിതതിനപ്പുറത്തേയ്ക്ക് ഒന്നും എത്തിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നുകഴിഞ്ഞപ്പോൾ ചീക്കോട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി അപേക്ഷ വച്ചു. അത് രാമനാട്ടുകരയിൽനിന്ന് എക്സ്റ്റെന്റ് ചെയ്യണമെന്നതാണ് ആവശ്യമെന്ന് ഞാൻ തെറ്റിദ്ധരിച്ചാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയത്. അതിനുശേഷം ബഹുമാനപ്പെട്ട മെമ്പർ വന്ന് പലവട്ടം പറയുമ്പോഴും എന്റെ മനസ്സിൽ 28 കോടിരൂപ അനുവദിച്ച് അത് അഞ്ച് പാക്കേജുകളിലായി ചെലവാക്കിയിട്ടുണ്ട് എന്നുള്ള രീതിയിൽ ഞാൻ കണ്ടുകൊണ്ടിരുന്നു. എന്നാൽ ഇവിടെ ടാങ്ക് പണിതശേഷം വെള്ളംപോകുന്നത് അപ്പുറത്തേയ്ക്കാണ്, ചീക്കോട് ഭാഗത്തേയ്ക്ക് വെള്ളം വരുന്നില്ല എന്നുള്ളത് കഴിഞ്ഞ യോഗം ചേർന്നപ്പോഴാണ് പൂർണ്ണമായും മനസ്സിലായത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രതിവിധി കാണാമെന്ന് കരുതിയിട്ടുണ്ട്. അതുണ്ടാകും. That will be done. തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ് അങ്ങനെയൊരു പ്രയാസം വന്നുചേർന്നത്.

ശ്രീ. വി. ടി. ബൽറാം പറഞ്ഞ സ്കൂളുകളുടെ ലിസ്റ്റിൽ ബിൽ കിട്ടാത്തവയുടെ കാര്യം പരിശോധിച്ച് മറുപടി പറയാം. എനിക്കുതന്നെ അതിൽ അത്ഭുതം തോന്നുന്നു, എന്താ കാരണമെന്നുള്ളത് പരിശോധിച്ചിട്ട് പറയാം.

ഡോ. എൻ. ജയരാജ്: സർ, ഞാനൊരു കാര്യം സൂചിപ്പിച്ചിരുന്നു. ഐ.ജി.എസ്.റ്റി.-യുടെ അൺ-അലോക്കേറ്റഡായിട്ടുള്ള ഷെയർ സംബന്ധിച്ച് രണ്ട് ഓർഡറോ മറ്റോ ഇറങ്ങിയിട്ടുണ്ട്. പക്ഷേ ഇതുവരെ കൗൺസിലിന്റെ തീരുമാനം അറിയാൻ കഴിഞ്ഞില്ല. അത് എന്താണെന്ന് അറിയണം.

ശ്രീ. വി. ടി. ബൽറാം: സർ, എന്റെ മണ്ഡലത്തിലെ ഒൻപത് വർക്കുകളുടെ കാര്യത്തിലാണ് 2.4 കോടി രൂപയുടെ പെന്റിംഗ് ഉള്ളത്. ഇവിടെ എല്ലാവരുടെയും അനുഭവമാണിത്. ഓരോ ഓഫീസിലും മാസങ്ങളോളംവച്ച് താമസിപ്പിക്കുകയാണ്. എൽ.എസ്.ജി.ഡി വഴിയാണല്ലോ ഇത് നടപ്പിലാക്കുന്നത്. ഒരു ബിൽ കൊടുത്താൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ഒന്നു രണ്ട് മാസം വെറുതെ വയ്ക്കും. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ വന്നാൽ വീണ്ടും രണ്ട് മാസം വയ്ക്കും, ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ വന്നാൽ വീണ്ടും രണ്ട് മാസം വയ്ക്കും. ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽനിന്ന് ഓരോ ബില്ലിനും ഓരോ ക്വറിയിട്ട് താഴെത്തട്ടിലേക്ക് വരും. ഇത് മനഃപൂർവ്വം ഡിലേ വരുത്തുന്നതാണെന്നുള്ള ആക്ഷേപമാണ് എല്ലാവർക്കുമുള്ളത്. എല്ലാ എം.എൽ.എ-മാരും അതിന്റെ പിന്നാലെ നടക്കുകയാണ്. അങ്ങ് അത് പ്രത്യേകം ശ്രദ്ധിക്കണം. ആസ്തിവികസന ഫണ്ട് ബിൽ സമർപ്പിച്ചാൽ സമയബന്ധിതമായി അത് കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പോസിറ്റീവായിട്ടല്ലേ റെസ്പോണ്ട് ചെയ്തത്. വിശദമായി പരിശോധിച്ച് എവിടെയാണോ പിഴവ് വന്നതെന്ന് പഠിച്ച് അതിന് പരിഹാരം കണ്ടെത്താമെന്നാണ് പറഞ്ഞത്. ഡോ. എൻ. ജയരാജ് ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അത് നമ്മുടെ ജി.എസ്.ടി. വരുമാനത്തിന്റെ വർദ്ധനവുമായി ബന്ധപ്പെട്ടതാണ്. നേരത്തെ ഇവിടെ ശ്രീ. ജെയിംസ് മാത്യു പറഞ്ഞതുപോലെ വ്യാപാരികൾ റിട്ടേൺ സമർപ്പിക്കുന്നില്ല, ആന്വൽ റിട്ടേൺ അല്ല മാസംതോറും സമർപ്പിക്കുന്ന റിട്ടേൺ. അത് എല്ലാവരും 6-7 മാസം വച്ച് താമസിപ്പിക്കുകയാണ്. എല്ലാവർക്കും ഇപ്പോൾ നോട്ടീസ് കൊടുക്കുകയും പിഴ ഈടാക്കാനുള്ള പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതുവരെയും പ്രളയവുമായി ബന്ധപ്പെട്ട് ചെയ്തില്ല, അതിനുമുമ്പ് പുതിയ നികുതി ആയതുകൊണ്ട് ചെയ്തില്ല, പക്ഷെ അത് ചെറിയ വ്യാപാരികളല്ല, വലിയ വ്യാപാരികളാണ് റിട്ടേൺ യഥാസമയം സമർപ്പിക്കാതിരിക്കുന്നത്. നികുതി പിരിച്ചിട്ട് 6-7 മാസം കൈവശംവച്ചുകൊണ്ടിരുന്നാൽ പലിശ അത്രയും വലിയ തുകയാകും.

12.00 Noon]

രണ്ടാമത്തേത് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട കാര്യമാണ്. I.G.S.T. കേന്ദ്ര നികുതി വകുപ്പിനാണ് ലഭിക്കുന്നത്. അവിടെനിന്നും പിന്നീട് നമ്മൾ ക്ലെയിം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ നമുക്ക് നൽകേണ്ട ഒന്നാണ്. I.G.S.T. ഭാരം വഹിച്ച ഉൽപ്പന്നം നമ്മുടെ നാട്ടിൽ ആരെങ്കിലും ക്രെഡിറ്റ് എടുക്കുമ്പോഴാണ് നമുക്കത് ക്ലെയിം ചെയ്യാൻ സാധിക്കുന്നത്. അതുവരെയും ഏതാണ്ട് ഒന്നേകാൽ ലക്ഷം കോടി രൂപയുടെ നികുതി കേന്ദ്രത്തിന്റെ കൈവശമാണ്. യഥാർത്ഥത്തിൽ അവരുടെ ways and means ശക്തിപ്പെടുത്താനും എളുപ്പത്തിലാക്കാനുംവേണ്ടി അവരുടെ പബ്ലിക് അക്കൗണ്ടിലേയ്ക്ക് തൽക്കാലം അത് ഉപയോഗിച്ചു കൊണ്ടിരിക്കുകയാണ്. ഡോ. എൻ. ജയരാജ് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇതിന്റെ പകുതി സംസ്ഥാനത്തിന് അർഹതപ്പെട്ടതാണ്. അഡ്വാൻസായി അത് വിതരണം ചെയ്യണമെന്നുള്ളതാണ്. പിന്നീട് അഡ്ജസ്റ്റ് ചെയ്തോട്ടെ. ഇതാണ് സംസ്ഥാനങ്ങൾ അവിടെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ടിൻജന്റായി, താൽക്കാലികമായിട്ടുള്ള സെറ്റിൽമെന്റ് നടത്താൻ അവർ തുടങ്ങിയിട്ടുണ്ട്. എങ്കിലും ഇപ്പോഴും ഒന്നേകാൽ ലക്ഷം കോടി രൂപ കേന്ദ്ര നികുതി വകുപ്പിന്റെ കയ്യിലിരിക്കുകയാണ്. അതിന്റെ

അർഹമായ വിഹിതം വാങ്ങാനുള്ള ശക്തമായ സമ്മർദ്ദം വിവിധ സംസ്ഥാനങ്ങൾ ഇപ്പോൾ ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇത് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത് നല്ലതാണ്. കാരണം നമ്മൾ ഒരിക്കലും ചർച്ച ചെയ്യാത്ത ഒരു കാര്യമാണിത്. പക്ഷേ ഇങ്ങനെ ഗൗരവമായ കാര്യമുണ്ട് എന്നുള്ളത് ശരിയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കിഫ്ബിയുടെ പ്രോജക്ടുകൾ എടുക്കുമ്പോൾ അന്ന് പറയാത്ത ചില മാനദണ്ഡങ്ങൾ പുതുതായി വന്നു. ഉദാഹരണത്തിന് റോഡുകളുടെ കാര്യമെടുക്കാം. മുൻകാലങ്ങളിൽ എട്ട് മീറ്റർ വീതിയുള്ള റോഡുകൾ കിഫ്ബി പാസ്സാക്കിക്കൊടുത്തു. എന്നാൽ ഇപ്പോൾ പത്ത് മീറ്റർ, പന്ത്രണ്ട് മീറ്റർ വീതി വേണമെന്നുള്ള രീതിയിൽ പുതിയ മാനദണ്ഡങ്ങൾ വരുന്നു. അങ്ങനെ പുതിയ മാനദണ്ഡങ്ങൾ വരുന്നതോടുകൂടി നമുക്ക് ഒരു പ്രോജക്ടുമായി മുന്നോട്ടുപോകാൻ കഴിയാത്ത രീതിയിൽ തടസ്സപ്പെട്ടിരിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് നമുക്ക് ചെയ്യാൻ കഴിയില്ല. കിഫ്ബിയിലുൾപ്പെടുത്തി ചെയ്യുന്ന റോഡുകൾക്ക് മിനിമം മാനദണ്ഡം വേണമെന്ന് വളരെ ശക്തമായ നിലപാടാണ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് സ്വീകരിച്ചിട്ടുള്ളത്. സാധാരണഗതിയിൽ സർക്കാർ ഏറ്റെടുക്കുന്ന റോഡുകളുടെ കാര്യങ്ങൾക്കുവേണ്ടി ത്തന്നെ പണം ചെലവഴിക്കാൻ സാധിക്കില്ല. മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയെങ്കിൽ മാത്രമേ നമുക്കിത് വ്യത്യസ്തമായ പ്രോഗ്രാമായി പറഞ്ഞ് പണം വാങ്ങാൻ സാധിക്കു. ഇത് മാറ്റിക്കൊണ്ടിരിക്കുന്ന ഒന്നല്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ലാന്റ് അക്വിസിഷൻ വലിയ പ്രശ്നമാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ലാന്റ് അക്വിസിഷന് കിഫ്ബിയിൽ നിന്നുതന്നെ പണം കൊടുക്കുന്നുണ്ട്. പ്രോജക്ട് ഇല്ലാത്ത പ്രശ്നമില്ലല്ലോ? ബഡ്ജറ്റിൽ പറഞ്ഞ തുകയുടെ രണ്ടും മൂന്നും നാലും മടങ്ങാണ് ഓരോ റോഡിനും ചെലവുവരുന്നത്. റോഡിനെ വളച്ചുകൊണ്ടോ നീട്ടിക്കൊണ്ടോ പോകാം, ഇപ്പോൾ ഓവർ ബ്രിഡ്ജിന്റെ കാര്യം പറഞ്ഞതുപോലെ അത് നമുക്ക് പരിഗണിക്കാവുന്ന കാര്യമേയുള്ളൂ. പക്ഷേ, പത്ത് കോടി രൂപ പറഞ്ഞിട്ട് നാൽപ്പത് കോടി രൂപയുടെ ചെലവുവന്നാൽ അമ്പതിനായിരം കോടി രൂപയിൽ നിൽക്കുമോ? അതിന്റെ എത്രയോ മടങ്ങ് കൂടിപ്പോകും.

ശ്രീ. എം. ഉമ്മർ: സർ, ലാന്റ് അക്വിസിഷനെ സംബന്ധിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞതുപോലെ, പതിനഞ്ച് കിലോമീറ്റർ ദൈർഘ്യമുള്ള റോഡിന് ആകെ ഭൂമി ഏറ്റെടുക്കേണ്ട ഇരുപത് സെന്റ് ഒരു പ്രത്യേക പോയിന്റിലാണ്. പക്ഷേ ആ പോയിന്റിൽ, റോഡിന്റെ ടി.എസ്.-ന് ചെന്നപ്പോൾ, അക്വിസിഷൻ നടപടി കഴിഞ്ഞുമതി എന്നുപറഞ്ഞ് നിർത്തിവച്ചിരിക്കുകയാണ്. എന്നുപറഞ്ഞാൽ പതിനഞ്ചോ ഇരുപതോ സെന്റ് എടുക്കുന്നതിനുവേണ്ടി വർക്കിന് മുഴുവൻ ടി.എസ്. പോലും കൊടുക്കാതെ ആ പ്രോസ്സസ് നിലച്ചിരിക്കുകയാണ്. അക്വിസിഷന് എടുക്കുന്ന സമയമെന്ന് പറയുന്നതും അതിന്റെ പോയിന്റും നോക്കി, പത്തോ ഇരുപതോ സെന്റിനുവേണ്ടി പതിനഞ്ച് കിലോമീറ്റർ ദൈർഘ്യമുള്ള റോഡിന്റെ പ്രവൃത്തി നിർത്തിവച്ചാൽ അത് മൊത്തത്തിൽ ആ പ്രോജക്ട് തന്നെ പോകുന്നതിന് തുല്യമായിരിക്കും. അക്കാര്യം പ്രത്യേകമായി പരിഗണിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അത് വലിയൊരു പ്രതിസന്ധിയാണ്. ഇപ്പോൾ മൂന്ന് കൊല്ലമായി കിഫ്ബിയുടെ ഒരു പദ്ധതിയുണ്ടെന്ന് നമ്മൾ കരുതിയിരിക്കുന്ന ഒരു പ്രോജക്ടിലാണ് പുതിയ നിബന്ധന വന്നതുവഴി അത് ഒഴിവായി പോകുന്നത്. ഇനിയൊരു പുതിയ പദ്ധതി അതിന് കണ്ടെത്താൻ കഴിയില്ല. ഇങ്ങനെയുള്ള പ്രോജക്ടുകൾ കിഫ്ബിയിൽ ഉൾപ്പെടുത്താൻ കഴിയില്ലെങ്കിൽ ഏറ്റവും ചുരുങ്ങിയത് ബഡ്ജറ്റിലെങ്കിലും തുക വകയിരുത്താൻ തീരുമാനം ഉണ്ടാകണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അക്കാര്യം പരിശോധിക്കാം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ,....

ഡോ. ടി. എം. തോമസ് ഐസക്: ഇല്ല, ഇനി നിർത്താം. ശ്രീ. കെ. ബി. ഗണേഷ് കുമാർ, ഇന്ന് സബ്ജക്ട് കമ്മിറ്റി മീറ്റിംഗ് ഉണ്ട്. ഈ പ്രോജക്ടുകളിലെല്ലാം ലാന്റ് അക്വിസിഷൻ ഫസ്റ്റ് ഫെയ്സായി അംഗീകരിച്ച് അതിന് പ്രത്യേകം പണം അനുവദിച്ച് വേഗത്തിലാക്കുന്നതിനുവേണ്ടി കാര്യങ്ങൾ നീക്കുകയാണ്. പലപ്പോഴും നേരേ മറിച്ചും ഉണ്ട്. ഡീറ്റെയിൽഡ് ഡിസൈനിംഗും ഇൻവെസ്റ്റിഗേഷനും പൂർത്തിയാകാൻ കാത്തുനിന്നാൽ താമസംവരും എന്നുള്ളതുകൊണ്ട് മിക്കവാറും എല്ലാ പ്രോജക്ടുകൾക്കും ലാൻഡ് അക്വിസിഷൻ ആദ്യത്തെ ഫെയ്സായി വച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്.

പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പിൽ 19 വാർഡ് ലഭിച്ചതിൽ നിങ്ങൾ ഇത്ര സന്തോഷിക്കുന്നതെന്താണെന്ന് ശ്രീ. വി. ടി. ബൽറാം ഇന്ന് ചോദിച്ചു. ഞങ്ങളുടെ രാഷ്ട്രീയ നിലപാട്, ലോക്സഭാ തെരഞ്ഞെടുപ്പിൽ ദേശീയ രാഷ്ട്രീയത്തിന്റെ പ്രതിഫലനമാണ് ഉണ്ടായിട്ടുള്ളത്. അതുവച്ച് കേരളത്തിലെ രാഷ്ട്രീയ ബലാബലത്തെ നിങ്ങൾ അളക്കണ്ട. അതല്ല കേരളത്തിലെ രാഷ്ട്രീയ ബലാബലം എന്നുള്ള ഞങ്ങളുടെ നിലപാട് ഈ ഉപതെരഞ്ഞെടുപ്പുകൾ സാധൂകരിക്കുന്നു. അതാണ് ഞങ്ങൾ ഇത്ര സന്തോഷിച്ചത്.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. മുഹമ്മദ് മുഹസിൻ പി., 2019-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. മുഹമ്മദ് മുഹസിൻ പി. അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം, 2019-ലെ കേരള ധനകാര്യ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2019-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെയും ആഭ്യന്തരകാര്യങ്ങൾ

സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ.....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂലൈ മാസം 1-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.08-ന് പിരിഞ്ഞു)